# സഭയെപ്രതി



മാർ ജോസഫ് പവ്വത്തിലിന്റെ
ചരിത്രപ്രധാന നിലപാടുകൾ

ജോസ് ടി.യും ലീന ജോസ് ടി.യും
ചേർന്നു രേഖപ്പെടുത്തുന്നു

# സഭയെപ്രതി

# സഭയെപ്രതി

മാർ ജോസഫ് പവ്വത്തിലിന്റെ
ചരിത്രപ്രധാന നിലപാടുകൾ

**ജോസ് ടി.യും ലീന ജോസ് ടി.യും**
ചേർന്നു രേഖപ്പെടുത്തുന്നു

അവതാരിക
**മാർ ജോസഫ് കല്ലറങ്ങാട്ട്**

**കുടുംബജ്യോതിസ് പബ്ലിക്കേഷൻസ്**
ചങ്ങനാശേരി

**2007**

# Sabhayeprathi

- Mar Joseph Powathilinte
Charithrapradhana Nilapadukal
(Malayalam)
by
**Jose T. Thomas & Prof. Leena Jose T.**

First Published: 19 March 2007

Published by Fr. Jose Thekkepurathu
for
Kudumbajyothis Publications,
Family Life Centre, Archbishop's House,
Changanacherry 686 101
Tel: 0481-2420349, 2424476

Copyright: Kudumbajyothis Publications

Typeset : Dejon Graphics

Cover Photo : Binu Othara

Designed by milen jacob at the gratia design studio

Printed at St. Joseph's Orphanage Press, Changanacherry

**Price: Rs. 70**

# ഉള്ളടക്കം

*അവതാരിക* *7*

*ആമുഖം* *15*

1. സഭയെന്ന വികാരം 17

ഒന്നാം ഭാഗം

**പ്രബോധനങ്ങൾ, നിലപാടുകൾ**

2. കുർബാനാനുഭവം വിശ്വാസാനുഭവം 29
3. ഈ പൈതൃകം എങ്ങും പ്രസക്തം 39
4. മതസ്വാതന്ത്ര്യം കാക്കാൻ വിദ്യാഭ്യാസസ്വാതന്ത്ര്യം 59

രണ്ടാം ഭാഗം

**ചരിത്ര പശ്ചാത്തലങ്ങൾ**

5. ഉറവിടങ്ങളിലേക്കു മടങ്ങുക 69
6. ഉണർത്താം, പങ്കാളിത്തം വളർത്താം 77

മൂന്നാം ഭാഗം

**നിരീക്ഷണങ്ങൾ**

7. ഇനിയുമുണ്ട് ദൂരം 87

*അനുബന്ധം* *99*

അവതാരിക

# സഭയുടെ മനസ്സ് ജീവിതപ്രമാണം

മാർ ജോസഫ് കല്ലറങ്ങാട്ട്

വിശുദ്ധ ഗ്രന്ഥത്തിന്റെയും ആദിമ സഭാപാരമ്പര്യത്തിന്റെയും, പ്രത്യേകിച്ച് ക്രൈസ്തവസഭയുടെ ഈറ്റില്ലമായി ഭവിച്ചതും ദൈവപരിപാലനയിൽ സ്വപൈതൃകമായി മാറിയതുമായ പൗരസ്ത്യ സുറിയാനി സഭാപാരമ്പര്യത്തിന്റെയും ചുവടുപിടിച്ചുകൊണ്ട്, ആരാധനയും ദൈവശാസ്ത്രവും തമ്മിലുള്ള ബന്ധത്തിന്റെ അനന്യത ഉയർത്തിക്കാട്ടിയ വിശ്വസ്തനായ 'കാര്യസ്ഥനും' സഭാശുശ്രൂഷിയുമായ ആദ്ധ്യാത്മികാചാര്യനാണ് അഭിവന്ദ്യ പവ്വത്തിൽ മാർ ജോസഫ് പിതാവ്. ശ്ലീഹന്മാരാകുന്ന അടിത്തറമേൽ പണിയപ്പെട്ട സഭാസൗധത്തിൽ, ഒരു മെത്രാനെന്ന നിലയിൽ ശ്ലീഹായുടെ പിൻഗാമിയായി തനിക്കു ലഭിച്ച ശ്ലൈഹികാധികാരത്തെ മുപ്പത്തഞ്ചു വർഷക്കാലം വിശ്വസ്തതയോടെ പുലർത്തി സഭയുടെ ശ്ലൈഹികപാരമ്പര്യത്തെ അഭംഗുരം സംരക്ഷിച്ച ഈ സഭാസ്നേഹിയുടെ ദൈവശാസ്ത്രശൈലിയുടെ ഊടും പാവും ആരാധനാജീവിതമാണ്.

പ്രാർത്ഥന അഥവാ ആരാധനയാണു ദൈവശാസ്ത്രത്തെ രൂപവത്ക്കരിക്കേണ്ടത്. പ്രാർത്ഥനയെന്നു പറയുമ്പോൾ വിശുദ്ധ കുർബ്ബാനക്രമം മാത്രമല്ല, ഒരു ആരാധനക്രമം രൂപംകൊണ്ട എല്ലാ സജീവപാരമ്പര്യങ്ങളും ഇവിടെ അർത്ഥമാക്കുന്നു. ഇപ്രകാരം ആരാധനയിൽനിന്നു രൂപമെടുക്കുന്ന ദൈവശാസ്ത്രത്തിനാണ് 'ലിറ്റർജിക്കൽ തിയോളജി' (ആരാധനാധിഷ്ഠത ദൈവശാസ്ത്രം) എന്നു പറയുന്നത്. സഭയുടെ സജീവപാരമ്പര്യത്തിൽനിന്ന് ഉയിർക്കൊള്ളുന്ന പ്രാർത്ഥനയുടെ നിയമത്തെയും വിശ്വാസത്തിന്റെ നിയമത്തെയും പരിപോഷിപ്പിക്കുന്നതും അഭംഗുരമായും അവികലമായും അതു കാത്തു സൂക്ഷിക്കേണ്ടതും സഭയാണ്.

പ്രത്യേകിച്ച്, സഭയിൽ ശ്ലൈഹികാധികാരം ലഭിച്ചിരിക്കുന്ന മെത്രാന്റെ ചുമതലയാണത്. അതുകൊണ്ടാണ് ദൈവാരാധനയെയും പ്രേഷിതപ്രവർത്തനങ്ങളെയും സംബന്ധിക്കുന്ന സമസ്തവും നിയന്ത്രിക്കാൻ കർത്താവിന്റെ മുമ്പിൽ മെത്രാന്മാർക്കു പരിപാവനമായ അവകാശവും കടമയുമുണ്ട് എന്നു സഭ പഠിപ്പിക്കുന്നത് (തിരുസ്സഭ 27). വീണ്ടും വിശുദ്ധ ഇരണേവൂസ് സാക്ഷ്യപ്പെടുത്തുന്നതുപോലെ, ശ്ലീഹാന്മാരുടെ പിൻഗാമികളായ മെത്രാന്മാർവഴിയാണ് ശ്ലൈഹികപാരമ്പര്യം ലോകമെല്ലായിടത്തും അവതരിപ്പിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നത്. അതുകൊണ്ടു പ്രാർത്ഥനയുടെ നിയമത്തെ വിശ്വാസത്തിന്റെ നിയമമായി എന്നെന്നും കാത്തു പരിപാലിക്കാൻ സവിശേഷമായ കടമ മെത്രാന്മാർക്കുണ്ട്.

ഏതൊരു ദൈവശാസ്ത്രവിചിന്തനത്തിനും സഭാത്മകമായ ഒരു ദർശനം ഉണ്ടായിരിക്കുമ്പോൾമാത്രമേ ആ വിഷയം ആരാധനാധിഷ്ഠിത ദൈവശാസ്ത്രമാവുകയുള്ളൂ. ആരാധനാധിഷ്ഠിത ദൈവശാസ്ത്രമെന്നതു കേവലം ആരാധനക്രമത്തെക്കുറിച്ചുമാത്രമുള്ള പഠനമല്ല; മറ്റെല്ലാ ദൈവശാസ്ത്രവിഷയങ്ങളും ആരാധനക്രമത്തിലേക്ക് ഒതുക്കണമെന്നുമല്ല; പ്രത്യുത, ദൈവശാസ്ത്രവിചിന്തനങ്ങളിലും പഠനങ്ങളിലും സഭയുടെ വിശ്വാസത്തിനു പരമപ്രാധാന്യം നല്കണമെന്നും ഈ വിശ്വാസമാണു സഭ ആരാധനയിലൂടെ എന്നും പ്രഘോഷിക്കുന്നത് എന്നുമാണ്. പൗരസ്ത്യസഭാപാരമ്പര്യം, പൗരസ്ത്യ ദൈവശാസസ്ത്രം എന്നൊക്കെ പറയുന്നത് ലിറ്റർജി മാത്രമല്ല, മറ്റു പലതും ഇത് ഉൾക്കൊള്ളുന്നുണ്ട്. പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയം പ്രസിദ്ധീകരിച്ച ലിറ്റർജിയും പൗരസ്ത്യ കാനൻ സംഹിതയും സംബന്ധിച്ച അനുശാസനങ്ങളിൽ ഇതു വളരെ സ്പഷ്ടമായി വ്യക്തമാക്കുന്നുണ്ട്:

“പൗരസ്ത്യസഭകളുടെ പ്രത്യേക പിതൃസ്വത്തിനെ ലിറ്റർജിയുടെ തലത്തിലേക്കു മാത്രമായി ചുരുക്കാനുള്ള പ്രവണത തീർച്ചയായും പ്രോത്സാഹിപ്പിച്ചുകൂടാ. കർമ്മങ്ങളുടെ പരിശുദ്ധിയുടെ സ്വാധീനംമൂലമുള്ള ആകർഷണവും കാവ്യാത്മകമായ പ്രാർത്ഥനകൾ ഉണർത്തുന്ന തീവ്രമായ വികാരവും ബാഹ്യമോ അനുഭൂതിപരമോ ആയ വശത്തിന് അമിതമായ പ്രാധാന്യം കൊടുക്കാൻ ഇടയാക്കിയിട്ടുണ്ട്. ജീവിതവുമായി ലിറ്റർജിക്കുണ്ടായിരിക്കേണ്ട അവശ്യമായ ബന്ധം നിഷേധിക്കുന്നവർക്ക് ഇത് എളുപ്പമുള്ള അഭയസ്ഥാനമാണ്. ആരാധനാപൈതൃകംമാത്രമാണ് തങ്ങൾക്കു പ്രത്യേകമായി ഉള്ളതെന്നു കരുതാൻ ഈ വസ്തുത പൗരസ്ത്യകത്തോലിക്കരെ ചിലപ്പോൾ പ്രേരിപ്പിച്ചിട്ടുണ്ട്. ആദ്ധ്യാത്മികത

യുടെ ഇതരവശങ്ങളെസംബന്ധിച്ചിടത്തോളം, സാർവ്വത്രികസഭയ്ക്കു മുഴുവൻ പൊതുവാണെന്നുള്ള ധാരണയിൽ പാശ്ചാത്യരീതികളോട് അനുരൂപപ്പെടാനാണ് അവർ ശ്രദ്ധിച്ചത്. പ്രത്യേക ശിക്ഷണരീതികൾക്കു പ്രാധാന്യം കല്പിക്കപ്പെട്ടതുപോലെതന്നെ, സാർവ്വത്രികസഭയുടെ അവിഭക്ത പൈതൃകത്തിന്റെ ഭാഗമെന്ന നിലയിൽ പൗരസ്ത്യദൈവശാസ്ത്രങ്ങളുടേയും ആദ്ധ്യാത്മികതകളുടേയും മൂല്യം മനസ്സിലാക്കിത്തുടങ്ങിയതുംഅടുത്തകാലത്തെ കണ്ടെത്തലാണ്" (Instruction ., No.13)

ഇത്തരണുത്തിൽ രണ്ടാം വത്തിക്കാൻ സൂനഹദോസ്സിന്റെ പ്രബോധനവും പ്രസ്താവയോഗ്യമാണ്: "വിശ്വാസൈക്യവും സാർവത്രികസഭയുടെ ദൈവികമായ ഘടനാവിശേഷവും നിലനിർത്തിക്കൊണ്ടുപോകുന്ന പ്രസ്തുത സമൂഹങ്ങൾ സ്വന്തമായ ശിക്ഷണക്രമത്താലും ആരാധനാവിധികളാലും ദൈവശാസ്ത്രപരവും ആദ്ധ്യാത്മികവുമായ പിതൃധനത്താലും അലംകൃതങ്ങളത്രേ" (തിരുസഭ 23). ഇവ്വിധമുള്ള സഭാത്മകമായ ഒരു ജീവിതശൈലിയും ദൈവശാസ്ത്രവീക്ഷണവും കരുപ്പിടിച്ച വ്യക്തിത്വത്തിന്റെ ഉടമയാണ് അഭിവന്ദ്യ പവ്വത്തിൽ പിതാവ്. അദ്ദേഹത്തിന്റെതന്നെ വാക്കുകളിൽ "നമ്മുടെ വിശ്വാസം സഭാത്മകമായ വിശ്വാസമാണ്. ഈ സഭാത്മകവിശ്വാസത്തിന്റെ സമ്പന്നതയും വൈവിധ്യവും പ്രകടമാകുന്നത് ആരാധനയിലാണ്" (സഭ ആരാധനയിൽ, 329). "സഭയോടു ബന്ധപ്പെടുത്താതെ നമുക്കു ക്രൈസ്തവത്വത്തെ നിർവ്വചിക്കാനാവില്ല. ഒരുവൻ വിശ്വാസം സ്വീകരിക്കുന്നതു സഭയിൽനിന്നാണ്. സഭയുടെ അധികാരമില്ലാത്ത വിശ്വാസം സത്യവിശ്വാസമാവില്ല. നമ്മുടെ വിശ്വാസം വളർത്തിയെടുക്കാനും പക്വതയുള്ളതാക്കിത്തീർക്കാനും കഴിയുന്നതു സഭയുടെ വിശ്വാസാനുഭവത്തിൽ പങ്കുകാരാകുന്നതിലൂടെയാണ്" (സഭ ആരാധനയിൽ, 65). ചുരുക്കത്തിൽ സഭയിലൂടെ, സഭയുടെ വിശ്വാസാനുഭവത്തിന്റെ ഏറ്റം സമ്പന്നപ്രകടനമായ ആരാധനയിലൂടെ, ക്രൈസ്തവജീവിതത്തെ നോക്കിക്കാണുന്ന ദൈവശാസ്ത്രത്തെ രൂപപ്പെടുത്തുന്ന ഒരു ചിന്താധാരയുടെ ഉടമയും വക്താവുമാണ് അഭിവന്ദ്യ പിതാവ്.

സീറോമലബാർസഭയുടെ ചരിത്രത്തിൽ തനിമായാർന്ന ഒരു ദൈവശാസ്ത്രരീതി- അത് ആരാധനയിൽ ഉരുത്തിരിയുന്ന ആദ്ധ്യാത്മികതതന്നെയാണ്- ഉയർത്തിക്കാട്ടി എന്നതാണ് അഭിവന്ദ്യ പിതാവിന്റെ ദൈവശാസ്ത്രതലത്തിലെ ഏറ്റം വലിയ നേട്ടം. അദ്ദേഹത്തിന്റെ ദർശനത്തിന്റെ തനിമയും അതുതന്നെ. പ്രസിദ്ധരായ പല ദൈവശാസ്ത്രജ്ഞന്മാരും ഉയർത്തിക്കാട്ടുന്ന ഒരു ദർശനമാണ് അദ്ദേഹത്തിന്റേതും. ആഴമേറിയ

പഠനവും സഭയോടുള്ള പ്രതിബദ്ധതയും സഭാപ്രബോധനങ്ങളോടുള്ള വിശ്വസ്തതയും അദ്ദേഹത്തിനു നേടിക്കൊടുത്തതാണ് ഉദാത്തമായ ഈ ദർശനം. ഈ ദർശനത്തിലേക്കു കടന്നുവരാൻ അദ്ദേഹത്തിന്റെ ചിന്തകളെ ഏറെ സ്വാധീനിച്ചത് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനങ്ങളാണ്. സഭയുടെ സുഗമമായ വളർച്ചയ്ക്കും വിശ്വാസപരിപോഷണത്തിനും ആരാധനയിലധിഷ്ഠിതമായ ജീവിതത്തിന്റെ ആവശ്യകത ആധുനികകാലത്തു വ്യക്തമാക്കിയത് കൗൺസിലാണല്ലോ. കാരണം ആദിമ സഭാപൈതൃകത്തിൽനിന്നു വ്യതിചലിച്ച സഭയിൽ മധ്യശതകങ്ങളിൽ ആരാധനക്രമത്തിലും ദൈവശാസ്ത്രത്തിലും ഒരുതരം അരാജകത്വം നടമാടി. ആരാധനയോടു ബന്ധമില്ലാത്ത കേവലം ബൗദ്ധികമായ ദൈവശാസ്ത്രവിശകലനരീതികൾ പാശ്ചാത്യസഭയിലും ഒരു പരിധിവരെ പൗരസ്ത്യസഭകളിലും ഉടലെടുത്തു. എന്നാൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ, ദൈവശാസ്ത്രം ഉറവിടങ്ങളിൽ അധിഷ്ഠിതമായിരിക്കണമെന്ന ചിന്ത രംഗപ്രവേശം ചെയ്തു. അതിന്റെ പരിണിതഫലം പ്രകടമായിക്കണ്ടത് 'ആരാധനാക്രമം' എന്ന പ്രമാണരേഖയിലാണ്.

സഭയുടെ നവീകരണം ലക്ഷ്യംവച്ച കൗൺസിൽ ആദ്യമായി അംഗീകരിച്ചു പ്രസിദ്ധപ്പെടുത്തിയ രേഖ ആരാധനക്രമത്തെക്കുറിച്ചുള്ളതായിരുന്നല്ലോ. അതിനുള്ള മുഖ്യകാരണവും ഉത്തരവും അഭിവന്ദ്യ പവ്വത്തിൽ പിതാവ് കണ്ടെത്തുന്നത് അതേ പ്രമാണരേഖയിൽനിന്നുതന്നെയാണ്: "ആരാധനക്രമത്തിൽ പൂർണ്ണമായ ദൈവാരാധന നിർവ്വഹിക്കുന്നതു മിശിഹായുടെ മൗതികശരീരമാണ്. അതായത്, ശിരസ്സും അംഗങ്ങളുമാണ്. അതിനാൽ, ആരാധനക്രമത്തിലെ ഓരോ തിരുക്കർമ്മവും പുരോഹിതനായ മിശിഹായുടെയും അവിടുത്തെ ശരീരമായ സഭയുടെയും പ്രവൃത്തിയാകയാൽ അതു വിശിഷ്ടവും ഉത്കൃഷ്ടവുമാണ്. സഭയുടെ മറ്റു യാതൊരു പ്രവർത്തനവും വൈശിഷ്ട്യത്തിലും ഫലദായകത്വത്തിലും ഇവയെ പിന്നിലാക്കാൻ പോരുന്നതല്ല" (ആരാധനക്രമം, 7). "ആയതിനാൽ സഭയുടെ പ്രവർത്തനംതന്നെ ആരാധനക്രമമാകുന്ന അത്യുച്ചസ്ഥാനത്തേക്കാണു തിരിഞ്ഞിരിക്കുന്നത്. അതുവഴി അവളുടെ ശക്തി മുഴുവൻ നിർഗ്ഗളിക്കുന്നതും അവിടെനിന്നുതന്നെ"(ആരാധനക്രമം 10). കൗൺസിൽ രേഖ പ്രസ്താവിക്കുന്ന ഈ വസ്തുത വിരൽചൂണ്ടുന്നത്, സഭയുടെ ആരാധന എങ്ങനെയോ അങ്ങനെയായിരിക്കും സഭ ആയിത്തീരുന്നത് എന്ന വസ്തുതയിലേക്കാണ്. ആരാധനക്രമത്തിനു പരമോന്നതസ്ഥാനം നല്കി അതിനെ സഭയുടെ ഹൃദയഭാഗത്തു പ്രതിഷ്ഠിച്ചുകൊണ്ട്, അതിൽനിന്നു നിർഗ്ഗളിക്കുന്ന ജീവചൈതന്യത്തിലൂടെ സഭയെ

സജീവവും നവീകൃതവുമാക്കാനാണ് കൗൺസിൽ പിതാക്കന്മാർ ശ്രമിച്ചത്. ഈ സത്യം നന്നായി ഗ്രഹിച്ചതുകൊണ്ടാണ് അഭിവന്ദ്യ പവ്വത്തിൽ പിതാവ് സഭയിൽ ആരാധനയ്ക്കുള്ള പ്രാമുഖ്യം എടുത്തുപറയുന്നതും സഭയുടെ എല്ലാ തലങ്ങളെയും പ്രവർത്തനങ്ങളെയും അതു സ്വാധീനിക്കത്തക്കവിധം സർവ്വോത്കൃഷ്ടമായ, പരമമായ പ്രവൃത്തിയായി അതിനെ കരുതണമെന്ന് ഉദ്ബോധിപ്പിക്കുന്നതും.

ഇത് അദ്ദേഹത്തിന്റെ വ്യക്തിപരമായ അഭിപ്രായം എന്നതിനേക്കാൾ സാർവ്വത്രികസഭയുടെ മനസ്സും അവബോധവുമാണ്. സഭയുടെ മനസ്സ് സ്വജീവിതപ്രമാണമാക്കിക്കൊണ്ട് ക്രൈസ്തവജീവിതത്തിന്റെയും സഭാശുശ്രൂഷയുടെയും അജപാലന പ്രേഷിതയത്നങ്ങളുടെയും പ്രബോധനങ്ങളുടെയും ദൈവശാസ്ത്രചിന്തയുടെയും കേന്ദ്രമാക്കി അതിനെ മാറ്റി എന്നതാണ് അഭിവന്ദ്യ പിതാവിന്റെ ഔന്നത്യവും തനിമയും.

ഓരോ സഭയുടെയും വിശ്വാസം ഉറഞ്ഞുകൂടിയതാണ് അതിന്റെ ആരാധനക്രമം. ശ്ലീഹന്മാരുടെ വിശ്വാസപൈതൃകത്തെ ആധാരമാക്കി ശ്ലൈഹിക പാരമ്പര്യത്തോട് ഏറ്റം അടുത്തു സഹവസിച്ച സഭാപിതാക്കന്മാരുടെയും ആരാധനാസമൂഹത്തിന്റെയും അനുഭവവും ഉൾക്കാഴ്ചകളും ഉൾച്ചേർന്നു നിയതരൂപം പ്രാപിച്ചവയാണ് ആരാധനക്രമങ്ങൾ. സുവിശേഷങ്ങൾ എല്ലാക്കാലത്തും എല്ലാ ജനതയ്ക്കും മാറ്റമില്ലാത്ത ദൈവാവിഷ്കരണ ഉറവിടമായിരിക്കുന്നതുപോലെ ഓരോ ശ്ലൈഹിക പാരമ്പര്യം സ്വന്തമായിരിക്കുന്ന സഭകളെസംബന്ധിച്ചും ആ പാരമ്പര്യത്തിലധിഷ്ഠിതമായി രൂപംകൊണ്ട ആരാധനക്രമങ്ങൾ അവർ ഏതു രാജ്യത്തിലോ ഭൂഖണ്ഡത്തിലോ ആയിരുന്നാലും എല്ലാക്കാലത്തും മാറ്റമില്ലാതെ നിലകൊള്ളേണ്ട മറ്റൊരു ദൈവാവിഷ്കരണ സ്രോതസ്സാണ്. അതുകൊണ്ടാണു കത്തോലിക്കസഭയിൽ വിവിധ ആരാധനക്രമ കുടുംബങ്ങളിലായി 22 കത്തോലിക്കസഭകൾ നിലകൊള്ളുക. അതുകൊണ്ടു തന്നെയാണു ആരാധനക്രമത്തെ അവികലമായി കാത്തുസംരക്ഷിക്കണമെന്നും സ്വാഭീഷ്ടപ്രകാരം അതിൽ മാറ്റങ്ങൾ വരുത്താൻ പാടില്ലെന്നും സഭ നിഷ്കർഷിക്കുന്നതും (പൗരസ്ത്യസഭകൾ, 6; Instruction on certain norms concerning the worship of the Eucharistic Mystery, 3rd April, 1980). അതിനാൽ മാറിമാറി വരുന്ന ചിന്താധാരകൾക്കും പ്രത്യയശാസ്ത്രങ്ങൾക്കുമനുസൃതം ആരാധനക്രമത്തെ മാറ്റിമറിക്കുന്നതും വ്യതിയാനങ്ങൾ വരുത്തുന്നതും സഭയുടെ നിലപാടിനു ചേർന്നതല്ല. കാരണം, ആരാധനയിലൂടെ ആഘോഷിക്കപ്പെടുന്നത് ദൈവികരഹസ്യങ്ങളാണ്;

മിശിഹാസംഭവമാണ്. ഒറ്റപ്പെട്ട വ്യക്തികളുടെയോ സമൂഹങ്ങളുടെയോ ആശയങ്ങളെക്കാൾ സഭ നല്കുന്ന പൊതുവായ മാനദണ്ഡങ്ങളാണ് സ്വീകാര്യമായിട്ടുള്ളത്. ഈ വസ്തുത നേരത്തെതന്നെ വ്യക്തമായി മനസ്സിലാക്കിയതുകൊണ്ടാണ് അഭിവന്ദ്യ പവ്വത്തിൽ പിതാവ്, എപ്പോഴും സഭയുടെ ഔദ്യോഗിക പ്രബോധനാധികാരത്തോടെ നല്കപ്പെടുന്ന നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും അനുസരിക്കാനും കൗൺസിൽ പഠനങ്ങളിൽ വേരുറപ്പിച്ചുകൊണ്ട് ആരാധനക്രമത്തെ അതിന്റെ ആദിമപരിശുദ്ധിയിൽ പാലിക്കാനും ബദ്ധശ്രദ്ധനായത്.

1995 ഡിസംബറിൽ ലെബനോനിലെ വിവിധ റീത്തിൽപ്പെട്ട മെത്രാന്മാരുടെ ഒരു സൂനഹദോസ് റോമിൽ സമ്മേളിച്ചിരിക്കെ ആരാധനക്രമത്തിൽ വരുത്തേണ്ട വലിയ പരിഷ്കാരങ്ങൾക്കുവേണ്ടി അവർ വാദിച്ചപ്പോൾ കർദ്ദിനാൾ റാറ്റ്സിംഗർ (ഇപ്പോഴത്തെ പരിശുദ്ധ പിതാവ്) പറഞ്ഞത് ഇവിടെ സ്മരണീയമാണ്: “എനിക്കുള്ള വിസ്മയം ജനങ്ങളുടെ ഈ മനോഭാവം എന്താണെന്നുള്ളതാണ്. നാം ഇവിടെ ചിന്തിക്കുന്നതു മാദ്ധ്യമങ്ങൾ മെനഞ്ഞെടുത്തു പ്രചരിപ്പിക്കുന്ന ഉപരിവിപ്ലവമായ മനോഭാവമാണോ? അതോ, ജ്ഞാനികളിൽനിന്നും വിവേകികളിൽനിന്നും മറച്ചുവയ്ക്കപ്പെട്ടിരിക്കുന്നത് (മത്താ 11:25) വിശ്വാസത്തിന്റെ ദൃഷ്ടികൾ കൊണ്ടു കാണുവാൻ കഴിവുള്ള നിഷ്കപടഹൃദയരെ ആണോ? ആദ്യത്തെ ചിന്താസരണി പിൻതുടരുന്നപക്ഷം അതു താമസമെന്യേ ലിറ്റർജിയെ അധഃപതിപ്പിക്കും. പാശ്ചാത്യലോകത്ത് ഇതിനുള്ള പരിതാപകരമായ ഉദാഹരണങ്ങളുണ്ട്. പൗരസ്ത്യർ തെറ്റായ ഈ മാർഗ്ഗം സ്വീകരിക്കരുത്. അഗാധവും യഥാർത്ഥവുമായ പരിഷ്കാരം ആരാധനാഗ്രന്ഥങ്ങളുടേതല്ല, ഹൃദയങ്ങളുടേതാണ്. അതായത്, ലിറ്റർജി സംബന്ധിച്ചു പുതിയൊരു പരിശീലനം, പ്രാർത്ഥിക്കുന്നതിനുള്ള പുതിയ പരിശീലനം ആണ് ആവശ്യം.”

കർദ്ദിനാൾ റാറ്റ്സിംഗർ 1995-ൽ പറഞ്ഞ ഈ പുതിയ പരിശീലനമാണ് അഭിവന്ദ്യ പവ്വത്തിൽ പിതാവ് മുപ്പത്തഞ്ചു വർഷമായി നല്കിക്കൊണ്ടിരിക്കുന്നത്. ഈ പരിശീലനപദ്ധതിയാണു ജീവിതവ്രതമായി അദ്ദേഹം സ്വീകരിച്ചിരിക്കുന്നത്. ഇത്തരത്തിലുള്ള ആഴമേറിയ ഒരു ദൈവശാസ്ത്രശൈലി അദ്ദേഹത്തിനു കൈമുതലായിട്ടുള്ളതുകൊണ്ടാണ് ക്രിസ്തീയജീവിതത്തോടും ആദ്ധ്യാത്മികതയോടും ബന്ധപ്പെട്ട കാര്യങ്ങളെ വേണ്ട രീതിയിൽ സംയോജിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞത്. ഏറെ നൂറ്റാണ്ടുകൾ നിലനിന്നതും ഇന്നും ബഹുഭൂരിപക്ഷവും ഉത്തമമായതെന്നു ബോദ്ധ്യപ്പെട്ടു മുറുകെപ്പിടിക്കുന്നതുമായ സ്കൊളാസ്റ്റിക്ക്

ദൈവശാസ്ത്രചിന്തയുടെയും ധ്രുവീകരിക്കപ്പെട്ട സഭാരാധനാ ജീവിത ശൈലിയുടെയും തലത്തിൽനിന്നു വീരോചിതമായി, ശ്രദ്ധാർഹമായി മാറി നിന്നുകൊണ്ട് ആദിമസഭയുടെ ദൈവശാസ്ത്രശൈലിക്കനുസൃതമായി സമഗ്രമായ ഒരു ദർശനം കാഴ്ചവയ്ക്കാൻ അദ്ദേഹത്തിനു സാധിച്ചു എന്നതു നിസ്സാരകാര്യമല്ല. ആരാധനയും സഭയും തമ്മിലും ആദ്ധ്യാത്മികതയും ദൈവശാസ്ത്രവും തമ്മിലുമുള്ള ആഴമേറിയ ബന്ധം വെളിച്ചത്തുകൊണ്ടുവരാൻ സാധിച്ച അദ്ദേഹത്തിന്റെ ധിഷണാവൈഭവവും ക്രാന്തദർശിത്വവും ആരാലാണ് അംഗീകരിക്കപ്പെടാതിരിക്കുക. സഭയെ സ്വന്തം അമ്മയെപ്പോലെ കാണുന്ന, സ്നേഹിക്കുന്ന, "എനിക്കു ജീവിക്കുക സഭയാണ" എന്നുദ്ഘോഷിക്കുന്ന അദ്ദേഹത്തിന് മാതൃസഭയുടെ കാര്യത്തിലുള്ള താത്പര്യവും അതിന്റെ വ്യക്തിത്വ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള അദമ്യമായ ആഗ്രഹവുമാണ് പ്രതിസന്ധികളുടേയും പ്രകോപനങ്ങളുടേയും മദ്ധ്യത്തിലും അടിപതറാതെ നില്ക്കാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നത്. ഉദാത്തമായ ഈ പരിശ്രമങ്ങൾക്കുപിന്നിൽ അടിപതറാത്ത വിശ്വാസദാർഢ്യവും ഈടുറ്റ ആദ്ധ്യാത്മികതയും ഉണ്ടെന്നുള്ളത് അവിതർക്കിതമാണ്.

അദ്ദേഹം എഴുതുന്നു : "ആരാധനയുടെയും ആദ്ധ്യാത്മികതയുടെയും കൈവഴികൾ സഭയുടെ വിശ്വാസത്തിന്റെതന്നെ കൈവഴികളാണെന്നും അവയിൽനിന്നു വേർപെട്ട വിശ്വാസാനുഭവം ഇല്ലെന്നും പലർക്കും അറിവില്ല. വിശ്വാസാനുഭവം ആരംഭംമുതലേ വിവിധ രീതികളിലാണു ലഭ്യമായിട്ടുള്ളതെന്നും ആദ്യകാലത്തു നിയതരൂപം പ്രാപിച്ച വിശ്വാസസമൂഹങ്ങളോടു ബന്ധപ്പെടാതെ നമുക്കു വിശ്വാസം സ്വീകരിക്കാൻപോലും പറ്റില്ല എന്നുമുള്ള കാര്യങ്ങളൊക്കെ നാം പരിഗണിക്കേണ്ടിയിരിക്കുന്നു." രക്ഷാകരപദ്ധതിയുടെ സഭാത്മകഭാവം ശരിക്കും വിവേചിച്ചറിഞ്ഞ വ്യക്തിയെയാണ് ഇവിടെ കാണുക.

ഉറവിടങ്ങളിൽ അധിഷ്ഠിതമായ ദൈവശാസ്ത്രവിശകലനരീതി വഴി മറ്റു ക്രൈസ്തവസഭകളുമായി വളരെ ആഴത്തിലുള്ള സഭൈക്യസംവാദത്തിലേക്കും ചർച്ചകളിലേക്കും കടന്നുവരുന്നതിനു പിതാവിനു കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പംതന്നെ, പിതാവിന്റെ ദൈവശാസ്ത്രപദ്ധതി ഭാരത സംസ്കാരത്തിന്റെ മഹോന്നതമായ വശങ്ങളെ അദ്ഭുതാവഹമായ രീതിയിൽ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു. വൈവിധ്യത്തിലെ ഏകത്വം ഊന്നിപ്പറയുന്നതിലുള്ള താല്പര്യം, സഹിഷ്ണുത, തുറവി തുടങ്ങിയവ ഉദാഹരണങ്ങൾമാത്രം.

മുപ്പത്തഞ്ചു വർഷത്തെ ശ്ലൈഹികശുശ്രൂഷയ്ക്കിടയിൽ അഭിവന്ദ്യ പിതാവു നല്കിയ പ്രബോധനങ്ങളും കൈക്കൊണ്ട നിലപാടുകളും ആദ്യന്തം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളോടും പരിശുദ്ധ സിംഹാസനത്തിന്റെ നിർദേശങ്ങളോടും ചേർന്നുപോകുന്നതാണ്. അവ സ്വാംശീകരിച്ചും സംഗ്രഹിക്കുകയും അവയുടെ ചരിത്രപശ്ചാത്തലത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്നത് ഇന്നത്തെ തലമുറയ്ക്കെന്നപോലെ വരുംതലമുറകൾക്കും പ്രയോജനകരംതന്നെ. സഭയ്ക്കും സമൂഹത്തിനും നേട്ടമുണ്ടാക്കുന്ന ആ ദൗത്യമാണ് പത്രപ്രവർത്തകനായ ജോസ് ടി. തോമസും കോളജ് അധ്യാപികയായ ലീനാ ജോസ് ടി.യും ചേർന്ന് "സഭ യെപ്രതി" എന്ന ഈ പുസ്തകത്തിലൂടെ നിറവേറ്റിയിരിക്കുന്നത്. സഭ യുടെ മനസ്സറിഞ്ഞു പഠിപ്പിക്കുന്ന അഭിവന്ദ്യ പിതാവിന്റെ മനസ്സ് വായിച്ച് അവർ ഇതു ചെയ്തിരിക്കുന്നു. അവരെ അഭിനന്ദിക്കുന്നതോടൊപ്പം, സഭ യെയും സമൂഹത്തെയും സ്നേഹിക്കുന്ന എല്ലാവർക്കുമായി ഈ ഗ്രന്ഥം അവതരിപ്പിക്കുകയും ചെയ്യുന്നു.

## ആമുഖം

# വത്തിക്കാന്റെ വെളിച്ചത്തിൽ

ജോസ് ടി. തോമസ്, ലീന ജോസ് ടി.

"ഇതാ, യഥാർത്ഥത്തിൽ സീറോ-മലബാർ സഭയുടെ മഹാനായ ഒരു പുത്രൻ! അദ്ദേഹം പ്രതിഭാശാലിയായിരുന്നു. അതിലുപരി ഒരു പുണ്യശ്ലോകനും. മഹാന്മാരുടെ ഗണത്തിൽ അദ്ദേഹം ഉൾപ്പെടുന്നു. നമ്മുടെ സഭയുടെ യഥാർത്ഥ പാരമ്പര്യം പടുത്തുയർത്തുന്നതിൽ അദ്ദേഹം മറ്റാരെക്കാളും സംഭാവന ചെയ്തിട്ടുണ്ട്. സഭാപിതാക്കന്മാരുടെ യുഗം അവസാനിച്ചു. എന്നാൽ നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം പിതാക്കന്മാരുടെ ശ്രേണിയിലാണ് അദ്ദേഹം." ആധുനിക സീറോ-മലബാർ സഭയുടെ പിതാവായ പ്ലാസിഡച്ചനെക്കുറിച്ച് പതിനൊന്നു വർഷംമുമ്പു നടത്തിയ അനുസ്മരണപ്രഭാഷണത്തിൽ അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവു പറഞ്ഞ വാക്കുകളാണിവ. ഇതേ വാക്കുകൾതന്നെ പവ്വത്തിൽ പിതാവിനെക്കുറിച്ചും നമുക്ക് പറയാൻ കഴിയുന്നു എന്നത് വെറും യാദൃശ്ചികതയല്ല. മാതൃസഭയുടെ സംരക്ഷണത്തിനായി നിലയുറപ്പിക്കാൻ ദൈവം ആ രണ്ടുപേരെ നിയോഗിക്കുകയായിരുന്നു.

ഒരു കാലത്ത് ഏറെ തെറ്റിദ്ധരിക്കപ്പെട്ട പിതാവാണ് മാർ പവ്വത്തിൽ. എത്രയധികമായി തെറ്റിദ്ധരിക്കപ്പെട്ടുവോ അതിലധികമായി അദ്ദേഹമിപ്പോൾ ശ്രദ്ധിക്കപ്പെടുകയും ശ്രവിക്കപ്പെടുകയും വായിക്കപ്പെടുകയും ചെയ്യുന്നു.

നമ്മുടെ കാലഘട്ടത്തിൽ ലിറ്റർജിയുടെ പ്രാധാന്യം ഊന്നിപ്പറയുക എന്ന ദൈവേഷ്ടം അദ്ദേഹം നിറവേറ്റിയപ്പോൾ, ലിറ്റർജിയല്ലാതെ മറ്റൊന്നും വേണ്ടെന്ന് അദ്ദേഹം പറഞ്ഞു എന്നായി റിപ്പോർട്ടുകൾ. കരിസ്മാറ്റിക് നവീകരണപ്രസ്ഥാനങ്ങൾ പലതും വിശുദ്ധ ഗ്രന്ഥം വികലമായി വ്യാഖ്യാനിക്കുന്നതിന്റെയും രോഗശാന്തിപ്രാർത്ഥനയ്ക്ക് അമിത

പ്രാധാന്യം നല്കുന്നതിന്റെയും അപകടം അദ്ദേഹം ചൂണ്ടിക്കാട്ടിയപ്പോൾ എല്ലാത്തരം നവീകരണപ്രവർത്തനങ്ങൾക്കും പിതാവ് എതിരാണെന്ന പ്രചാരണമുണ്ടായി. മാതൃസഭയുടെ തനിമ വീണ്ടെടുക്കാൻ നടത്തിയ ശ്രമങ്ങളുടെ നാളുകളിൽ തെറ്റായ റിപ്പോർട്ടിംഗ് മാത്രമല്ല, വ്യക്തിഹത്യാനീക്കങ്ങളും അദ്ദേഹത്തിനു നേർക്കു വന്നു.

സഭയെപ്രതി സഹിച്ചുകൊണ്ട് ആ നാളുകളെയെല്ലാം അതിജീവിക്കുവാൻ ഈ പിതാവിനു കഴിഞ്ഞു. സഭയിൽനിന്നുള്ള സഹനങ്ങളുടെ വേളയിലും സഭയിൽനിന്നുതന്നെ ആശ്വാസം കണ്ടെത്തുവാനുള്ള സ്വയം ശിക്ഷണം അദ്ദേഹത്തിനു സ്വായത്തമാണ്. ഒറ്റപ്പെടലിന്റെ നിമിഷങ്ങളെയും പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും നിമിഷങ്ങളാക്കി സങ്കീർത്തനങ്ങളിൽ സമാശ്വാസം കണ്ടെത്തുന്ന ഈ പിതാവിന്റെ പ്രബോധനങ്ങളെയും നിലപാടുകളെയും ശരിയായി മനസ്സിലാക്കാൻ ഭാരതത്തിലെ കത്തോലിക്കർ വരുത്തിയ കാലതാമസം, വത്തിക്കാൻ സൂനഹദോസ് പഠിപ്പിച്ച കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ വന്ന കാലതാമസമായിരുന്നു.

സീറോ-മലബാർ സഭയ്ക്ക്-ഭാരതത്തിലെ കത്തോലിക്കാസഭയ്ക്കാകെയും-സൂനഹദോസ് പ്രമാണരേഖകളോടുള്ള ആഭിമുഖ്യവും പുതിയ സഹസ്രാബ്ദത്തിലേക്കു വേണ്ട ദിശാബോധവും നല്കിയ പിതാവിന്റെ പ്രബോധനങ്ങളുടെയും നിലപാടുകളുടെയും സമാകലനവും അവയുടെ ചരിത്രപശ്ചാത്തലവും ഇവിടെ രണ്ടു ഭാഗങ്ങളായി ചേർത്തിരിക്കുന്നു. ഇനി മുന്നോട്ടുള്ള പ്രയാണത്തിനായി സഭയ്ക്കും സമൂഹത്തിനും പിതാവു നൽകുന്ന ദിശാസൂചനകൾ മൂന്നാം ഭാഗത്തിലുണ്ട്. സഭയെന്ന വികാരവും സഭയെന്ന വിചാരവും ഇഴപാകിയ ആ സഭാമനുഷ്യന്റെ ഏറ്റവും പുതിയ പ്രബന്ധത്തിന്റെ പൂർണ്ണരൂപം അനുബന്ധമായി ചേർത്തിരിക്കുന്നു.

മണിക്കൂറുകൾ നീണ്ട അഭിമുഖം ഞങ്ങൾക്കനുവദിച്ച അഭിവന്ദ്യ മാർ പവ്വത്തിൽ പിതാവിനു നന്ദി പറയുവാൻ ഞങ്ങൾക്കു വാക്കുകളില്ല. ഈ പുസ്തകത്തിന് ഹൃദയാവർജകമായ അവതാരിക എഴുതി അനുഗ്രഹിച്ച പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിനോടുള്ള കൃതജ്ഞതയും വാക്കുകളിലൊതുങ്ങുന്നതല്ല.

കുടുംബജ്യോതിസ് പത്രാധിപർ റവ. ഫാ. ജോസ് തെക്കേപ്പുറത്ത്, റവ.ഫാ. ഡൊമിനിക് മുരിയങ്കാവുങ്കൽ എന്നിവരെക്കൂടാതെ ഈ പുസ്തകം ഉണ്ടാകുമായിരുന്നില്ല. ഇരുവർക്കും നന്ദി.

## അധ്യായം ഒന്ന്

# സഭയെന്ന വികാരം

വെളിപാട്, വിശ്വാസം, ആരാധന, സാമൂഹികജീവിതം ഇവയുടെ പരസ്പരബന്ധമാണ് മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ ദർശനത്തിന്റെ അടിത്തറ. അഗാധമായ ഈ വിഷയങ്ങളെക്കുറിച്ചു പിതാവ് സംസാരിച്ചിരിക്കുമ്പോൾ, ഏറ്റവും ലളിതമായ വാക്കുകൾ ഏറ്റവും ലളിതമായ പദഘടനയോടെ നമ്മിലേക്ക് ഒഴുകിവരികയായിരിക്കും. ഇന്ന് സ്കൂൾകുട്ടികൾക്കുപോലും പരിചിതമായ 'ഫ്ളോ ചാർട്ടി'ന്റെ രൂപത്തിൽ ആ ഒഴുക്ക് രേഖപ്പെടുത്തിയാൽ ഇങ്ങനെയാവും:

| |
|---|
| ദൈവം നമുക്കു തന്നെത്തന്നെ വെളിപ്പെടുത്തിയിരിക്കുന്നു. |
| ↓ |
| വെളിപ്പെട്ടതിൽ നാം വിശ്വസിക്കുന്നു |
| ↓ |
| ദൈവാരാധനയിൽ സഭ ആ വിശ്വാസം ആഘോഷിക്കുന്നു; വെളിപ്പെട്ടതിനു മറുപടി നല്കുന്നു. |
| ↓ |
| ആ ആരാധനയുടെ ചൈതന്യത്തിനു നിരക്കുന്നവിധത്തിൽ സഭാംഗങ്ങൾ സമൂഹത്തിൽ ജീവിക്കുന്നു. |

(ചിത്രം 1)

ഈശോമിശിഹായിൽ പൂർത്തിയാക്കപ്പെട്ട വെളിപാട് ആരാധനാപാരമ്പര്യത്തിലൂടെയും വേദപുസ്തകത്തിലൂടെയും പില്ക്കാലതലമുറകൾക്കു ലഭിക്കുന്നു. വെളിപാടിന്റെ ഈ രണ്ടു സ്രോതസ്സുകളും ഒരുപോലെ പ്രധാനപ്പെട്ടതാണ്.

വെളിപാടിന്റെയും വിശ്വാസത്തിന്റെയും ആരാധനയുടെയും സാമൂഹികജീവിതത്തിന്റെയും പരസ്പരബന്ധം ചരിത്രത്തിൽ ആവിഷ്കൃതമാകുമ്പോൾ മറ്റൊരു ചാർട്ട് ഉണ്ടാകുന്നു:

| |
|---|
| ശ്ലീഹന്മാർ മുതൽ ആദിമസഭാപിതാക്കന്മാർവരെയുള്ളവരുടെ കാലത്തെ ദൈവാരാധന, വിവിധ സഭകളിൽ വിവിധ ആരാധനാപാരമ്പര്യങ്ങളായി (ക്രമങ്ങളായി) വളർച്ച പ്രാപിക്കുന്നു. |

↓

| |
|---|
| ലോകത്തെവിടെയും ഒരു സമൂഹം ഇതിൽ ഏതെങ്കിലും ഒരു ആരാധനാപാരമ്പര്യത്തോടു ചേർന്നു മാത്രം വിശ്വാസം സ്വീകരിക്കുകയും ആരാധന നടത്തുകയും ചെയ്യുന്നു. ഈ ആരാധനാപാരമ്പര്യത്തോടുചേർന്നു സവിശേഷമായ ദൈവശാസ്ത്രവും ആധ്യാത്മികതയും ശിക്ഷണക്രമവും ഉൾച്ചേർന്ന ജീവിതക്രമം (റീത്ത്) ഓരോ സഭയ്ക്കും ഉണ്ടാകുന്നു. |

↓

| |
|---|
| ചരിത്രപരമായ കാരണങ്ങളാൽ ഏതെങ്കിലും സഭയ്ക്ക് തങ്ങളുടെ ഈ പൈതൃകം കൈമോശം വന്നാൽ അതു വീണ്ടെടുക്കേണ്ടിവരുന്നു. |

↓

| |
|---|
| വീണ്ടെടുക്കപ്പെട്ട ആരാധനാപൈതൃകത്തിന്റെ സർഗാത്മകവളർച്ച ഉറപ്പുവരുത്തുന്നു. |

(ചിത്രം 2)

ഏതു സഭയുടെയും ജീവിതത്തിൽ പ്രസക്തമായ ഈ കാര്യങ്ങൾ സീറോ-മലബാർ സഭയുടെ ചരിത്രത്തിലേക്കു വരുമ്പോൾ നമുക്കു മൂന്നാ

മറ്റൊരു ചിത്രം ലഭിക്കുന്നു:

| |
|---|
| ആദ്യനൂറ്റാണ്ടുകൾ മുതൽ പൗരസ്ത്യസുറിയാനി ആരാധനാരീതിയുമായി ഭാരതത്തിലെ സഭ ചേർന്നു പോകുന്നു. |

⬇

| |
|---|
| പതിനാറാം നൂറ്റാണ്ടുവരെ ആ ആരാധനക്രമം കലർപ്പും വ്യതിചലനങ്ങളുമില്ലാതെ നിലവിലിരിക്കുന്നു. |

⬇

| |
|---|
| തുടർന്നുള്ള നൂറ്റാണ്ടുകളിൽ പാശ്ചാത്യവത്കരിക്കപ്പെടുന്നു. ആ വ്യതിചലനത്തിൽനിന്നു മാറി പഴയ ക്രമം പുനരുദ്ധരിക്കാൻ ഇരുപതാം നൂറ്റാണ്ടിൽ ശ്രമങ്ങൾ നടക്കുന്നു. |

(ചിത്രം 3)

ഒന്നാമത്തെ ചിത്രത്തിലെ ആദ്യത്തെ രണ്ടു ചതുരങ്ങളിലുള്ളത് ക്രൈസ്തവ വേദോപദേശം എക്കാലവും ഉയർത്തിപ്പിടിക്കുന്ന പ്രസ്താവങ്ങളാണ്. പൗരസ്ത്യസഭകളുടെ പൈതൃകത്തെക്കുറിച്ചുള്ള അവബോധത്തിൽനിന്ന് പാശ്ചാത്യസഭയിൽ കഴിഞ്ഞ നൂറ്റാണ്ടിൽ രൂപംകൊണ്ട ആരാധനക്രമ നവോത്ഥാനപ്രസ്ഥാനത്തിന്റെ ആശയങ്ങളാണ് അടുത്ത രണ്ടു ചതുരങ്ങളിൽ. പില്ക്കാലത്ത് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രബോധനത്തിൽ പ്രതിഫലിച്ചതാണവ.

രണ്ടാമത്തെ ചിത്രത്തിലെ ആദ്യ രണ്ടു ചതുരങ്ങൾ ലോകമെമ്പാടും അംഗീകരിക്കപ്പെട്ടിട്ടുള്ള സഭാചരിത്രപ്രസ്താവങ്ങൾ മാത്രം. തുടർന്നുള്ള രണ്ടു ചതുരങ്ങളാവട്ടെ വത്തിക്കാൻ സൂനഹദോസ് ആവശ്യപ്പെട്ട കാര്യങ്ങൾ മാത്രം.

മൂന്നാമത്തെ ചിത്രത്തിലെ ഒടുവിലത്തെ രണ്ടു ചതുരങ്ങളിലുള്ളത് നസ്രാണിചരിത്രത്തിൽ എല്ലാവരും അംഗീകരിക്കുന്ന വസ്തുതകൾ. ആദ്യചതുരത്തിലുള്ളത്, ഇന്ത്യയിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആരാധനാപൈതൃകത്തെക്കുറിച്ച് ഏറ്റവും ആഴമായി പഠിച്ച വിദഗ്ധർ ചൂണ്ടിക്കാട്ടിയിട്ടുള്ള വസ്തുതയും.

ഇങ്ങനെ വേദോപദേശവും സഭാചരിത്രവും ആരാധനയുടെ ദൈവ ശാസ്ത്രവും വത്തിക്കാൻ സൂനഹദോസ് പ്രമാണരേഖകളും ചേരുംപടി സമന്വയിപ്പിക്കുകയാണ് വൈദികനായ കാലംമുതൽ പവ്വത്തിൽ പിതാവ്. ആ സമന്വയത്തിൽനിന്ന്  ഉയിർകൊണ്ടതാണ് അദ്ദേഹത്തിന്റെ സഭാദർശനം. ഈ ദർശനത്തിന്റെ ആഭ്യന്തരയുക്തിക്രമത്തിനു വിധേയമാണ് പിതാവു കൈക്കൊള്ളുന്ന നിലപാടുകൾ.

*ഇതു ദൈവനിയോഗം*

വിദ്യാർത്ഥിയായിരുന്ന കാലംമുതൽ മാതൃസഭയുടെ പൈതൃകത്തെക്കുറിച്ചു വായിച്ചറിയുക, വത്തിക്കാൻ സൂനഹദോസിന് ഒരുക്കമായി നടന്ന ദൈവശാസ്ത്രചർച്ചകൾ അപ്പപ്പോൾത്തന്നെ പിന്തുടരുക-ഈ രണ്ട് ദൈവാനുഗ്രഹങ്ങൾ, സാമൂഹികക്ഷേമരംഗത്ത് പ്രവർത്തിക്കാനാഗ്രഹിച്ച ഒരു യുവവൈദികനെ ദൈവാരാധനയുടെയും വിശ്വാസപരിശീലനത്തിന്റെയും പ്രേഷിതനാക്കിമാറ്റുകയായിരുന്നു. ആ പ്രേഷിതത്വം കത്തോലിക്കാസഭയിലെ ഏറ്റവും പ്രാചീനമായ ഒരു റീത്തിന്റെ പുനരുദ്ധാരണത്തിനുള്ള ദൈവനിയോഗമായി. ആ പുരാതന റീത്ത് അടക്കമുള്ള മൂന്നു റീത്തുകളുടെ വൈവിധ്യത്തിലെ ഐക്യം ആഘോഷിച്ചുകൊണ്ട് ഭാരതത്തിലെ കത്തോലിക്കാസഭ സഭാകൂട്ടായ്മയുടെ മികച്ച മാതൃകയായിത്തീരുന്നതിന് ആ പ്രേഷിതത്വത്തെ ദൈവം ഉപകരണമാക്കുന്നു.

ഇന്നു സീറോ-മലബാർ സഭയിൽ എല്ലായിടത്തും പുനരുദ്ധരിക്കപ്പെട്ട ക്രമത്തിൽ ബലി അർപ്പിക്കപ്പെടുന്നു. സി.ബി.സി.ഐ. ആകട്ടെ, പൗരസ്ത്യസഭകളുടെ സിനഡും ലത്തീൻ സഭയുടെ ബിഷപ്സ് കോൺഫറൻസും അതതു സഭകൾക്കുവേണ്ടി കൈകാര്യം ചെയ്യുന്ന വിഷയങ്ങൾക്കപ്പുറമുള്ള പൊതുവായ കാര്യങ്ങൾ ചർച്ച ചെയ്യുന്ന, തുല്യപദവിയുള്ള മൂന്നു സഭകളിലെ പിതാക്കന്മാരുടെ പൊതുവേദി ആയിക്കഴിഞ്ഞിരിക്കുന്നു. ഓരോ സഭയിലെയും വൈദികാർത്ഥികൾക്ക് ആ സഭയുടെ ആരാനാപാരമ്പര്യത്തിനു യോജിച്ച സെമിനാരിപരിശീലനം നല്കാൻ നടപടിയുണ്ടാവുന്നു; ഓരോ സഭയിലും ആ സഭയുടെ ആരാധനാജീവിതത്തിനുചേർന്ന വിധമുള്ള വിശ്വാസപരിശീലനപദ്ധതികളുണ്ടാവുന്നു. പഴയ സംവിധാനങ്ങളിൽ പരിശീലിപ്പിക്കപ്പെട്ട ചുരുക്കം ചിലർ ഇപ്പോഴും ഇതെല്ലാം വലിയ കുഴപ്പങ്ങളായി കാണുന്നുണ്ടാകാം (വളരെ പഴയ ടൈപ്പ് റൈറ്ററുകളിൽ ടൈപ്പ് ചെയ്ത കത്തുകളായി ഇപ്പോഴും അത്തരം പ്രതികരണങ്ങൾ പവ്വത്തിൽ പിതാവിനെത്തേടി വന്നുകൊണ്ടിരിക്കുന്നു). എന്നാൽ ജനങ്ങൾ ഇവ സാധാരണകാര്യങ്ങളായി എടുത്തു

തുടങ്ങി. ഇവ ആദ്യമായി മുന്നോട്ടുവയ്ക്കുമ്പോൾ, പവ്വത്തിൽ പിതാവ് സ്വന്തമായി എന്തൊക്കെയോ വിചിത്ര ആശയങ്ങൾ കൊണ്ടുവരുന്നു എന്ന ചിന്തയായിരുന്നു പലർക്കും. "ജനങ്ങൾക്കുമാത്രമല്ല അന്നു പല പിതാക്കന്മാർക്കും ഇതെല്ലാം അപരിചതമായ കാര്യങ്ങളായിരുന്നു"- അന്നു താൻ നേരിടേണ്ടിവന്ന വലിയഎതിർപ്പുകളെയും എതിർപ്രചര ണങ്ങളെയുംപ്രതി ആരോടും പരിഭവം വച്ചുപുലർത്താതെ തികഞ്ഞ ശാന്തതയിൽ പിതാവു പറയുന്നു.

## *വിശുദ്ധരാവുക, പ്രബുദ്ധരാവുക*

ഏതു തർക്കവിഷയത്തെക്കുറിച്ചും ചോദിച്ചോളൂ, മറ്റുള്ളവരുടെ അഭി പ്രായങ്ങളെയോ നിലപാടുകളെയോ തെറ്റായി പരാവർത്തനം ചെയ്ത് അവരെ കുറ്റപ്പെടുത്തുവാൻ അദ്ദേഹം ഒരിക്കലും മുതിരുന്നില്ല. അത്തരം നിലപാടുകൾക്കുപിന്നിലെ അവബോധക്കുറവും പരിശീലനഭേദവും മന സ്സിലാക്കുന്നതിനാൽ അദ്ദേഹത്തിന്റെ ചിന്തകളിൽ കാലുഷ്യം ഉണ്ടാവു ന്നേയില്ല.

ആരായിത്തീരണം എന്ന ചോദ്യത്തിന് വിശുദ്ധനായിത്തീരണം എന്ന മറുപടിയേ ഈ പിതാവിനു ചെറുപ്പത്തിൽ ഉണ്ടായിരുന്നുള്ളൂ. വിശു ദ്ധനാകാനുള്ള എളുപ്പമാർഗം വൈദികനാവുക എന്നതാണെന്ന് അന്നു കരുതി. സെമിനാരിയിൽ ചേർന്നു. പട്ടം സ്വീകരിച്ച് പത്തുവർഷം തിക യുംമുമ്പ് മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടു. ഒരു വ്യാഴവട്ടം കഴിയുമ്പോ ഴേക്കും മെട്രോപ്പോളിറ്റൻ ആർച്ച് ബിഷപ്പായി. ദൈവാരാധനയിലൂടെയുള്ള വിശുദ്ധീകരണത്തിന്റെ മഹാപ്രബോധകനായിത്തീരുകയായിരുന്നു മാർ ജോസഫ് പവ്വത്തിൽ മെത്രപ്പോലീത്ത. വിശുദ്ധീകരിക്കപ്പെടുന്നത് ആരാ ധനയിലാണെങ്കിൽ, ആരാധനതന്നെയാണ് ഏറ്റവും പ്രധാനം. സഭയുടെ ആരാധനയാകട്ടെ, മുമ്പേ കടന്നുപോയ എല്ലാവരുമായിച്ചേർന്ന് ദൈവ ത്തിന്റെ വെളിപ്പെടുത്തലിന് സ്തുതികളിലൂടെ നമ്മൾ നല്കുന്ന പ്രത്യു ത്തരവും.. ഈ ചരടു പിടിച്ചാൽ പവ്വത്തിൽ പിതാവിന്റെ എല്ല പ്രബോധ നങ്ങളിലേക്കും നിലപാടുകളിലേക്കും നമുക്ക് എളുപ്പം ചെന്നെത്താം.

ബനഡിക്ട് പതിനാറാമൻ പാപ്പ യാഥാസ്ഥിതികനെന്നു വിളിക്ക പ്പെട്ടെങ്കിൽ, പവ്വത്തിൽ പിതാവിനെ ചില മാധ്യമങ്ങൾ തീവ്രവാദിയായി ചിത്രീകരിച്ചതിൽ അദ്ഭുതമില്ല. മിശിഹായുടെ ശരീരമായ സഭയോടുള്ള തീവ്രമായ സ്നേഹം, ആ സഭയുടെ നിലപാടുകളെ തന്റെ നിലപാടുക ളാക്കാനും അതിൽ ഉറച്ചുനില്ക്കാനും ചെറുപ്പംമുതല്ക്കേ അദ്ദേഹത്തെ

പരിശീലിപ്പിച്ചിരിക്കുന്നു. എങ്കിൽ സഭയുടെ ആരാധനാവാക്കുകൾ നമ്മൾ നമ്മുടെ പ്രാർത്ഥനാവചസ്സുകളാക്കണമെന്ന് ആ പിതാവ് നിർബന്ധബുദ്ധിയോടുകൂടിത്തന്നെ നമ്മെ ഓർമിപ്പിക്കാതിരിക്കുന്നതെങ്ങനെ? സഭയുടെ ആരാധനക്രമം വ്യക്തികൾ അവരുടെ ഇഷ്ടപ്പടി മാറ്റിമറിച്ചുകൂടെന്ന് അദ്ദേഹം പറയാതിരിക്കുന്നതെങ്ങനെ?

*രണ്ടേരണ്ടു പ്രമാണം*

സഭാകാര്യങ്ങളിൽ വത്തിക്കാൻ സൂനഹദോസും സാമൂഹികവിഷയങ്ങളിൽ ഇന്ത്യൻ ഭരണഘടനയുമാണു പ്രമാണം എന്നു പറയുന്നതിൽ ആർച്ച്ബിഷപ് മാർ പവ്വത്തിൽ മടിവിചാരിക്കുന്നില്ല. കോളജ് വിദ്യാർത്ഥിയായിരിക്കുമ്പോൾ ഭരണഘടന രൂപപ്പെടുന്നതും സെമിനാരി വിദ്യാർത്ഥിയും നവവൈദികനുമായിരിക്കുമ്പോൾ സൂനഹദോസ് പ്രമാണരേഖകൾ രൂപംകൊള്ളുന്നതും അതിന്റെ വിശദാംശങ്ങളോടെതന്നെ നോക്കിക്കണ്ട അദ്ദേഹത്തിന്, അവയുടെ അടിസ്ഥാനാശയങ്ങൾതന്നെയും സ്വാംശീകരിക്കാൻ സാധിച്ചിട്ടില്ലാത്തവരെ ഇന്നും അഭിമുഖീകരിക്കേണ്ടിവരുന്നു.

മതസ്വാതന്ത്ര്യവും അത് അനുഭവിക്കാൻ ന്യൂനപക്ഷമതസ്ഥർക്ക് ഉറപ്പുവരുത്തിയിട്ടുള്ള വിദ്യാഭ്യാസസ്വാതന്ത്ര്യവും ഇന്ത്യൻ ജനാധിപത്യ ഭരണക്രമത്തിന്റെ ഉരകല്ലുകളായി തിരിച്ചറിഞ്ഞ പിതാവ് ആ സ്വാതന്ത്ര്യം സംരക്ഷിക്കാൻ സ്വാതന്ത്രഭാരതത്തിൽ നടന്ന ഏറ്റവും വലിയ ധർമസമരത്തിന്റെ നായകനായിത്തീരുകയായിരുന്നു സമീപകാലത്ത്. "സഹായപദ്ധതികൾപോലെ സാമ്പത്തിക അവശത പരിഹരിക്കാനോ സംവരണം പോലെ സാമൂഹിക-വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കാനോ ഉള്ള ഒരു സംവിധാനമാണ് ഭരണഘടനയിലെ ന്യൂനപക്ഷാവകാശം എന്നാണ് പലരും കരുതുന്നത്. ന്യൂനപക്ഷങ്ങൾക്ക് അനീതികരമായി നിയമനിർമ്മാണം നടക്കാനുള്ള സാധ്യത മുൻനിറുത്തി അവരുടെ നിയമനിർമാണപരമായ ദൗർബല്യം (legal weaness) പരിഹരിക്കാനാണ് ഭരണഘടനയിൽ ആ വ്യവസ്ഥ വിച്ചിരിക്കുന്നത്"- താൻ ഇതു പറഞ്ഞപ്പോൾ ചില പാർലമെന്റ് അംഗങ്ങൾക്കുപോലും അതു പുതിയ അറിവായി അനുഭവപ്പെട്ടത് പിതാവ് ഓർക്കുന്നു.

*കൂട്ടായ്മ, കൂട്ടായ്മതന്നെ*

എഴുപതുകളുടെ തുടക്കത്തിൽ, സി.ബി.സി.ഐ.യുടെ പുനഃക്രമീകരണം എന്ന സീറോ-മലബാർ, സീറോ-മലങ്കര സഭകളുടെ ആവശ്യ

ത്തിന് ബലം പകർന്നുകൊണ്ട് "സഭ സഭകളുടെ കൂട്ടായ്മ" എന്നു പവ്വത്തിൽ പിതാവ് പറഞ്ഞുതുടങ്ങുമ്പോൾ അനേകം പിതാക്കന്മാർക്കുതന്നെയും അതു വിചിത്രമായി അനുഭവപ്പെട്ടു. അറുപതുകളിലെ വത്തിക്കാൻ സൂനഹദോസിന്റെ ആ സഭാദർശനം ബിഷപ്സ് കോൺഫറൻസ് തലത്തിൽ അംഗീകരിക്കപ്പെടാൻ എൺപതുകൾ കഴിഞ്ഞും സമയമെടുത്തു.

ആരാധനക്രമത്തെക്കുറിച്ചുള്ള സൂനഹദോസ് പ്രബോധനവുമായി പവ്വത്തിൽ പിതാവ് മുന്നോട്ടുപോകുമ്പോൾ, 'ആരാധന പോരേ, അതിനു ക്രമം വേണോ' എന്നു ചോദിച്ച അല്മായരുണ്ട്. 'ഒരു ക്രമം വേണമെന്നല്ലാതെ പഴയ ക്രമംതന്നെ വേണമെന്നുണ്ടോ' എന്നു ചോദിച്ച വൈദികരുമുണ്ട്. സഭയുടെ ദൈവാരാധനയെക്കുറിച്ചുള്ള അവബോധം കുറവായതിന്റെയോ ഇല്ലാതെപോയതിന്റെയോ പ്രശ്നമാണിതെന്ന് മറ്റാരെക്കാളും അധികമായി പവ്വത്തിൽ പിതാവ് അറിഞ്ഞു. സർക്കുലറുകളും ലേഖനങ്ങളും മാത്രമല്ല, ചെറുതും വലതുമായ പ്രസംഗങ്ങളുടെയും ചർച്ചകളുടെയും ആഘോഷങ്ങളുടെയും അനുസ്മരണങ്ങളുടെയും അവസരങ്ങളും ദൈവാരാധനയെക്കുറിച്ചുള്ള ശരിയായ കാഴ്ചപ്പാട്-സഭയുടെ കാഴ്ചപ്പാട്-നല്കാൻ പിതാവ് ഉപയോഗിച്ചു. പത്രക്കാർ ഒരു ഈസ്റ്റർ സന്ദേശം ചോദിച്ചാലും ക്രിസ്മസ് സന്ദേശം ചോദിച്ചാലും പിതാവ് അത് പ്രബോധനത്തിന് അവസരമാക്കും. പ്രേഷിതതീക്ഷ്ണതോടുകൂടിയ–ഏറെ സഹനങ്ങളോടുകൂടിയ–ആ അധ്വാനം ഇന്നു സീറോ-മലബാർ സഭയിൽ വലിയ പരിവർത്തനം വരുത്തിയിരിക്കുന്നതുകാണുവാൻ അദ്ദേഹത്തിനു ഭാഗ്യമുണ്ടായിരിക്കുന്നു. ഈ സഭയിലെ ജനസംഖ്യയിൽ ഭൂരിപക്ഷം ഇപ്പോൾ പിതാവിന്റെ ആരാധനാവീക്ഷണം തിരിച്ചറിഞ്ഞുകഴിഞ്ഞു. താൻ അയച്ച ആളുടെ അധ്വാനം വിഫലമായിപ്പോകാൻ മിശിഹാ അനുവദിക്കുന്നില്ല.

'ലിറ്റർജി' എന്ന വാക്ക് കേട്ടാലുടൻ പവ്വത്തിൽ പിതാവിന്റെ പേരാണ് അതിനോടു ബന്ധപ്പെടുത്തി ആളുകളുടെ മനസ്സിലേക്ക് ആദ്യം വരിക. ഒരു കാലത്ത് ആ ബന്ധപ്പെടുത്തൽ പുച്ഛത്തോടെയോ വിദ്വേഷത്തോടെയോ നടത്തിയിരുന്നവർ, സഭ ഊന്നിപ്പറയുന്ന ലിറ്റർജിയുടെ പ്രാധാന്യം തങ്ങൾക്കു മനസ്സിലാക്കിത്തന്ന ആചാര്യനായി പിതാവിനെ തിരിച്ചറിഞ്ഞുകൊണ്ടേയിരിക്കുന്നു.

സൂനഹദോസിന്റെ ഭാഷയിൽ "തിരുസ്സഭാമാതാവ് തുല്യാവകാശവും ശ്രേഷ്ഠതയും കല്പിക്കുന്ന" മൂന്നു സഭകളുടെ (സീറോ-മലബാർ,

സീറോ-മലങ്കര, ലത്തീൻ) കൂട്ടായ്മയാണ് ഭാരതത്തിലെ സഭ എന്ന് പവ്വത്തിൽ പിതാവ് ആദ്യം പറഞ്ഞപ്പോൾ ഞെട്ടിത്തരിക്കുകയും അതുൾക്കൊള്ളാൻ വിസമതിക്കുകയും ചെയ്ത പിതാക്കന്മാർപോലും പിന്നീട് തുടർച്ചയായി രണ്ടുവട്ടം ഈ പിതാവിനെ സി.ബി.സി.ഐ. അധ്യക്ഷനാക്കാൻ കൈ ഉയർത്തി എന്നതും ചരിത്രം.

1972-ൽ കോൺഗ്രസ് നേതൃത്വത്തിലും 2006-ൽ മാർക്സിസ്റ്റ് നേതൃത്വത്തിലും ഉണ്ടായ ന്യൂനപക്ഷവിദ്യാഭ്യാസസ്വാതന്ത്ര്യധ്വംസനത്തിനെതിരെ മുന്നേറ്റം നയിച്ച പവ്വത്തിൽ പിതാവിനെതിരെ അധിക്ഷേപവാക്കുകൾ ചൊരിഞ്ഞവർക്കാവട്ടെ, ബഹുജനബോധത്തെ ഏറെക്കാലത്തേക്കു കബളിപ്പിക്കുവാനായില്ല. എല്ലാ ക്രൈസ്തവസഭകൾക്കും എല്ലാ ന്യൂനപക്ഷമതസ്ഥർക്കുംവേണ്ടി പിതാവ് നടത്തിയ ഭരണഘടനാവ്യാഖ്യാനം നീതിന്യായപീഠങ്ങളും കൂടുതൽക്കൂടുതൽ ജനവിഭാഗങ്ങളും ശരിവച്ചപ്പോഴേക്കും, വിഷപ്രചാരകർക്കു പിന്തിരിയേണ്ടിവന്നു.

ഇതൊന്നും വിജയങ്ങളായി കണ്ട് ആഘോഷിക്കുവാൻ പവ്വത്തിൽ പിതാവ് തയ്യാറല്ല. സീറോ-മലബാർ സഭയുടെ ലിറ്റർജിക്കൽ പൈതൃകത്തിന്റെ വീണ്ടെടുക്കലിൽ പൂർത്തിയാകാതെകിടക്കുന്ന കാര്യങ്ങളും ഭാരത കത്തോലിക്കാസഭാകൂട്ടായ്മയിലെ മൂന്നു സഭകൾ തമ്മിലുള്ള സമ്പൂർണസഹവർത്തിത്വത്തിന് ഇനിയും തടസ്സം നില്ക്കുന്ന കാര്യങ്ങളും വിദ്യാഭ്യാസസ്വാതന്ത്ര്യം പിരിമിതപ്പെടുത്താൻ ചില കേന്ദ്രങ്ങളിൽനിന്ന് ഇപ്പോഴുമുണ്ടാകുന്ന ശ്രമങ്ങളുമെല്ലാം അദ്ദേഹത്തെ വേദനിപ്പിക്കുന്നു. സഭയ്ക്കും സഭൈക്യത്തിനും മതങ്ങൾക്കും മുമ്പിലുള്ള വെല്ലുവിളികളെ അഭിമുഖീകരിക്കാൻ ആവുന്നവിധത്തിലെല്ലാം അദ്ദേഹം ജനങ്ങളെ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നു.

## *നാളത്തെ സുവിശേഷവത്കരണത്തിന്*

പ്രവാസികൾക്കുവേണ്ടി ചെയ്യാൻ കഴിഞ്ഞ കാര്യങ്ങൾ പിതാവിനു വലിയ സംതൃപ്തി നല്കുന്നുണ്ട്. കേരളത്തിനു പുറത്തുള്ള സീറോ-മലബാർ സംഭാംഗങ്ങളെക്കുറിച്ച് അധികമാർക്കും ചിന്തയില്ലാതിരുന്ന കാലത്ത് അവരുടെ ആവശ്യങ്ങൾ, ബന്ധപ്പെട്ട എല്ലാവരുടെയും ശ്രദ്ധയിൽ കൊണ്ടുവരുവാനും ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി നല്കാനും പിതാവുനടത്തിയ പരിശ്രമം ഏറെ ഫലം കണ്ടു. അതുവഴിയാണ് രണ്ടായിരം വർഷത്തെ ചരിത്രമുള്ള ഈ സഭയുടെ ശുശ്രൂഷ ലോകത്തിന്റെ എല്ലാഭാഗത്തും എത്തിക്കുക എന്നതു

സാധ്യമായത്. പക്ഷേ ഇവിടെയും "എല്ലാം ചെയ്തുതീർക്കാനായിട്ടില്ല" എന്ന ചിന്ത പിതാവിനെ വീണ്ടും കർമനിരതനാക്കുന്നു. ഇന്ത്യയിലെവിടെയും (ക്രമേണ ലോകത്തെവിടെയും) സ്വന്തനിലയിൽ സുവിശേഷവേല ചെയ്യാനും സ്വന്തം വിശ്വാസികളുടെ അജപാലനാവശ്യങ്ങൾ പൂർണമായി നിറവേറ്റാനും സീറോ-മലബാർ സഭയ്ക്ക് അനുമതിയോ അവസരമോ ലഭിക്കണമെങ്കിൽ പ്രേഷിതതീക്ഷ്ണതയാർന്ന ഈ സഭയ്ക്ക് ആരാധനക്രമം, ശിക്ഷണക്രമം, ദൈവവിജ്ഞാനീയം, ആധ്യാത്മികത എന്നിവയിലുള്ള തനിമ എല്ലാവരുടെയും കൺമുന്നിൽ വയ്ക്കേണ്ടതുണ്ടെന്ന് പവ്വത്തിൽ പിതാവിലെ ക്രാന്തദർശി തിരിച്ചറിഞ്ഞു. ഇതു കൂടുതൽ പേർക്ക് ബോധ്യമാവാൻവേണ്ടി അദ്ദേഹത്തിന്റെ നാവും തൂലികയും ഇനിയും ചലിക്കും -ക്ഷീണമറിയാതെ.

# ഒന്നാം ഭാഗം

# പ്രബോധനങ്ങൾ, നിലപാടുകൾ

*അധ്യായം രണ്ട്*

# കുർബാനാനുഭവം വിശ്വാസാനുഭവം

*സഭയുടെ ദൈവാരാധനയെക്കുറിച്ചും അതിന്റെ കേന്ദ്രമായ പരിശുദ്ധ കുർബാനയെക്കുറിച്ചുമുള്ള മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തയുടെ പ്രബോധനങ്ങളുടെ സാരസംഗ്രഹം:*

സഭയുടെ പൊതുവായ സ്വത്താണ് ആരാധനക്രമം. അതിന്റെ കേന്ദ്രബിന്ദുവാണ് പരിശുദ്ധ കുർബാന.

“ആരാധനക്രമമാകുന്ന അത്യുച്ചസ്ഥാനത്തേക്കാണ് സഭയുടെ പ്രവർത്തനം തിരിഞ്ഞിരിക്കുന്നത്. അവളുടെ ശക്തി മുഴുവൻ നിർഗളിക്കുന്നതും അവിടെനിന്നുതന്നെ. കാരണം, വിശ്വാസവും ജ്ഞാനസ്നാനവുംവഴി ദൈവമക്കളാക്കപ്പെട്ടവരെല്ലാം ഒന്നുചേർന്ന് ദിവ്യബലിയിൽ സംബന്ധിച്ചും പരിശുദ്ധ കുർബാന സ്വീകരിച്ചും സഭയിൽ ദൈവത്തെ പുകഴ്ത്തുക എന്നതാണ് സുവിശേഷവേലയുടെ ലക്ഷ്യം” എന്നു വത്തിക്കാൻ സൂനഹദോസ് ആരാധനക്രമത്തെക്കുറിച്ചു പഠിപ്പിച്ചു.

നമ്മുടെ ആദ്ധ്യാത്മിക ജീവിതം പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായിരിക്കുന്നു. കുർബാനയുടെ പ്രധാനഭാഗം മുഴുവനും ശ്ലീഹന്മാരുടെ കാലഘട്ടത്തോടു ബന്ധപ്പെട്ടതാണ്. ശ്ലീഹന്മാരുടെ കുർബാനക്രമം, അതായത് പൗരസ്ത്യപിതാക്കന്മാരായ അദ്ദായിയുടെയും മാർ മാറിയുടെയും നാമത്തിലുള്ള കുർബാനക്രമം സാർവത്രിക സഭയിൽ നിലവിലുള്ള കുർബാനക്രമങ്ങളിൽ ഏറ്റവും പ്രാചീനമാണെന്നു കണക്കാക്കപ്പെടുന്നു. പുതിയനിയമഗ്രന്ഥങ്ങൾ രൂപംകൊണ്ട കാലഘട്ടത്തിൽത്തന്നെ രൂപം പ്രാപിച്ച ഒരു കുർബാനക്രമം ഉണ്ടായിരിക്കുകയെന്നത് ഏതൊരു സഭയ്ക്കാണ് അഭിമാനകരമല്ലാതിരിക്കുക!

## *അറിയണം ഈ തിരുമാധുര്യം*

ഭക്തിചൈതന്യവും പരിശുദ്ധാത്മാവിലുള്ള മാധുര്യവും അന്യാദൃശമായ നിഷ്കളങ്കതയും നിറഞ്ഞുതുളുമ്പുന്നതാണ് പ്രാചീനമായ ഈ കുർബാനക്രമം. അത് ആകർഷകമായും ഭക്തിദ്യോതകമായും അനുഭവപ്പെടാൻ, ആ കുർബാനയുടെ സമ്പന്നതയും മാധുര്യവും നാം ഗ്രഹിക്കണം. അത് മറ്റുള്ളവരെ ധരിപ്പിക്കണം. വിശ്വാസപരിശീലനംവഴി നാം സഭയോടു താദാത്മ്യപ്പെട്ട് സഭയുടെ ആരാധനാവാക്കുകൾ നമ്മുടേതാക്കുവാൻ കഴിവുനേടുകതന്നെ വേണം.

കുർബാനയിൽ പങ്കുചേരണമെങ്കിൽ, രക്ഷാകരപദ്ധതിയെക്കുറിച്ച് കേവലം ലോകചരിത്രത്തെക്കുറിച്ചെന്നപോലുള്ള അറിവുണ്ടായാൽ പോരാ. രക്ഷാചരിത്രത്തിലൂടെ പ്രകടമാകുന്ന ദൈവത്തിന്റെ സ്നേഹവും മഹത്ത്വവും പരിഗണനയും കരുണയുമെല്ലാം നമ്മുടെ ഉള്ളിൽ ആത്മാർത്ഥമായ കൃതജ്ഞതയുടെയും സ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും വികാരങ്ങൾ ഉളവാക്കാൻ തക്കവിധത്തിൽ നാം രക്ഷാചരിത്രം ഉൾക്കൊള്ളണം.

രക്ഷാചരിത്രത്തിന്റെ കേന്ദ്രമായ മിശിഹായുടെ പെസഹാരഹസ്യത്തിന്റെ പുനരവതരണം പരിശുദ്ധ കുർബാനയിൽ നടക്കുന്നു. ഒരേ യാഥാർത്ഥ്യം അറിയിക്കുന്നതിനു നാലു സുവിശേഷങ്ങൾ അധികപ്പറ്റാണ് എന്നു പറയുന്നതുപോലെയാവും, പെസഹാരഹസ്യത്തിന്റെ പുനരവതരണത്തിനു വിവിധ കുർബാനക്രമങ്ങൾ ആവശ്യമില്ലെന്നു പറയുന്നതും. പെസഹാരഹസ്യത്തിന്റെ ആഴങ്ങളെ ഒരു കുർബാനക്രമത്തിൽ മാത്രമായി ഒതുക്കിനിർത്താൻ കഴിയുകയില്ല എന്നതിനാൽ വിവിധ കുർബാനക്രമങ്ങളുണ്ടായി – നാലു സുവിശേഷങ്ങൾ ഉണ്ടായതുപോലെ.

## *പ്രാർത്ഥിക്കുമ്പോൾ നാം ഒരു ജനത*

പ്രാർത്ഥിക്കുമ്പോൾ നാം ദൈവവുമായി സംഭാഷണം ചെയ്യുകയാണ്; ദൈവതിരുമുമ്പിൽ സ്വയം സന്നിഹിതരാക്കുകയാണ്. കുർബാനയെന്ന പരസ്യാരാധനയ്ക്കായി ദൈവതിരുമുൻപിൽ എത്തുമ്പോൾ നാം ഒരു ജനത ആയിത്തീരുന്നു... ഒരു ജനതയുടെ പ്രാർത്ഥന നാം പ്രാർത്ഥിക്കുന്നു. ഒരു യഥാർഥ വിശ്വാസി ഒരിക്കലും ഏകനോ ഏകയോ അല്ല. മറിച്ച്, എല്ലാ രാജ്യങ്ങളിലും ജനതകളിലും ഭാഷകളിലുംനിന്ന് രൂപവൽകൃതമായ സാർവത്രികസമൂഹത്തോട് അഥവാ കത്തോലിക്കാ സമൂഹത്തോട് അയാൾ ഐക്യപ്പെട്ടിരിക്കുന്നു.

ദൈവരാജ്യം നമുക്ക് അനുഭവവേദ്യമാകുന്നത് പ്രധാനമായും കുർബാനയിലൂടെയാണ്. പരിശുദ്ധ മറിയത്തോടും മാലാഖാമാരോടും വിശുദ്ധരോടും ചേർന്നുനിൽക്കുന്ന ആരാധനാവേളയിലാണ് യഥാർഥത്തിൽ നമുക്കു ദൈവാനുഭവം സംജാതമാകുക. തത്ത്വശാസ്ത്രത്തിനും ദൈവശാസ്ത്രത്തിനുമൊന്നും വേണ്ടത്ര കണ്ടെത്താനാവാത്ത സ്വർഗാനുഭൂതിയുടെ നീരുറവയാണ് ആരാധനക്രമം-ദൈവികജീവന്റെ സ്രോതസ്സാണത്. കുർബാനതന്നെയാണ് അതിന്റെ കേന്ദ്രബിന്ദു.

## *മഹാരഹസ്യത്തിന്റെ അടയാളങ്ങൾ*

കുർബാനയിൽ അടയാളങ്ങളുണ്ട്. സ്വർഗാനുഭൂതി ലഭിക്കുവാൻ കുർബാനയുടെ ആ അടയാളാത്മക സ്വഭാവം നാം ഗ്രഹിക്കണം. വിശ്വാസംവഴിയാണ് ആ ഗ്രാഹ്യം കിട്ടുക. രക്ഷാകരചരിത്രത്തിന്റെ വാഗ്ദാനങ്ങളിലും സൂചനകളിലും വിശ്വസിക്കുന്നവർക്ക് ആരാധനയുടെ അനർഘവേദിയിലേക്ക് എളുപ്പം പ്രവേശനം ലഭിക്കും. അവരാണ് ആരാധനയുടെ രഹസ്യാത്മകതയിലേക്കു കടന്നുചെല്ലുന്നത്.

സഭയിലെ യഥാർഥ ആരാധകരാകുന്നതിനും ദൈവസാന്നിദ്ധ്യത്തിൽ മിശിഹാനുഭവം നേടുന്നതിനും സഭയുടെ ധ്യാനാത്മാകതയിൽ ലയിക്കുവാൻ നാം തയ്യാറാവണം. ഉപയോഗിക്കുന്ന വാക്കുകളുടെ ആന്തരാർഥം ഗ്രഹിക്കണം. രക്ഷാകരസൂചനകളുടെ ആശയം മനസ്സിലാക്കണം. വിശുദ്ധസ്ഥലത്തേക്കു പ്രവേശിക്കുമ്പോൾ ദൈവികമായവയുടെ സ്വാരസ്യം ഉൾക്കൊള്ളാനാവശ്യമായ വിശുദ്ധ വികാരവിചാരങ്ങൾ നമുക്കുണ്ടാവണം.

അനുഭൂതികൾക്കായി ഇന്നു ലോകം പരക്കംപായുകയാണ്. സഭയോടുചേർന്ന് ശരിയായ ദൈവവിശ്വാസമാർജിച്ചുകൊണ്ട് ഹൃദയത്തെ നിർമ്മലമാക്കി വിശുദ്ധ സ്ഥലത്തു പ്രവേശിച്ച് "ആദ്ധ്യാത്മികവും അതേസമയം മനുഷ്യപ്രകൃതിക്കു ചേർന്നതുമായ യഥാർഥ ബലി" അർപ്പിക്കുമ്പോൾ നൈമിഷിക അനുഭൂതികളല്ല, യഥാർഥ സ്വർഗാനുഭൂതിതന്നെ കരഗതമാകുന്നു.

യഥാർത്ഥ ആരാധകമനോഭാവമാണ് മിശിഹായുടെ മണവാട്ടിയായ സഭയിൽ സാക്ഷാത്കൃതമായിട്ടുള്ളത്. അതുകൊണ്ടുകൂടെയാണ് സഭയുടെ പ്രാർത്ഥന (സഭയുടെ ആരാധന) ദൈവത്തിന് ഏറ്റവും പ്രീതിജനകമായിരിക്കുന്നത്. ഉറച്ച വിശ്വാസം, തികഞ്ഞ സ്നേഹം, അഗാധമായ വിനയം, ആത്മാർത്ഥമായ പാപബോധം, അളവറ്റ കൃതജ്ഞത, കർത്താ

വിന്റെ വാഗ്ദാനങ്ങളിലുള്ള പ്രത്യാശ, ഉത്ഥാനത്തിലുള്ള ഉറപ്പ് ഇവയെല്ലാമാണ് യഥാർത്ഥ ആരാധകമനോഭാവത്തിലുള്ളത്.

## *പ്രാർത്ഥന ഒരു മറുപടി*

സഭാത്മകമായ പ്രാർത്ഥനയ്ക്ക് അടിസ്ഥാനപരമായി ഒരു മറുപടിയുടെ സ്വഭാവമാണുള്ളത്. ദൈവം നമ്മോടു സംസാരിക്കുകയും നമ്മുടെ ചരിത്രത്തിലിടപെടുകയും നമ്മുടെ സ്വതന്ത്രമായ മറുപടി പ്രതീക്ഷിക്കുകയും ചെയ്യുന്നു. നമ്മുടെ ദൈവം പരസ്പരസംസർഗത്തിന്റെ ത്രിത്വമാണ്. അതുകൊണ്ട് ഒരു സംവാദത്തിൽ പ്രവേശിക്കുന്നതിന് സാധ്യതയുണ്ട്. ആ സംവാദത്തിലാണ് നമ്മുടെ പ്രാർത്ഥന ദൈവത്തിനു സ്വീകാര്യമാകുക.

വചനം മാംസം ധരിച്ച് നമ്മുടെയിടയിൽ വസിച്ച് ആബാ-പിതാവേ എന്നു വിളിച്ചു പ്രാർത്ഥിക്കാൻ നമ്മെ പ്രേരിപ്പിക്കുകയും തന്റെ അരൂപിയിലൂടെ നമുക്കതിന് അർഹത നേടിത്തരുകയും ചെയ്തു. പുത്രന്റെ സമ്പൂർണ്ണസമർപ്പണം പിതാവിനു സ്വീകാര്യമായി. ആ സമർപ്പണത്തിൽ ദൈവവും മനുഷ്യനുമായുള്ള അനുരഞ്ജനം സാധിതമായി; നമുക്കു ദൈവികജീവൻ പ്രാപിക്കാം എന്നായി. കുർബാനയിൽ നമ്മുടെ പ്രാർത്ഥന പുത്രന്റെ ഈ മറുപടിയോടു ചേർന്ന് ആരാധനയുടെയും സ്തുതിയുടെയും കൃതജ്ഞതയുടെയും മറുപടിയാകുന്നു.

പുത്രനോടുചേർന്നു പൂർണ്ണമായി മറുപടി നല്കുന്നത്, ആരാധിക്കുന്ന സഭയാണ്. നമ്മുടെ പ്രാർത്ഥനകൾ സഭയുടെ പ്രാർത്ഥനയുടെ സ്വഭാവത്തിനും ചൈതന്യത്തിനും ചിന്തകൾക്കും അനുയോജ്യമാകണം. മാനുഷികമായ രീതിയിൽ നമുക്ക് ഒറ്റയ്ക്ക് നടത്തുവാൻ കഴിയാത്ത കൃതജ്ഞതാപ്രകടനം "സകലസൗഭാഗ്യങ്ങളും നിറഞ്ഞു മകുടംചൂടിനില്ക്കുന്ന സഭ"യിലാണു സാധ്യമാകുന്നത്.

## *'ഞാനും എന്റെ ദൈവവും' പോരാ*

കേവലം 'ഞാനും എന്റെ ദൈവവും' എന്ന നിലയിൽ നമുക്കു പ്രാർത്ഥിക്കാനാവില്ല. സഭയിൽനിന്ന് അന്യമായി നമുക്ക് ഒരു ക്രൈസ്തവത്വമില്ല. മിശിഹായുമായുള്ള നമ്മുടെ താദാത്മ്യം സാധിക്കുന്നതു സഭയിലാണ്. തങ്ങളുടെ വ്യക്തിപരമായ ആരാധനകളെക്കാൾ ശ്രേഷ്ഠവും ഫലദായകവുമാണു സഭയുടെ ആരാധനയെന്ന ബോധ്യം നമ്മുടെ സമൂഹത്തിനുണ്ടാകണം. വ്യക്തിയെന്ന നിലയിൽ സ്വകാര്യമായി നാം പ്രാർത്ഥിക്കുമ്പോഴും സഭാത്മക കൂട്ടായ്മയുടെ ഭാവം നമുക്കു വിസ്മ

രിക്കുക വയ്യ. ദൈവത്തെ മിശിഹായിൽ 'പിതാവേ' എന്നു വിളിക്കുന്നവരോട് ആത്മനാ യോജിച്ചുകൊണ്ട്, സഭാശരീരത്തിലെ അവയവം എന്ന നിലയിലാണ് അപ്പോഴും നാം പ്രാർത്ഥിക്കുന്നത്. മൗലികമായും സാമൂഹികമാനത്തോടുകൂടിയതാണ് കത്തോലിക്കാവിശ്വാസവും പ്രാർത്ഥനയും ആരാധനയും.

തന്റെ നാഥന്റെ മുന്നിൽ നിന്നുകൊണ്ട് സ്വയം സമർപ്പിക്കുന്ന സഭയുടെ വിചാരങ്ങളും വികാരങ്ങളുമാണ് കുർബാനയിൽ പ്രകാശിതമാവുന്നത്. സഭയുടെ പ്രാർത്ഥന നമുക്കു സ്വന്തമാകണമെങ്കിൽ വിധേയത്വത്തിന്റെ മനോഭാവം ഉണ്ടാവണം. അതിനു കുറെയെങ്കിലും സ്വയംശൂന്യവത്കരണം ആവശ്യമാണ്.

മിശിഹായുടെ കാലംമുതലുള്ള സഭയോടു താദാത്മ്യപ്പെട്ടു സഭയുടെ സ്വയംസമർപ്പണത്തിൽ (കുർബാനയിൽ) പങ്കുചേരുന്നതിലൂടെയാണ് നാം രക്ഷയിൽ ഭാഗഭാക്കുകളാകുക. കുർബാനയിലെ പ്രാർത്ഥനകൾ അർത്ഥമാക്കുന്നവ എന്തെന്നറിഞ്ഞ് അവയോടു യോജിക്കണമെങ്കിൽ ശരിയായ വിശ്വാസപരിശീലനം ലഭിക്കണം.

## *ഉയിരേകുന്നത് ഉയിർത്തവൻ*

ഉത്ഥാനാനുഭവത്തിൽ പങ്കുചേരുക എന്നത് പരമപ്രധാനമാണ്. മിശിഹായുടെ ഉത്ഥാനത്തിലും നമ്മുടെ ഉയിർപ്പിലുമുള്ള വിശ്വാസത്തെ മാറ്റിനിർത്തിക്കൊണ്ട് കുർബാനയും മറ്റു കൂദാശക്രമങ്ങളും മനസ്സിലാക്കാൻപോലും സാധിക്കയില്ല. ഈ വിശ്വാസത്താൽ നയിക്കപ്പെട്ടവരായിരുന്നു ശ്ലീഹന്മാർ. ഉയിർത്തെഴുന്നേറ്റ മിശിഹായോടും ഉത്ഥാനാനുഭവം സിദ്ധിച്ച ശ്ലീഹന്മാരോടുമുള്ള കൂട്ടായ്മയാണ് രക്ഷിക്കപ്പെട്ടവരുടെ സമൂഹം. അതാണു സഭ.

ഈശോ ഉയിർത്തെഴുന്നേറ്റു എന്ന സത്യത്തിന്റെ മറുവശമാണ് അവിടുന്ന് വീണ്ടും വരും എന്നുള്ളത്. ഉത്ഥാനസന്ദേശത്തിലെ അവിഭാജ്യമായ ഘടകമാണ് അവിടുത്തെ രണ്ടാമത്തെ ആഗമനം എന്ന സത്യം. ലോകത്തിലെ നിരാശജനകമായ ചുറ്റുപാടുകളിൽനിന്ന് നമ്മെ മോചിപ്പിക്കുന്ന പ്രത്യാശനിറഞ്ഞ ഈ പ്രാർത്ഥനാനുഭവം വീണ്ടെടുക്കാൻ, ബലിയിലുള്ള നമ്മുടെ പങ്കാളിത്തം സജീവമായാൽ മതി.

ഈശോമിശിഹായുടെ രണ്ടാമത്തെ ആഗമനത്തിൽ നാം ആത്മാർത്ഥമായി വിശ്വസിക്കുകയാണെങ്കിൽ നമ്മുടെ ജീവിതത്തിനു സാരമായ വ്യത്യാസമുണ്ടാകും. പ്രപഞ്ചവസ്തുക്കളെ അവയുടെ

യഥാർത്ഥ നിലയിൽ മനസ്സിലാക്കാനും കൈകാര്യം ചെയ്യാനും നമുക്കു കഴിയും. ഭൗതികതയ്ക്കപ്പുറത്തേക്കു നമ്മെ നയിക്കുന്ന ഈ സത്യ ദർശനം എതിർപ്പുകളെയും മർദ്ദനങ്ങളെയും പരിഹാസങ്ങളെയും അതി ജീവിക്കാൻ നമുക്കു പ്രചോദനം നല്കും. ഈ ബോധ്യം നമ്മുടെ ജീവി തത്തിന്റെ എല്ലാ തലങ്ങളെയും ആഴമായി സ്വാധീനിക്കുമ്പോഴാണ് ഉത്ഥാ നാനുഭവത്തിൽ നിറഞ്ഞ ഒരു ആധ്യാത്മിക ജീവിതം നമുക്കുണ്ടാവുന്ന ത്.

## *വിശ്വാസത്തിന്റെ മഹാപ്രകാശനം*

ആരാധനയുടെയും ആധ്യാത്മികതയുടെയും കൈവഴികൾ സഭ യുടെ വിശ്വാസത്തിന്റെതന്നെ കൈവഴികളാണ്. അവയിൽനിന്നു വേർപെട്ട് ആർക്കും ഒരു വിശ്വാസാനുഭവം ഇല്ല. വിശ്വാസാനുഭവം ആരംഭം മുതൽ വിവിധ രീതികളായാണു ലഭ്യമായിട്ടുള്ളത്. ആദിമനൂ റ്റാണ്ടുകളിൽ നിയതരൂപം പ്രാപിച്ച വിശ്വാസസമൂഹങ്ങളോടു ബന്ധപ്പെ ടാതെ നമുക്കു വിശ്വാസം സ്വീകരിക്കാൻപോലും പറ്റില്ല. വിശ്വാസമെ ന്നതു കേവലം തത്വങ്ങളല്ല എന്നു മനസ്സിലാക്കുമ്പോഴാണ്, വിശ്വാസ ത്തിന്റെ സമുന്നതപ്രകാശനമായ കുർബാനയെ നമുക്കു ഗ്രഹിക്കാൻ കഴിയുക.

സഭയുടെ പരമോന്നത ആരാധനയായ കുർബാനയോടു താദാത്മ്യ പ്പെടാനും അതിൽ അധിഷ്ഠിതമായ ആധ്യാത്മികതയ്ക്ക് രൂപംകൊടു ക്കാനും പലർക്കും സാധിക്കാത്തതിന്റെ ഒരു കാരണം, വ്യക്തിനിഷ്ഠ മായ അനുഭൂതിക്കു നൽകുന്ന അനർഹമായ പ്രാധാന്യമാവാം. വ്യക്തി മാത്രപ്രധാനമായ ചിന്ത ആധുനികസംസ്കാരത്തിൽ ഏറെ വളർന്നു. എന്നാൽ സഭയുടെ ആരാധന സാമൂഹികസ്വഭാവത്തോടുകൂടിയതാണ്. വിശ്വാസത്തിന്റെ വസ്തുനിഷ്ഠമായ ധാരണകളിൽ അധിഷ്ഠിതമാണ ത്. വ്യക്തിയുടെ സ്വയംപ്രകാശനമല്ല, സഭയുടെ പരമമായ ആത്മപ്രകാ ശനമാണ് അവിടത്തെ പ്രധാന കാര്യം. വ്യക്തി ആരാധനാസമൂഹത്തോട് അനുരൂപപ്പെടുകയാണ് അവിടെ ആവശ്യം.

## *കാഴ്ചയ്ക്കപ്പുറത്തെ കാഴ്ച*

സമഗ്രമായ ജീവിതദർശനമാണ് കുർബാനയിലൂടെ ആവിഷ്ക്കരി ക്കപ്പെടുന്നത്. അതിസ്വാഭാവിക യാഥാർത്ഥ്യം - സ്വർഗീയ യാഥാർത്ഥ്യം-ആണ് അവിടെ നമുക്കായി സന്നിഹിതമാവുക. കാണു കയും സ്പർശിക്കുകയും ചെയ്യുന്നതിനപ്പുറമുള്ള യാഥാർത്ഥ്യം ദർശി

ക്കാൻ തയ്യാറാണെങ്കിൽ ബലിയർപ്പണം സജീവ അനുഭവമായി മാറും.

മനോഹരവും അർത്ഥപുഷ്ടവുമായ പ്രാർത്ഥനകളുടെയും സ്തുതി കീർത്തനങ്ങളുടെയും ദൈർഘ്യം കുറച്ചും ആവർത്തനം ഉപേക്ഷിച്ചും സമയം ലാഭിക്കാൻ നോക്കിയാൽ, ദൈവത്തിനു നൽകേണ്ട കൃതജ്ഞ തയും സ്തുതിയും നിഷേധിക്കുകയാവും ചെയ്യുക. സഭയുടെ ശിരസ്സായ മിശിഹായോടു ചേർന്ന് ദൈവത്തിനു സ്തുതിയും സ്തോത്രവും അർപ്പി ക്കുന്നതിൽ അഭിമാനിക്കാനും സന്തോഷിക്കാനും സാധിക്കുന്നവർക്ക് സമയദൈർഘ്യത്തിൽ അസന്തുഷ്ടി അനുഭവപ്പെടുന്നില്ല.

## *വിശ്വാസം-സമർപ്പണം-ബലി*

നമുക്കു വിശ്വാസം ലഭിക്കുന്നതും നാം വിശ്വാസജീവിതത്തിൽ വള രുന്നതും വിശ്വാസികളുടെ സമൂഹമായ സഭയിലെ പങ്കാളിത്തത്തിലൂ ടെയാണ്. സഭയാണ് മിശിഹായെയും അവിടുത്തെ പിതാവിനെയും ഏറ്റവും കൂടുതൽ അടുത്തറിയുന്നത്. തന്റെ മണവാട്ടിയായ സഭയ്ക്കാണ് മിശിഹാ ദൈവികരഹസ്യങ്ങൾ ഏറ്റവും കൂടുതൽ വെളിപ്പെടുത്തുന്നത്. ആ വെളിപ്പെടുത്തലിനുള്ള മറുപടി സഭയുടെ ആഴമായ വിശ്വാസവും സ്വയംസമർപ്പണവുമാണ്. വിശ്വാസത്തിന്റെതന്നെ പരമമായ രൂപമാണ് സമർപ്പണം. ഏറ്റവും വലിയ സമർപ്പണമാണ് കുർബാന.

ആരാധനക്രമത്തിന്റെ കേന്ദ്രബിന്ദുവായ ശുശ്രൂഷയ്ക്ക് നൽകിയി രിക്കുന്ന പേരാണ് പരിശുദ്ധ കുർബാന. ഈ പേരുതന്നെ ധ്യാനവിഷയ മാക്കിയാൽ, ആ തിരുക്കർമ്മത്തിന്റെ പൊരുൾ ഗ്രഹിക്കുക എളുപ്പമാ ണ്. അടുപ്പിക്കുക എന്നർത്ഥമുള്ള ഒരു മൂലപദത്തിൽനിന്ന് ഉരുത്തിരിഞ്ഞ നാമരൂപമാണ് സുറിയാനി വാക്കായ 'കുർബാന'. പരിശുദ്ധമായ സമ്മാ നം, കാഴ്ചവസ്തു സമർപ്പണം എന്നെല്ലാം ഈ പദത്തിന് അർത്ഥം കല്പിക്കാം. ഏറ്റവും സമുന്നതമായ സമ്മാനമാണു ബലി. അങ്ങനെ ഈ ശുശ്രൂഷയെ ബലിയായി കാണുക എന്ന സഭാപാരമ്പര്യം അതിന്റെ പേരുകൊണ്ടുതന്നെ ഉറപ്പിച്ചിരിക്കുന്നു.

അഗാധമായ കൃതജ്ഞതയുടേയും പാപപരിഹാരത്തിന്റെയും അട യാളമായിട്ടാണ് പഴയകാലത്ത് വിവിധ മതങ്ങളിൽ ബലി അർപ്പിക്കപ്പെ ട്ടിരുന്നത്. തങ്ങൾക്കേറ്റവും വിലപ്പെട്ട വസ്തുക്കളെ ദൈവത്തിനു നൽകി ക്കൊണ്ട് തങ്ങളുടെ വിധേയത്വം പ്രകടിപ്പിക്കുകയാണ് മനുഷ്യൻ ബലി യിലൂടെ. പുതിയ നിയമത്തിലെ പ്രധാനാചാര്യൻ തനിക്കു ബാഹ്യമായി ട്ടുള്ള പദാർത്ഥങ്ങളെയോ ജീവികളേയോ അല്ല, തന്നെത്തന്നെയാണ് പിതാ

വിനു കാഴ്ചയായി സമർപ്പിച്ചത്. ഈ ബലിയുടെ അനുസ്മരണത്തിലൂടെ നാം നമ്മെത്തന്നെ മിശിഹായോടു ചേർത്തു സമർപ്പിക്കുന്നുവെന്ന ധാരണ സഭയിൽ ആദികാലം മുതലേ രൂഢമൂലമായിരുന്നു. അങ്ങനെ ദൈവത്തിന്റെ മുൻപിലുള്ള നമ്മുടെ പരമമായ സമർപ്പണത്തിനാണ് പരിശുദ്ധ കുർബാനയെന്നു സഭ പേരിട്ടത്.

കുർബാനയിലെ സജീവഭാഗഭാഗിത്വം വർദ്ധിപ്പിക്കാൻ ശ്രമിക്കുമ്പോൾ മിശിഹായിലൂടെയുള്ള സംഘാതമായ സ്വയംസമർപ്പണം സാധിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം.

## *അവിടുത്തെ ദാനം + നമ്മുടെ സമർപ്പണം*

ദൈവത്തിനു സ്വീകാര്യമായ രീതിയിൽ ആത്മസമർപ്പണം സാധിക്കുന്നത് അവിടുത്തെ ഏകജാതന്റെ ബലി എന്ന ദൈവികദാനത്തിൽ നമ്മുടെ സമർപ്പണം ചേർക്കുന്നതുകൊണ്ടാണ്. ദൈവത്തിന്റെ സ്വയംദാനം, നമ്മുടെ ആത്മസമർപ്പണം ഇവയുടെ സമന്വയമാണ് കുർബാനയർപ്പണത്തിന്റെ കാതൽ.

മിശിഹായുടെ സമർപ്പണം ഇന്നും കൂദാശവഴി നിറവേറുന്നു. കൂദാശകളുടെ കൂദാശയായ കുർബാനയിൽ നമ്മുടെ ആത്മാർപ്പണം സഭയിലൂടെ മിശിഹായുടെ സമർപ്പണത്തിൽ ചേർക്കാൻ സാധ്യമാണ് എന്നത് കത്തോലിക്കാ വിശ്വാസത്തിന്റെ കാതലാണ്. ചില ക്രൈസ്തവ സഹോദരങ്ങൾക്ക് ഇതു ഗ്രഹിക്കാൻ കഴിഞ്ഞിട്ടില്ല. സഭയിലെ പൗരോഹിത്യവും ബലിയർപ്പണത്തിൽ കേന്ദ്രീകരിച്ചതായിക്കാണാൻ അവർക്കു കഴിയുന്നില്ല.

ദൈവം തന്നെത്തന്നെ നമുക്കു നൽകിയതിനെ ഓർമ്മിപ്പിച്ചുകൊണ്ട് നിരന്തരം അവിടുത്തേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും അർപ്പിക്കാനാണ് നമ്മൾ അവയവങ്ങളായിട്ടുള്ള സഭ നമ്മളോട് ആവശ്യപ്പെടുന്നത്. ഈ അവബോധം നമ്മിലുണ്ടെങ്കിൽ, പരിശുദ്ധ കുർബാനയർപ്പണത്തെത്തുടർന്ന് നമ്മുടെ ജീവിതം ഒരു പ്രത്യേകമായ രൂപവും ഭാവവും കൈക്കൊള്ളും. അതാണ് യഥാർത്ഥ ക്രൈസ്തവജീവിതം.

## *ജീവിതബലിയുമായി അൾത്താരബലി*

കുർബാനയിൽ നാം മിശിഹായുടെ സമർപ്പണത്തോടു ചേർത്ത് നമ്മെത്തന്നെ ദൈവത്തിനു സമർപ്പിക്കുന്നുവെങ്കിൽ, ജീവിതത്തെ മുഴു

വൻ ദൈവത്തിനു വിധേയമായ രീതിയിൽ നാം ക്രമവത്കരിക്കും. ആ ജീവിതം മുഴുവൻ സമാഹരിച്ചുകൊണ്ടാണ് മിശിഹായുടെ സിംഹാസനമായ ബലിവേദിയുടെ മുമ്പിൽ നില്ക്കുന്ന സഭയുടെ നടുവിലേക്കു നാം പ്രവേശിക്കുക; അപ്പോൾ സഭയുടെ കുർബാന നമ്മുടെ കുർബാനയായിത്തീരുന്നു. കുർബാനയിലെ പ്രാർത്ഥനകളും കർമ്മങ്ങളും നമ്മുടെ ജീവിതത്തിന്റെ പ്രകാശനം തന്നെയാവുന്നു.

ദൈവത്തോടുള്ള ബന്ധമാണ് നമ്മുടെ സാമൂഹിക പ്രവർത്തനങ്ങൾ മികവുറ്റതാക്കിത്തീർക്കുന്നത്. സ്ഥായിയായ സാഹോദര്യത്തിനുള്ള പ്രചോദനം നൽകാനാണ് കുർബാനക്രമം എന്നും ശ്രമിക്കുക. ദൈവത്തിലൂടെ-ദൈവാരാധനയിലൂടെ-മാത്രമേ ത്യാഗനിർഭരമായ സ്നേഹത്തിൽ അയൽക്കാരോടു ബന്ധപ്പെടാൻ കഴിയൂ. നമ്മെ സ്വയംശൂന്യമാക്കുന്നതിനു വേണ്ടത്ര പ്രേരണ നൽകാൻ യുക്തിക്കോ വികാരത്തിനോ മാത്രം ആവില്ല. മദർ തെരേസയെപ്പോലുള്ള യഥാർഥ മനുഷ്യസ്നേഹികൾ ക്രൂശിതനായ ക്രിസ്തുവിന്റെ ബലിയിൽനിന്നാണ് അവരുടെ ചൈതന്യം ഉൾക്കൊണ്ടിട്ടുള്ളത്.

ആത്മത്യാഗോജ്ജ്വലവും പ്രവർത്തനോന്മുഖവുമായ സഹോദരസ്നേഹമാണ് കറയറ്റ ദൈവസ്നേഹത്തിന്റെ പ്രകടനവും പ്രതിച്ഛായയും. കുർബാനയിലൂടെ ദൈവാനുഭവം ഉൾക്കൊണ്ട് നാം സഭയായിത്തീരുന്നത് അതുവഴിയായി ലോകത്തെ നവീകരിക്കാനാണ്. ലോകം ദൈവത്തിനു സമർപ്പിക്കപ്പെടുന്നത് പരിശുദ്ധ കുർബാനയോടുള്ള നമ്മുടെ വിധേയത്വത്തിലൂടെയാണ്; പ്രതിബദ്ധതയിലൂടെയാണ്.

ഇത്തരം കാര്യങ്ങൾ മനസ്സിലാക്കി നമ്മുടെ വ്യക്തിപരമായ ആധ്യാത്മികത സഭയുടെ കുർബാനയിൽ കേന്ദ്രീകരിച്ചു മെനഞ്ഞെടുക്കുവാനാണ് നാം തയ്യാറാകേണ്ടത്. അങ്ങനെ തിരുസഭയുടെ ആരാധനാവാക്കുകൾ നമ്മൾ നമ്മുടേതാക്കുമ്പോൾ കുർബാന നമ്മുടെ ജീവിതകേന്ദ്രമാകുന്നു; നമ്മുടെ ജീവിതം കുർബാനകേന്ദ്രീകൃതമായി രൂപാന്തരപ്പെടുന്നു. നാം അവിടുത്തെ സാക്ഷികൾ ആയിരിക്കും. അവിടുന്ന് എന്നും നമ്മോടുകൂടി ഉണ്ടായിരിക്കും.

## അധ്യായം മൂന്ന്

# ഈ പൈതൃകം എങ്ങും പ്രസക്തം

*മാതൃസഭയുടെ മക്കളാകാതെ തിരുസ്സഭയുടെ മക്കളാകാൻ ആവില്ല എന്ന കാര്യം എപ്പോഴും അനുസ്മരിപ്പിക്കുന്ന മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്ത, സീറോ-മലബാർ സഭയുടെ പൈതൃകത്തെയും ആരാധനക്രമ നവോത്ഥാനത്തെയുംകുറിച്ച് എടുത്ത നിലപാടുകളുടെ സംഗ്രഹം ചുവടെ:*

സഭാപാരമ്പര്യങ്ങളിൽ പുരാതനങ്ങളായവയെ “പഴഞ്ചനും വിരസവും” ആയി മുദ്രകുത്താൻ എന്റെ വിശ്വാസം എന്നെ അനുവദിക്കുന്നില്ല. അവയെ അനർഘനിക്ഷേപവും വിശ്വാസത്തിന്റെ ഉറവിടവുമായാണ് മനസ്സാക്ഷി കാണിച്ചുതരുന്നത്. വിശുദ്ധ പാരമ്പര്യങ്ങളെ “പഴഞ്ചനും വിരസവും” എന്നു പറഞ്ഞു തള്ളിയാൽ പുതിയനിയമഗ്രന്ഥങ്ങളും അതിലുപരി പഴയനിയമഗ്രന്ഥങ്ങളും ഇതേവിധം മുദ്രകുത്തി പുറംതള്ളേണ്ടിവരുമല്ലോ.

ആദ്യനൂറ്റാണ്ടുകളിലെ ഭാരതം എങ്ങനെയായിരുന്നു? വളരെ വ്യക്തമായ തെളിവുകൾ നമുക്കില്ല. എങ്കിലും അന്ന് കേരളം ദ്രാവിഡ സംസ്കാരത്തിന്റെ സ്വാധീനത്തിലായിരുന്നു എന്ന നിഗമനത്തിനാണ് ഇന്നു പ്രാബല്യമുള്ളത്. ആര്യസംസ്ക്കാരം ഇവിടെ മേൽക്കോയ്മ സ്ഥാപിച്ചതു പിന്നീടുമാത്രമാണ്. നിലവിലിരുന്നത് മിക്കവാറും ബുദ്ധമതമോ ദ്രാവിഡരുടെ ഗോത്രദൈവത്തിലുള്ള വിശ്വാസമോ ആയിരിക്കണം. സംഘകാലസാഹിത്യവും മറ്റും പരിശോധിക്കുന്നവർക്ക് ആ കാലത്തെ സംസ്ക്കാരത്തെക്കുറിച്ചു കൂടുതൽ പറയാൻ കഴിയും. കേരളത്തിലുണ്ടായിരുന്നവർക്ക് അന്ന് ‘ഭാരതദർശനം’ ഉണ്ടായിരുന്നുവെന്നു സമർത്ഥിക്കുകതന്നെ എളുപ്പമല്ല. അതുകൊണ്ട് അന്നൊരു ‘ഭാരതീയ ലിറ്റർജി’ ഉണ്ടായിരുന്നുവെന്നു പറയുന്നതിൽത്തന്നെ അപാകതയുണ്ട്.

ആദ്യകാല ലിറ്റർജികൾ (ദൈവാരാധനക്രമങ്ങൾ) രൂപംകൊണ്ടത് എങ്ങനെയെന്ന് കൃത്യമായി പറയാൻ ബുദ്ധിമുട്ടുണ്ടാവും. കുറെയെല്ലാം

രേഖകളുള്ള പാശ്ചാത്യദേശത്തുതന്നെയും ലിറ്റർജിയുടെ രൂപം എങ്ങനെ ഇന്നത്തെ നിലയിലായി എന്നതിന്റെ വിശദാംശങ്ങൾ വ്യക്തമായി തിട്ട പ്പെടുത്തിയിട്ടില്ല. ശ്ലീഹന്മാരുടെ പ്രബോധനത്തിന്റെയും ആദ്യകാല സന്ദേ ശവാഹകരുടെ മാതൃകയുടെയും അടിസ്ഥാനത്തിൽ വിശ്വാസികൾ ആരാ ധനയിലൂടെ പ്രതികരണം നല്കിയിരിക്കണം. ഈ ആരാധനയുടെ മൗലി കഭാവം യഹൂദ ആരാധനയിൽനിന്നു കൈക്കൊണ്ടതായിരുന്നു. ശ്ലീഹ ന്മാർ ആരംഭകാലത്തു ഞായറാഴ്ചകളിൽ നടത്തിയ അപ്പംമുറിക്ക ലിൽനിന്നും രൂപംകൊണ്ട രീതികൾ വിവിധ സ്ഥലങ്ങളിൽ നിലവിൽ വന്നിരിക്കാം. ശ്ലീഹായുടെയും ശിഷ്യന്മാരുടെയും ഊന്നലുകൾ അവരെ സ്വീകരിച്ചവരുടെ ആരാധനാരീതിയെ സ്വാഭാവികമായും സ്വാധീനിച്ചിട്ടു ണ്ടായിരിക്കും.

മാർത്തോമ്മാശ്ലീഹായും ശിഷ്യന്മാരും പ്രസംഗിച്ച സ്ഥലങ്ങളിൽ ക്രൈസ്തവസന്ദേശത്തിന് അവർ നല്കിയ ഊന്നലുകൾക്കനുസരിച്ച് ഏതാണ്ട് ഒരേ രൂപത്തിലുള്ള ആരാധനാശുശ്രൂഷകൾ രൂപംകൊള്ളുവാ നാണ് സാധ്യതയുള്ളത്. ഈ പ്രദേശങ്ങൾ തമ്മിൽ ആദ്യകാലംമുതലേ സംസർഗ്ഗമുണ്ടായിരുന്നുവെന്നുള്ളതുകൊണ്ട് രണ്ടാം നൂറ്റാണ്ടിലെങ്കിലും ശ്ലീഹന്മാരുടെ പേരിൽ എദേസ്സായിൽ രൂപംകൊണ്ട ആരാധനക്രമം നാമും ഉപയോഗിച്ചുതുടങ്ങിയിരിക്കാം. അതു കാലക്രമത്തിൽ ചെറിയ വ്യത്യാ സങ്ങളോടെ നമ്മുടെ പൊതുക്രമമായിത്തീർന്നു എന്നനുമാനിക്കാം. അതാണ് പില്ക്കാലത്ത് 'കൽദായ' എന്നപേരിലും അറിയപ്പെട്ട പൗര സ്ത്യസുറിയാനി ആരാധനക്രമം. ഇങ്ങനെ സംഭവിക്കുന്നതിനു ഹയരാർക്കിക്കൽ ബന്ധമൊന്നുമുണ്ടായിരിക്കണമെന്നില്ല.

മാർത്തോമായുടെ പാരമ്പര്യം അവകാശപ്പെടുന്ന നാലു പ്രാദേശി കസഭകളും ഒരേ ആരാധനക്രമം തങ്ങളുടെ പൊതുസമ്പത്തായി കരു തിയിരുന്നു എന്ന ചിന്തയാണ് മാർത്തോമ്മാക്രിസ്ത്യാനികളുടെ ഓർമ്മ യിൽ എന്നും ഉണ്ടായിരുന്നത്. അന്ന് ഓരോ ദേശത്തും ആരാധനക്രമ ങ്ങൾ മെനഞ്ഞെടുക്കണമെന്ന ചിന്ത ഒരു മതത്തിലും ഉണ്ടായിരുന്നു എന്നു തോന്നുന്നില്ല. വേദങ്ങളും ഹൈന്ദവപൂജാരീതികളും ഒന്നും കേര ളത്തിലുണ്ടായതല്ലല്ലോ. ഭാരതത്തിൽത്തന്നെയാണ് അവ മുഴുവൻ ഉണ്ടാ യതെന്നും തീർത്തുപറയാൻ പറ്റില്ല. പത്തൊമ്പതാം നൂറ്റാണ്ടുമുതൽ ഉണ്ടായ ശക്തമായ ദേശീയചിന്ത അന്നില്ലായിരുന്നു. എന്റെ ആരാധന രീതി ഇവിടെത്തന്നെ രൂപംകൊണ്ടങ്കിലേ എന്റേതായിരിക്കൂ എന്ന ചിന്ത വിശ്വാസസംഹിതകളുടെ ചരിത്രത്തിൽ അപൂർവ്വമാണ്. വിജാതീയരുടെ

ആരാധനാരീതികളിൽനിന്നും ഭിന്നമായ ക്രമങ്ങൾ പുലർത്താനും അതിൽ മാറ്റം വരുത്താതെ സൂക്ഷിക്കാനുമുള്ള പ്രവണതയായിരിക്കണം അന്ന് നിലവിലിരുന്നത്.

ആരാധനാരീതി നിരന്തരമായി മാറിക്കൊണ്ടിരിക്കണം എന്ന വാദവും പുതിയ പ്രവണതയാണ്. കാലാതീതമായ അംശങ്ങൾക്കാണ് ആരാധനയിൽ പ്രാധാന്യം നല്കേണ്ടത് എന്ന ചിന്തയായിരിക്കണം ആരാധനകളുടെ സ്ഥായീഭാവം പുലർത്താൻ വിശ്വാസികളെ പണ്ടു പ്രേരിപ്പിച്ചത്. പുതിയ ഭാവങ്ങൾ സ്വീകരിക്കുമ്പോൾ വിശ്വാസത്തിനു തേയ്മാനം സംഭവിക്കുമോ എന്ന ആശങ്കയും വിശ്വാസികൾക്കുണ്ടായിരുന്നു. ഈ ആശങ്കയും നിശ്ചിതക്രമങ്ങൾ ഉണ്ടാകാൻ കാരണമായിത്തീർന്നു.

കേരളത്തിൽ ആദ്യനൂറ്റാണ്ടിലുണ്ടായിരുന്ന ദ്രാവിഡസംസ്ക്കാരത്തിനും മദ്ധ്യപൂർവ്വദേശത്തെ സെമിറ്റിക് സുമേറിയൻ സംസ്ക്കാരങ്ങൾക്കും തമ്മിൽ വളരെ സാദൃശ്യമുണ്ടായിരുന്നുവെന്ന വസ്തുത ചരിത്രകാരന്മാർ ചൂണ്ടിക്കാട്ടുന്നുണ്ട്. യഹൂദന്മാരുടെ സാന്നിദ്ധ്യംമൂലം പ്രാചീന യഹൂദാരാധനയുടെയും സിനഗോഗുപ്രാർത്ഥനയുടെയും രീതികൾ രണ്ടു പ്രദേശങ്ങളിലും പ്രചരിച്ചിട്ടുണ്ടാവണം. ഈ സാഹചര്യങ്ങളെല്ലാം നോക്കുമ്പോൾ ഈ പ്രദേശങ്ങളിൽ ഒരു പൊതു ആരാധാനക്രമം ഉണ്ടാവുക എന്നതിൽ അസ്വാഭാവികമായി ഒന്നുമില്ല എന്ന ചിന്തയിലേക്കാണു നാം എത്തിച്ചേരുക. അദ്ദായിയുടെയും മാറിയുടെയും പേരിലുള്ള 'ശ്ലീഹന്മാരുടെ ആരാധനക്രമം' രണ്ടാം നൂറ്റാണ്ടിലെങ്കിലും ഈ പ്രദേശങ്ങളിലെല്ലാം സ്വീകൃതമായിരുന്നിരിക്കാം. ആരാധനക്രമത്തിനു കൃത്യത നല്കുക വിശ്വാസസംരക്ഷണത്തിന് ആവശ്യമാണെന്നു കണ്ട വിശ്വാസികൾ നിയതമായ ഒരു ക്രമത്തെ സർവ്വാത്മനാ സ്വാഗതം ചെയ്തിരുന്നിരിക്കണം.

## *ചരിത്രത്തിലെ പേരുദോഷം*

പേരുകൾ പലപ്പോഴും നമ്മെ തെറ്റിദ്ധാരണയിലേക്കു നയിക്കാനിടയുണ്ട്. പൗരസ്ത്യസുറിയാനി, കൽദായ എന്നുള്ള പേരുകളെല്ലാംകൊണ്ട്, നമുക്കു പൊതുവായി രൂപംകൊണ്ട ആരാധനക്രമത്തെ നാം വിളിക്കുമ്പോൾ അത് വിദേശീയമാണെന്നു തോന്നും. മാർത്തോമ്മാസ്ലീഹായുടെയും ശിഷ്യന്മാരുടെയും വിശ്വാസഘോഷണത്തിനു മറുപടിയായി രൂപംകൊണ്ട വിശ്വാസാഘോഷരീതി പൊതു സ്വഭാവത്തോടുകൂടിയതായിരിക്കണമെന്നും അതിന് നിയതരൂപം വന്നപ്പോൾ അത് സ്വാഭാവികമായും അവരുടേതെന്നപോലെ നമ്മുടേതുമായി എന്നുമുള്ള സത്യം വിസ്മരി

ച്ചുപോകാൻ ഇവിടെ സാദ്ധ്യതയുണ്ട്. ഇതാണ് പല മുൻവിധികൾക്കും അടിസ്ഥാനമായത്.

പൗരസ്ത്യസുറിയാനിയല്ലാതെ മറ്റൊരു രൂപം ഇവിടെയുണ്ടായിരുന്നെന്നും അതിന്റെ സ്വഭാവമെന്തായിരുന്നെന്നും മറ്റും തെളിയിക്കപ്പെട്ടാൽ അതിന്റെ അടിസ്ഥാനത്തിൻമേൽ പണിതുയർത്തുന്നതിൽ തെറ്റില്ല. പക്ഷേ ഏതാണ്ട് നിയതമായ ഒരുരൂപം നമുക്കുലഭ്യമായിക്കഴിഞ്ഞാൽ അതിന്റെ സർഗ്ഗാത്മകമായ വളർച്ചയാണ് നമ്മുടെ ലക്ഷ്യമായിത്തീരേണ്ടത്. നമുക്ക് ഇഷ്ടമുള്ളതെന്തും തിരുകിക്കയറ്റുക എന്നുള്ളതല്ല ആരാധനക്രമത്തിലെ അനുരൂപണത്തിന്റെ സ്വഭാവം. നിയതരൂപമുള്ള ഒരു ആരാധനക്രമം വളരുമ്പോൾ അതിന്റെ അന്തസ്സത്തയ്ക്കു ചേരുന്ന കാര്യങ്ങൾമാത്രം ചേർത്തുകൊണ്ടാണ് അതു വളരേണ്ടത് അങ്ങനെ വളരുമ്പോഴാണ് അത് മിശിഹാരഹസ്യം കൂടുതൽ വ്യക്തമായി അവതരിപ്പിക്കുന്നത്. വളർച്ച സർഗ്ഗാത്മകമായിരിക്കണം എന്നു നിർബന്ധിക്കുന്നതുകൊണ്ട് വളർച്ച തടസ്സപ്പെടുത്തുന്നു എന്നു പറയുക ഒട്ടുമേ ശരിയല്ല. ശരിയായ വളർച്ച സർഗ്ഗാത്മകമായ രീതിയിലേ സാധിക്കുകയുള്ളൂ. കൃത്രിമമായി കൂട്ടിച്ചേർക്കുന്നതാണു യതാർത്ഥമായ വികാസത്തെ തടസപ്പെടുത്തുന്നത്.

മാർത്തോമ്മാശ്ലീഹാ ഒരു 'ഭാരതീയ റീത്ത്' സ്ഥാപിച്ചു എന്നു ചിലർ പറയാറുണ്ടല്ലോ. വാസ്തവത്തിൽ റീത്ത് ഒരു പൈതൃകമാണ്. ആരാധന, ആദ്ധ്യാത്മികത, ദൈവശാസ്ത്രം, ശിക്ഷണക്രമം ഇതെല്ലാംകൂടിയുള്ള സമുച്ചയമാണ് റീത്ത്. ഇത് ഒരു ആദ്ധ്യാത്മികജീവിതരീതിയാണ് പ്രധാനമായും പ്രകടമാക്കുന്നത്. ആ വിധത്തിൽ ഇത് കാലത്തിനും ദേശത്തിനും അതീതമായ ഒരു യാഥാർഥ്യമായിട്ടു കാണേണ്ടിയിരിക്കുന്നു. ആ ആദ്ധ്യാത്മികക്രമം ഓരോ സ്ഥലത്തെയും ഭാഷയും അടയാളങ്ങളുമെല്ലാം ഉപാധിയായി സ്വീകരിക്കുമെന്നതു ശരിയാണ്. പക്ഷേ ഈ ആദ്ധ്യാത്മികപൈതൃകത്തിന് ലോകത്തിന്റെ അതിരുകൾവരെ പ്രസക്തിയുണ്ട്.

### *ആരാധനയുടെ മൂലഭാഷ*

ആരാധനയിൽ അന്നുപയോഗിച്ച ഭാഷ എന്തായിരിക്കും? അന്ന് അറമായിക്ക്, അല്ലെങ്കിൽ സുറിയാനി ഉപയോഗിച്ചിരുന്നിരിക്കാം എന്ന വാദഗതി തള്ളിക്കളയാനെളുപ്പമല്ല. പുരാതനമതങ്ങൾ എപ്പോഴും സംസാരഭാഷയല്ലല്ലോ വേദഭാഷയായും ആരാധനാഭാഷയായും ഉപയോഗിച്ചിട്ടുള്ളത്? ഹൈന്ദവർ ഇന്ന് ഇൻഡ്യയുടെ എല്ലാ ഭാഗങ്ങളിലും ആരാധ

നയ്ക്കു സംസ്കൃതം ഉപയോഗിക്കുന്നു. ഇസ്ലാം എന്നും അറബിഭാഷയാണല്ലോ ഉപയോഗിച്ചിട്ടുള്ളത്. ആദ്യനൂറ്റാണ്ടിൽ കേരളത്തിലെ ക്രൈസ്തവർ നാട്ടുമൊഴിയിലാണ് ആരാധിച്ചിരുന്നത് എന്നു പറയാൻ ന്യായമില്ല.

വിവിധ മതങ്ങളിലെ ആരാധനയും പ്രാദേശിക സംസ്ക്കാരവും തമ്മിലുള്ള ബന്ധം സങ്കീർണ്ണമായ ഒരു വിഷയമാണ്. ഭാഷയുടെ കാര്യം തന്നെ എടുക്കൂ. ഹൈന്ദവനു സംസ്കൃതവും മുസ്ലിമിനു അറബിയും പ്രത്യേക പ്രാധാന്യമുള്ള ഭാഷയാണ്. ക്രൈസ്തവർക്കു വിശുദ്ധ ഭാഷ എന്നൊന്നില്ല. എങ്കിലും ഈശോ സംസാരിച്ച അറമായ-സുറിയാനി ഭാഷയോട് ക്രൈസ്തവർക്കു മുഴുവനും, സുറിയാനി ക്രൈസ്തവർക്കു സവിശേഷമായും താല്പര്യവും ആദരവും ഒരു കാലത്തുണ്ടായിരുന്നു. ആ ചിന്ത നഷ്ടപ്പെട്ടിട്ടുണ്ട്. തിരുസഭയിൽ പൊതുവെ വിശ്വാസത്തിന്റെയും ആരാധനയുടെയും ആദ്യഘട്ടത്തെ അടിസ്ഥാനവസ്തുതയായി കാണുന്നതുകൊണ്ട് മൂലഭാഷകളായ സുറിയാനി, ഗ്രീക്ക്, ലത്തീൻ ഭാഷകളോടു പ്രത്യേകമായ ആദരവുണ്ട്. വിശ്വാസത്തിന്റെ ആദ്യകാലനിലപാടുകളോടു നാം യോജിച്ചാണോ പോകുന്നതെന്ന് നമുക്കു വിലയിരുത്തേണ്ടതുണ്ടല്ലോ. അതുകൊണ്ട് ഈ ഭാഷകൾ നമുക്ക് വളരെയധികം പ്രാധാന്യമർഹിക്കുന്നവയാണ്. ഇന്നുള്ള ഭാഷകളിലെല്ലാം നാം ആരാധന നടത്തിയാലും ഈ മൂലഭാഷകൾ നമുക്ക് പ്രാധാന്യമുള്ളതായി നിലകൊള്ളും. പക്ഷേ ഇന്നത്തെ ജനങ്ങൾക്ക് ഈ ഭാഷകളുമായുള്ള ബന്ധം ലോലമാകയാൽ ആരാധന പരികർമ്മം ചെയ്യാൻ മൂലഭാഷ ഉപയോഗിക്കുക എളുപ്പമുള്ള കാര്യമല്ല. പൗരസ്ത്യസഭകൾ പൊതുവെ സംസാരഭാഷ ആരാധനയിൽ ഉപയോഗിക്കുന്ന പതിവാണ് പുലർത്തിയിട്ടുള്ളത്.

## *സംസ്കാരം-സുവിശേഷം-ആരാധന*

ആരാധനക്രമങ്ങളുടെ ഉത്ഭവത്തിലും വളർച്ചയിലും സംസ്ക്കാരിക ഘടകങ്ങളുടെ സ്വാധീനം നിഷേധിച്ചിട്ടു കാര്യമില്ല. പക്ഷേ അമിതമായ പ്രാധാന്യം അതിനു നല്കുന്നത് ശരിയായിരിക്കില്ല. വിശ്വാസപ്രഘോഷണത്തിലും അതിനുള്ള നമ്മുടെ മറുപടിയിലും ഉള്ള ഊന്നലുകളാണ് സർവ്വപ്രധാനമെന്നു പറയാം. നാലു സുവിശേഷഗ്രന്ഥങ്ങൾ ഒരേ വിഷയംതന്നെ വൈവിധ്യത്തിലാണല്ലോ അവതരിപ്പിക്കുന്നത്. മിശിഹാരഹസ്യം പലവിധത്തിൽ, വ്യത്യസ്തമായ ഊന്നലുകൾ നല്കിക്കൊണ്ടാണ് സുവിശേഷകന്മാർ നമ്മെ അറിയിക്കുന്നത്. ശ്രോതാക്കളുടെ അല്ലെങ്കിൽ അനുവാചകരുടെ വൈവിധ്യം അവതരണരീതിയെ സ്വാധീ

നിച്ചിരിക്കാം. പക്ഷേ അതിലുപരി, അപരിമേയ ദൈവികപദ്ധതി വൈവിധ്യത്തിലേ അറിയാനും സ്വാംശീകരിക്കാനും സാധിക്കുകയുള്ളൂ എന്ന സത്യം ഓർമ്മിക്കണം. അതുപോലെതന്നെ സുവിശേഷത്തിനു നാം ജീവിതത്തിലൂടെ നല്കുന്ന മറുപടിക്കും-നമ്മുടെ ക്രിസ്തീയജീവിതശൈലിക്കും-വൈവിധ്യമുണ്ടാവുക സ്വാഭാവികമാണ്.

സ്വാഭാവികമായും സുവിശേഷം ഓരോ സ്ഥലത്തും അവിടുത്തെ ഭാഷയും അടയാളങ്ങളും പ്രതീകങ്ങളുമെല്ലാം ഉപയോഗിക്കുകതന്നെ ചെയ്യും. എങ്കിലും മനുഷ്യവംശത്തിനു പൊതുവായ പല അടയാളങ്ങളും പ്രതീകങ്ങളുമുണ്ടെന്നും രക്ഷാപദ്ധതിയുടെ ചരിത്രത്തിൽ ദൈവവുമായുള്ള സംസർഗ്ഗത്തിൽ ഉപയോഗിച്ചിരുന്ന മൗലികമായ അനുഷ്ഠാനങ്ങളും പ്രതീകങ്ങളുമെല്ലാം സ്ഥായിയായി നില്ക്കുമെന്നും നാം ഓർമ്മിക്കേണ്ടതുണ്ട്.

സുവിശേഷം ഒരു സംസ്ക്കാരവുമായി താദാത്മ്യപ്പെട്ട് ഒന്നായിത്തീരുന്നു എന്നു പറയാനും വയ്യ. സംസ്ക്കാരങ്ങളെ ശുദ്ധി ചെയ്യാനും പുളിമാവായി വർത്തിക്കാനുമുള്ള ശക്തിയാണ് സുവിശേഷത്തിനുള്ളത്. വിശ്വാസം ചരിത്രത്തിൽ സ്വീകരിച്ചിട്ടുള്ള പൊതുവായ രൂപങ്ങളെ പാടേ മറന്നുകൊണ്ട് പുതിയ രൂപങ്ങൾ സ്വീകരിക്കാനും ബുദ്ധിമുട്ടുണ്ട്. നിയമത്തെ പൂർത്തിയാക്കാനായി വന്ന കർത്താവിന് ഇസ്രയേലിന്റെ ചരിത്രത്തെയും അവരുടെ ചില പ്രതീകങ്ങളെയും ജീവിതശൈലിയേയും തീർത്തും വിസ്മരിക്കാൻ പറ്റുമായിരുന്നില്ലല്ലോ.

അങ്ങനെ അവതീർണ്ണമായ ഒരു വിശ്വാസത്തെയാണ് സുവിശേഷവൽക്കരണത്തിനു വിധേയമാകുന്ന സംസ്ക്കാരങ്ങൾക്ക് അഭിമുഖീകരിക്കാനുള്ളത്. അതുകൊണ്ട് ദേശീയസംസ്ക്കാരം മാത്രമാണ് നിർണ്ണായകഘടകമെന്നു പറയുന്നതിൽ അപാകതയുണ്ട്. വെളിപാടിനു നാം നല്കുന്ന മറുപടിയുടെ അന്തഃസത്തയാണ് പരമപ്രധാനമായ കാര്യം. അതാണു സഭയുടെ ദൈവാരാധനയിൽ പ്രകാശിതമാകേണ്ടത്.

ദേശീയസംസ്ക്കാരങ്ങളെക്കുറിച്ചു പറയുമ്പോൾ അവയെക്കുറിച്ചുള്ള കാഴചപ്പാടിൽ വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ട് എന്നതും മറന്നുകൂടാ. ഇന്നത്തെപ്പോലെ രാഷ്ട്രം (Nation) എന്ന ആശയവുമായി സംസ്ക്കാരത്തെയോ (Culture) നാഗരികതയെയോ (Civilization) കൂട്ടിക്കുഴയ്ക്കുന്നത് ഈ അടുത്തകാലത്തെ പ്രവണതയാണ്. യൂറോപ്യൻ സംസ്ക്കാരവും നാഗരികതയും പല രാജ്യങ്ങളെയും ദേശീയതകളെയും

ഉൾക്കൊള്ളുന്നുണ്ടല്ലോ. ഇന്ന് പാക്കിസ്ഥാൻ, ഭാരതം, ബംഗ്ലാദേശ് എന്നു പറയുന്ന രാഷ്ട്രങ്ങൾക്കെല്ലാം പൊതുവായി പല അടയാളങ്ങളും പ്രതീകങ്ങളും ഉണ്ട്. ദേശീയതയ്ക്കും അതീതമായ ഒരു പൊതുനാഗരികതയെക്കുറിച്ചു ഇവിടെ പറയാൻ പറ്റില്ലേ? 1947വരെ ഇവയെല്ലാം ഒന്നായിരുന്നല്ലോ. ഇവിടങ്ങളിലെ ജനതകൾക്കിടയിൽ പല സാംസ്കാരിക വശങ്ങളും പൊതുവായിട്ടുണ്ട്. അതുകൊണ്ട് ദേശീയതയെ സംസ്ക്കാരവുമായി കൂട്ടിക്കുഴയ്ക്കുന്നത് ശരിയായിരിക്കില്ല. ചില സാംസ്ക്കാരിക ഘടകങ്ങൾ സ്വീകരിക്കുന്നതുകൊണ്ടുമാത്രം ഒരാളുടെ ദേശീയബോധം ഉറപ്പിക്കാനും പറ്റില്ല.

ഓർമ്മിക്കാനുള്ള മറ്റൊരു കാര്യം സംസ്ക്കാരത്തിൽ കൊള്ളേണ്ടതും തള്ളേണ്ടതുമായ ഭാവങ്ങൾ ഉണ്ടെന്നുള്ളതാണ്. അതുകൊണ്ടു തന്നെയാണ് സഭ ഒരു സംസ്ക്കാരവുമായും പൂർണ്ണമായി താദാത്മ്യപ്പെടാത്തത്. പുതിയ നാഗരികതയിൽത്തന്നെ എത്രയോ വശങ്ങൾ തിന്മയുടേതായി തള്ളിക്കളയേണ്ടതായിട്ടുണ്ട്. "മരണത്തിന്റെ സംസ്ക്കാരം" ഇന്ന് എല്ലാ നാടുകളിലും പടർന്നിട്ടുണ്ടല്ലോ. നമ്മുടെ നാട്ടിലെ സംസ്ക്കാരത്തിൽത്തന്നെ ജീവന്റെ പൂർണ്ണതയ്ക്കു തടസ്സമായ എത്രയോ ഭാവങ്ങൾ കഴിഞ്ഞകാലത്തും ഇന്നും ഉണ്ട്.

ഏതു സംസ്ക്കാരത്തിന്റെയും ചില വശങ്ങളും ചില സംസ്ക്കാരങ്ങളുടെ പല വശങ്ങളും ക്രൈസ്തവവിശ്വാസവുമായി പൊരുത്തപ്പെടാതെവരും. ഒരു കാലത്ത് യൂറോപ്പിൽ Christendom എന്നു പറഞ്ഞിരുന്ന വ്യവസ്ഥിതിയിൽപോലും ക്രിസ്തീയതയ്ക്കു നിരക്കാത്ത പല വശങ്ങളും ഉണ്ടായിരുന്നുവെന്നതാണ് വസ്തുത.

അതുകൊണ്ട് ആ സങ്കീർണ്ണതകൾ കണക്കിലെടുത്തുവേണം ആരാധനക്രമവും സംസ്ക്കാരവുമായിട്ടുള്ള ബന്ധത്തെ കാണാൻ. തീർച്ചയായും ആരാധനക്രമത്തിന്റെ ഉത്ഭവത്തിലും വളർച്ചയിലും സാംസ്ക്കാരിക ഘടകങ്ങൾക്കു പ്രാധാന്യമുണ്ട്. പക്ഷേ ഈ യാഥാർത്ഥ്യം വളരെ ലളിതവത്കരിച്ച നിലയിൽ മനസ്സിലാക്കിയാൽ പോരാ. ഈ രംഗത്തെ സങ്കീർണ്ണത മനസ്സിലാക്കാതെയുള്ള ലളിതവൽക്കരണണമാണ് പല തെറ്റിദ്ധാരണകൾക്കും നിദാനം. ശരിയായ സാംസ്ക്കാരികാനുരൂപണത്തിനു തടസ്സമായി നില്ക്കുന്നതും മറ്റൊന്നല്ല. സംസ്ക്കാരത്തിന്റെ ചില ഘടകങ്ങൾ ആരാധനയിൽ സ്വാംശീകരിക്കുന്നതിനുമുമ്പു വേണ്ടത്ര വിശകലനവും വിചിന്തനവും ഇല്ലാതെപോകുന്നതും ഇതുകൊണ്ടുതന്നെ.

ദൗർഭാഗ്യകരമാണിത്.

## *അടിച്ചേല്പിച്ചതല്ല, ചേർന്നുണ്ടായതാണ്*

നമ്മുടെ പിതാക്കന്മാർ അടുത്ത നൂറ്റാണ്ടുവരെയും ആവർത്തിച്ചു പറഞ്ഞിട്ടുള്ളതും അവരുടെ ഉപബോധ മനസ്സിൽ മായാതെ നിന്നിട്ടുള്ളതും സുറിയാനി (അറമായിക്ക്) ഭാഷയും ആരാധനാരീതിയും തോമാശ്ലീഹായുടെ കാലംമുതലേ ലഭ്യമായിട്ടുള്ളതാണെന്ന ധാരണതന്നെയായിരുന്നു.

ഒരു വിദേശഭാഷ ആരാധനയിൽ ഉപയോഗിക്കുന്നത് ഭാരതത്തിലെ മതചിന്തയ്ക്ക് അന്യമായിരുന്നെന്നു തോന്നുന്നില്ല. ഹൈന്ദവരും മുസ്ലീങ്ങളും അങ്ങനെ ഉപയോഗിക്കുന്നത് തെറ്റായി കണ്ടിട്ടില്ല. നമ്മുടെ വിശ്വാസത്തിന്റെ ആഘോഷത്തിൽ വിശുദ്ധ ശ്ലീഹായുടെ കാലംമുതൽത്തന്നെ യഹൂദപാരമ്പര്യങ്ങളുടെ തുടർച്ചയായ കർമ്മാനുഷ്ഠാനങ്ങൾ ഉണ്ടായിരുന്നതും നിഷേധിക്കേണ്ട കാര്യമല്ല. അതുകൊണ്ട് നിയതരൂപത്തിലായപ്പോൾ മുതൽ മദ്ധ്യപൂർവ്വദേശത്തും ഇവിടെയും പൊതുവായ രീതികൾ നടപ്പിലായി എന്ന് അനുമാനിക്കുകയാണ് സ്വാഭാവികമായിട്ടുള്ളത്.

സുറിയാനിയും സുറിയാനി ആരാധനരീതിയും ഇടയ്ക്ക് ആരെങ്കിലും അടിച്ചേല്പിച്ചതായി പറയാൻ ന്യായങ്ങളില്ല. ഇവിടെ അഭയാർത്ഥികളായി ആരെങ്കിലും ഇടയ്ക്കു വന്നിട്ടുണ്ടെങ്കിൽ അങ്ങനെയൊരു മേൽക്കോയ്മ അവർക്ക് ഉണ്ടായിരുന്നുവെന്നു പറയാൻ തെളിവില്ല. വിശ്വാസത്തിന്റെ ആഘോഷമായി ഉപയോഗിച്ചുപോന്ന ആരാധനാരീതി ആരെങ്കിലും വന്നുകയറിയാലുടനെ മാറ്റുക എന്നത് പൂർവ്വികർക്കു ചിന്തിക്കുവാൻ സാധിക്കുമായിരുന്നില്ല. അങ്ങനെ മാറ്റാൻ പറ്റില്ല എന്ന ആ മനോഭാവം തന്നെയാണല്ലോ പോർട്ടുഗീസുകാലത്ത് അസ്വസ്ഥതകളുണ്ടാക്കിയത്.

അതുകൊണ്ട് തങ്ങൾക്കു പാടെ അന്യമായിരുന്ന ഒന്ന് ഒരു ഘട്ടത്തിൽ അവർ സ്വമേധയാ സ്വീകരിച്ചു എന്നു പറയുന്നതിൽ അസാംഗത്യമുണ്ട്. തങ്ങളുടെ വിശ്വാസത്തിന്റെ ആഘോഷമായിട്ടുതന്നെയാണ് നമ്മുടെ പിതാക്കന്മാർ– അവർക്ക് വലിയ ദൈവശാസ്ത്രവൈദഗ്ധ്യമൊന്നും ഇല്ലായിരുന്നെങ്കിലും –ആരാധനക്രമത്തെ കരുതിയിട്ടുള്ളത്.

പില്ക്കാലത്ത് പോർട്ടുഗീസുകാർ വരുത്തിയ മാറ്റങ്ങൾ എടുത്തുകളഞ്ഞ് വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശമനുസരിച്ച് പൗരസ്ത്യ

രീതികളിലേക്കു മടങ്ങുമ്പോൾ വലിയൊരു മാറ്റംതന്നെ വേണ്ടിവരുന്നു. അതു പലർക്കും പ്രയാസകരമാണെന്നത് മനസ്സിലാക്കാവുന്ന കാര്യമാണ്. ആ പ്രയാസം നീങ്ങാൻ ശരിയായ ബോധവൽക്കരണം നടത്തുകയേ വഴിയുള്ളു.

മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് (നസ്രാണികൾക്ക് അഥവാ സുറിയാനിക്രിസ്ത്യാനികൾക്ക്) പൗരസ്ത്യ സുറിയാനി സഭയുമായി എന്നുമുണ്ടായിരുന്ന ബന്ധം ഒരേ വിശ്വാസാവതരണരീതിയും ആരാധനരീതിയുമെല്ലാം പുലർത്തിയിരുന്ന സമൂഹങ്ങൾ തമ്മിലുള്ള ആത്മീയ ബന്ധമാണ്. മാർത്തോമ്മാശ്ലീഹായുടെയും ശിഷ്യന്മാരുടെയും വിശ്വാസപൈതൃകം കൈമുതലായി ഉണ്ടായിരുന്ന ഈ സമൂഹങ്ങൾ തമ്മിൽ ദൃഢമായ ബന്ധമുണ്ടാവുക സ്വാഭാവികമായിരുന്നു. പ്രത്യേകിച്ച് ദേശീയതയുടെ പേരിലുള്ള വേർതിരിവുകൾ അത്ര ശക്തമല്ലാതിരുന്ന ഒരു ഘട്ടത്തിൽ ദൈവശാസ്ത്രപരമായി വളരുവാൻ കഴിഞ്ഞ ഒരു സമൂഹവുമായി ഭരണപരമായ ബന്ധംപോലും വന്നുവെങ്കിൽ അതിൽ അത്ഭുതപ്പെടേണ്ടതില്ല. അതൊരു മേൽക്കോയ്മാബന്ധമായിരുന്നില്ല.

പാശ്ചാത്യസഭയുമായുള്ളത് സഭകൾ തമ്മിലുള്ള കൂട്ടായ്മയുടെ ബന്ധമാണ്. തീർച്ചയായും ഒരേ വിശ്വാസവും കൂദാശകളുമാണ് പാശ്ചാത്യപൗരസ്ത്യസഭകൾ ഉൾക്കൊള്ളുന്നത്. പക്ഷേ വിശ്വാസപ്രഖ്യാപനരീതിയിലും ആഘോഷത്തിലും ആദ്ധ്യാത്മികതയിലും വലിയ വ്യത്യാസങ്ങൾ അവ തമ്മിൽ ഉണ്ടായിരിക്കുന്നതിൽ അസാധാരണമായി ഒന്നുമില്ല. സൗഹൃദത്തിന്റെ കാര്യത്തിൽ സഭകളെ ഒന്നുപോലെ കാണാൻ കഴിയും. എന്നാൽ പാരമ്പര്യങ്ങളുടെ സവിശേഷതകളെ സംബന്ധിച്ചിടത്തോളം സാധർമ്മ്യം ഉണ്ടാവണമെന്നില്ല.

## *'ഭാരതീയം' പറയുമ്പോൾ കരുതൽ വേണം*

പൗരസ്ത്യസുറിയാനി സഭയുമായുള്ള ആ പ്രത്യേക അടുപ്പം നമ്മുടെ പൂർവ്വികരെല്ലാംതന്നെ അംഗീകരിച്ചിരുന്നതാണ്. ഒരുമിച്ചുള്ള പ്രേഷിതപ്രവർത്തനങ്ങളിലും നമ്മൾ ഏർപ്പെട്ടിരുന്നിരിക്കണം. ഭരണപരമായിത്തന്നെ ബന്ധപ്പെട്ടിരുന്ന കാലങ്ങളിൽ പ്രത്യേകിച്ചും. ഇങ്ങനെ നിലകൊണ്ട സഭ കേവലം ഒരു ദേശീയ പ്രതിഭാസമല്ല. അതൊരു ആദ്ധ്യാത്മിക സമൂഹമാണ്; ലോകമെങ്ങും വ്യാപിക്കുവാനും വിവിധ ദേശങ്ങളിൽ സ്വന്തം പ്രത്യേകതകളോടുകൂടി രൂപപ്പെടാനും അവകാശവും ചുമതലയുമുള്ള സമൂഹമാണ്. ഭാരതത്തിലെ സീറോമലബാർ സമൂഹത്തിന് അതിന്റേതായ സാംസ്കാരിക പ്രത്യേകതകൾ കാണും. പക്ഷേ

അതു മറ്റു ദേശങ്ങളിലും പ്രത്യേക ആധ്യാത്മികസവിശേഷതകളോടെ നിലകൊള്ളാൻ പ്രാപ്തിയുള്ള സമൂഹമാണ്.

അതുകൊണ്ട് കേവലം ഭാരതീയമായ സഭ മാത്രമാണെന്നു പറയുന്നതിൽ അപാകതയുണ്ട്. അങ്ങനെ കരുതുന്നത് അതിന്റെ ആദ്ധ്യാത്മികസ്വഭാവം വിസ്മരിക്കപ്പെടാനിടയാക്കും, മറ്റു ദേശങ്ങളിലേക്കു വളരാനുള്ള അവകാശം നഷ്ടപ്പെടുകയും ചെയ്യും. കേവല ഭാരതീയത എന്തിനു വിദേശങ്ങളിലേക്കു വളരണം? അഥവാ വളർന്നാൽത്തന്നെയും ഇവിടെനിന്നു പോകുന്നവരെ ശുശ്രൂഷിക്കാൻമാത്രമായി അത് ഒതുങ്ങേണ്ടിവരും.

ഭാരതത്തിൽപോലും ഇതു പ്രശ്നങ്ങളുണ്ടാക്കാം. കേവലം കേരളീയമായി ഈ സഭയെ കാണാനും സംസ്ക്കാരവൈജാത്യമുള്ള മറ്റു സ്ഥലങ്ങളിലേക്കു പ്രവേശിക്കാനുള്ള അവകാശം ചോദ്യംചെയ്യുവാനും ഇത് ഇടയാക്കിയെന്നിരിക്കും- സാംസ്ക്കാരികവശത്തിന് അമിതപ്രാധാന്യം കൊടുത്തു സഭയ്ക്കു പേരു കല്പിച്ചാൽ അത് ആത്മഹത്യാപരമാകും.

ഒരു ആദ്ധ്യാത്മികതയുടെ സമൂഹം എവിടെയായിരുന്നാലും ആ സ്ഥലത്തെ പ്രത്യേകതകൾ ഉൾക്കൊള്ളണം. പക്ഷേ എല്ലായിടത്തും അത് സ്വന്തമായ പൈതൃകവും ചൈതന്യവും നിലനിർത്തുന്ന സമൂഹവുമായിരിക്കണം. സന്യാസസമൂഹങ്ങളുടെ കാര്യം ഒരു വിദൂരമാതൃകയാണെന്നു പറയാം. ഒരേ സാക്ഷ്യം വിവിധ സ്ഥലങ്ങളിൽ പ്രത്യേകതകളോടെ സൂക്ഷിക്കുന്നവയാണല്ലോ അത്തരം സമൂഹങ്ങൾ . വ്യക്തിഗത സഭകളുടെ (Individual Churches) കാര്യത്തിൽ കൂടുതൽ ആഴമായ അർത്ഥത്തിൽ അത് യഥാർത്ഥമാണ്.

## *പൊതുവായും വ്യത്യസ്തമായും*

പൗരസ്ത്യ സുറിയാനി എന്നു വിളിക്കുന്ന ആരാധനക്രമം പല ദേശങ്ങളിലെ സഭകൾക്ക് പൊതുവായിരുന്നപ്പോഴും പല വൈജാത്യങ്ങളും പല കാര്യങ്ങളിലും ഈ സഭകൾ പുലർത്തിയിരുന്നു. ഉദാഹരണമായി, ദേവാലയവാസ്തുവിദ്യയിലും ആരാധനാവത്സരത്തിലെ ചില ക്രമീകരണങ്ങളിലും ആദ്ധ്യാത്മികതയുടെ ചില രൂപങ്ങളിലും കൂദാശകളുടെ പരികർമ്മത്തിന്റെതന്നെ ചില വിശദാംശങ്ങളിലും ഒരു പക്ഷേ ഭരണക്രമത്തിലും വ്യത്യാസങ്ങൾ കാണാൻ കഴിയും. പക്ഷേ സുപ്രധാന ഘടകങ്ങളിലുള്ള ഐക്യം പുലർത്തിക്കൊണ്ടുതന്നെയാണ് ഈ വ്യത്യ

സ്തത നാം പുലർത്തിയിരുന്നത്.

സീറോ-മലബാർ ചരിത്രത്തിലെ ആരാധനാനുഷ്ഠാനത്തിന്റെയും ആദ്ധ്യാത്മികതയുടെയും സവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ട് വ്യതിരിക്തമായ ഒരു ദൈവശാസ്ത്രം വികസിപ്പിച്ചെടുക്കാൻ കഴിയും. ആദ്ധ്യാത്മികതയിലും വ്യതിരിക്തമായ ഭാവങ്ങൾ സ്വീകരിക്കാൻ സാധിക്കും. വ്യതിരിക്തമായ ഈ ദൈവശാസ്ത്ര-ആദ്ധ്യാത്മിക ഭാവങ്ങൾ നമ്മുടെ പ്രേഷിതപ്രവർത്തനത്തിൽ നിഴലിച്ച് അവയെ കൂടുതൽ ശ്രദ്ധിക്കപ്പെടേണ്ടതാക്കിത്തീർക്കണം.

ഒരു ശ്ലൈഹികപാരമ്പര്യമുള്ള സഭയെന്ന നിലയിലും ചരിത്രകാല അനുഭവങ്ങളിലൂടെ രൂപംകൊണ്ട ആദ്ധ്യാത്മികതയിലെ വ്യതിരിക്തയുടെ അടിസ്ഥാനത്തിലുമാണ് തങ്ങളുടെ പ്രത്യേകമായ പ്രേഷിതപ്രവർത്തനത്തിനുള്ള അവകാശം സീറോമലബാർ സഭ നീതീകരിക്കേണ്ടത്.

മധ്യപൂർവ്വദേശത്തുള്ള പൗരസ്ത്യ സുറിയാനി പാരമ്പര്യം സ്വീകരിച്ച് അതിന്റേതായ സവിശേഷതകൾ ഇവിടെ കൊണ്ടുവരണമെന്ന് ആരും പറഞ്ഞിട്ടില്ല. അവരുടെ സാംസ്കാരിക സവിശേഷതകൾക്ക് ഇവിടെ പ്രസക്തിയില്ല. ഇവിടെയുണ്ടായിരുന്നതിന്റെ അടിസ്ഥാനത്തിൽ വളരണമെന്നേ പറയുന്നുള്ളൂ. പക്ഷേ ഇവിടെ ഉണ്ടായിരുന്ന ആരാധനക്രമം മധ്യപൂർവ്വദേശത്തുണ്ടായിരുന്ന പൗരസ്ത്യ സുറിയാനി പാരമ്പര്യവുമായി ഗാഢമായി യോജിപ്പുള്ള ആരാധനക്രമമായിരുന്നു. സാംസ്കാരികാനുരൂപണങ്ങൾ വ്യത്യസ്തമായിരുന്നുതാനും.

സീറോ-മലബാർ സഭയുടെ ആരാധന കേവലം ഭാരതീയം മാത്രമാക്കി നിർത്തണമെന്നു പറയുന്നതിൽ അർത്ഥമില്ല. സ്ഥലകാലഭേദങ്ങൾക്കതീതമായ വിശ്വാസാഘോഷമായിട്ടുവേണം നമ്മുടെ ആരാധനയെ നാം കാണാൻ. തീർച്ചയായും ഭാരതത്തിലെ നസ്രാണികൾ ഇവിടുത്തെ ഭാഷയും ആചാരങ്ങളുമെല്ലാം ഉപയോഗിക്കേണ്ടവരാണ്. പക്ഷേ നമ്മുടെ ആരാധനാപാരമ്പര്യം ലോകം മുഴുവനുവേണ്ടിയുമുള്ളതാണ്. നമ്മുടെ സഭാപാരമ്പര്യം ലോകമെമ്പാടും അറിയിക്കപ്പെടേണ്ടതും പങ്കുവയ്ക്കപ്പെടേണ്ടതുമാണ്. അതിനെ ഭാരതസംസ്കാരവുമായി താദാത്മ്യപ്പെടുത്തിയാൽ മറ്റ് സ്ഥലങ്ങളിൽ അപ്രസക്തമായിത്തീരും.

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആരാധനയും ആദ്ധ്യാത്മികതയും ലോകമെമ്പാടുമുള്ള വിജാതീയരുമായി പങ്കുവയ്ക്കാനാഗ്രഹിക്കുന്നവർ ഭാരതീയത മാത്രമല്ല ഉയർത്തിക്കാട്ടേണ്ടത്. ഭാരതത്തിൽനിന്നു

വിദേശത്തു കുടിയേറുന്നവർ അതതു സ്ഥലങ്ങളിലെ സംസ്ക്കാരവുമായി താദാത്മ്യപ്പെട്ടു ജീവിക്കേണ്ടിവരും. സീറോ-മലബാർ അജപാലനശുശ്രൂഷയ്ക്കു സീറോ-മലബാർ പാരമ്പര്യം പര്യാപ്തമാണെന്ന് പറയാൻ കഴിയണമെങ്കിൽ ആ പാരമ്പര്യത്തിന്റെ സാർവ്വദേശീയതയിൽ ഊന്നണം. ഭാരതത്തിലുള്ള ക്രൈസ്തവരുടെ ഭാരതീയത്വത്തിന് ഇത് തടസ്സമായിത്തീരുന്നില്ല. അവർ സംസ്ക്കാരത്തിൽ ഭാരതീയർതന്നെയായിരിക്കണം. പക്ഷേ അവരുൾക്കൊള്ളുന്ന വിശ്വാസ പാരമ്പര്യം ആ സംസ്ക്കാരത്തിനുമപ്പുറം ലോകത്തിന്റെ അതിർത്തികൾവരെ പ്രസക്തമായിരിക്കേണ്ടതാണ്.

### *ആരാധനയിലെ പിഴകൾ, പിശകുകൾ*

നമ്മുടെ വിശ്വാസത്തിന്റെ ആഘോഷമായ സഭയുടെ ദൈവാരാധന ഒരു സമൂഹത്തിൽ പലയാളുകൾ പല സ്ഥലങ്ങളിൽ നടത്തുമ്പോൾ അറിയാതെതന്നെ വ്യതിയാനങ്ങൾ സംഭവിക്കാനിടയുണ്ട്. ഓരോ കാലത്തും പ്രചരിക്കുന്ന ചില ഭക്തപ്രസ്ഥാനങ്ങളും കാലഘട്ടത്തിന്റെ പ്രവണതകളുമെല്ലാം ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഈ ആഘോഷത്തിന്റെ ഭാഗമാകാനിടയുണ്ട്. ചരിത്രത്തിന്റെ ചില ഘട്ടങ്ങളിൽ ചിലയിടങ്ങളിൽ, വ്യത്യസ്തമായ ആരാധനരീതികളുള്ള സമൂഹങ്ങളിൽനിന്നു വന്നവർ ബോധപൂർവ്വം ആരാധനയിൽ മാറ്റമുണ്ടാക്കുന്ന അനുഭവങ്ങളും നമുക്കു കാണാവുന്നതാണ്. അവർ വരുത്തുന്ന മാറ്റങ്ങളും മറ്റും ഒരു ആരാധനക്രമത്തിന്റെ സർഗ്ഗാത്മകമായ മാറ്റമായിരിക്കില്ല. അവ കൃത്രിമമായ കൂട്ടിച്ചേർക്കലായി അവശേഷിക്കുകയും ആരാധനക്രമത്തെ വികലമാക്കുകയും ചെയ്യാം.

സർഗ്ഗാത്മകമായിട്ടല്ലാതെ വികലമായി ഒരു ആരാധനക്രമത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ തിരുത്തിയേതീരൂ. ആരാധന സഭയുടെ വിശ്വാസത്തിന്റെ പരമമായ ആഘോഷമാണെന്നു മനസ്സിലാക്കുന്നവർക്കേ ഈ വികലതകൾ വരുത്തിവയ്ക്കുന്ന വിന മനസ്സിലാവുകയുള്ളു. പാഷണ്ഡതകൾ മാത്രമല്ല ആരാധനയിൽ വന്നുഭവിക്കാവുന്ന അപകടം. പൊതു ആരാധനയുടെ സ്വഭാവത്തിനു നിരക്കാത്ത പ്രവണതകളും യഥാർത്ഥമായ ഭാഗഭാഗിത്വത്തിനു തടസ്സമാകാവുന്ന കാര്യങ്ങളും കേവലം അനുഭൂതിക്കുവേണ്ടിയുള്ള കൃത്രിമ ഉപാധികളുമെല്ലാം വികലതകളായി വന്നുചേരാവുന്നതാണ്. ആരാധനക്രമ വിജ്ഞാനം കമ്മിയായുള്ള ഒരു വൈദികസമൂഹം ആരാധന പരികർമ്മം ചെയ്യുമ്പോൾ അങ്ങനെ സംഭവിച്ചില്ലെങ്കിലേ വിസ്മയിക്കേണ്ടതുള്ളു. ആരാധനക്രമം ഇഷ്ടംപോലെ

മാറ്റാവുന്നതാണെന്ന ചിന്ത പ്രബലമാകുമ്പോൾ ഇങ്ങനെയുള്ള വികലതകൾ ഏറെയുണ്ടാകും.

## *വത്തിക്കാൻ ചൂണ്ടിയ വിരൽ*

വത്തിക്കാൻ കൗൺസിൽ ഇതു വ്യക്തമായി ചൂണ്ടിക്കാട്ടി. ലത്തീൻ സഭയുടെ ആരാധനക്രമത്തിൽ ഇങ്ങനെയുള്ള കുറവുകളുണ്ടായിട്ടുണ്ടെന്നുകണ്ട് അവിടെ വരുത്തേണ്ട സുപ്രധാന മാറ്റങ്ങളെക്കുറിച്ച് കൗൺസിലിൽത്തന്നെ പലതും നിശ്ചയിക്കുകയുണ്ടായി. ആരാധനക്രമരംഗത്ത് എല്ലാ സഭകൾക്കും ചരിത്രത്തിൽ ഇങ്ങനെ സംഭവിച്ചിട്ടുണ്ടെന്നു കൗൺസിലിനറിയാമായിരുന്നു.

പൗരസ്ത്യസഭകൾ തങ്ങളുടെ സമ്പന്നമായ ആരാധനക്രമം പരിരക്ഷിക്കുന്നതിൽ അതീവ ശ്രദ്ധയുള്ളവരായിരുന്നെന്ന് പിതാക്കന്മാർ ചൂണ്ടിക്കാണിച്ചു. അതേസമയം പൗരസ്ത്യസഭകളുടെ ആരാധനക്രമത്തിൽ ഈ സഭകളുടെ ആഗ്രഹത്തിനു വിപരീതമായി മാറ്റങ്ങൾ വന്നിട്ടുണ്ട്. സീറോമലബാർ സഭയിൽ 17-ാം നൂറ്റാണ്ടുമുതൽ ഇങ്ങനെ സംഭവിച്ചിട്ടുണ്ടെന്ന് എല്ലാവർക്കുമറിയാം. അങ്ങനെ ചരിത്രത്തിന്റെ ഗതിവിഗതികളിൽ വന്നിട്ടുള്ള വ്യതിയാനങ്ങൾ മനസ്സിലാക്കി തിരുത്തണമെന്നായിരുന്നു കൗൺസിലിന്റെ വ്യക്തമായ അഭിപ്രായം. "കാലത്തിന്റേയോ വ്യക്തികളുടെയോ സാഹചര്യങ്ങൾക്ക് അടിപ്പെട്ട് തങ്ങൾക്കു ചേരാത്ത വിധത്തിൽ ഇവയിൽനിന്നും വ്യതിചലിച്ചുപോയിട്ടുണ്ടെങ്കിൽ പൗരാണികപാരമ്പര്യത്തിലേക്കു തിരിയുവാൻ അവർ ശ്രദ്ധിക്കേണ്ടതാണ്" എന്നു സൂനഹദോസ് പഠിപ്പിച്ചു.

ആരാധനക്രമത്തിൽ വരുത്തുന്ന മാറ്റങ്ങൾ അവധാനപൂർവ്വമായ പഠനത്തിന്റെ ഫലമായി നടക്കേണ്ടതാണ്; അത്യാവശ്യമുള്ളപ്പോൾമാത്രമാണ് മാറ്റങ്ങൾ വരുത്തേണ്ടത്. വരുത്തുന്ന മാറ്റങ്ങൾ സർഗ്ഗാത്മകമായ വളർച്ചയ്ക്കുവേണ്ടിയായിരിക്കുകയും വേണം. ഇതായിരുന്നു പിതാക്കന്മാരുടെ സുചിന്തിതമായ നിലപാട് എന്ന് ആരാധനക്രമത്തെക്കുറിച്ചുള്ള രേഖയിൽ അവർ എടുത്തുപറഞ്ഞിരിക്കുന്നു. അങ്ങനെയല്ലാതെ വന്നിട്ടുള്ള വ്യതിചലനങ്ങൾ തിരുത്തി ഭദ്രമാക്കുക എന്നത് സഭയുടെ ആവശ്യമാണ്. നമ്മുടെ ആരാധനക്രമത്തിന് കഴിഞ്ഞ നൂറ്റാണ്ടുകളിൽ പാളിച്ച സംഭവിച്ചിട്ടുണ്ടെന്നു മനസ്സിലാക്കിയതുകൊണ്ടാണ് പരിശുദ്ധ സിംഹാസനം 1930-കൾ മുതൽ ഇക്കാര്യത്തിൽ നിർണ്ണായകമായ നിലപാടു സ്വീകരിച്ചത്.

ചില പൗരസ്ത്യരുടെയിടയിലെങ്കിലും അവരുടെ സ്വന്തം ആരാധനക്രമത്തെക്കുറിച്ചുള്ള അഭിമാനബോധം കുറഞ്ഞുപോകാനിടയായിട്ടുണ്ട്. അത് അന്ധമായ പാശ്ചാത്യവത്ക്കരണത്തിനു വഴിതെളിച്ചു. അങ്ങനെയും അനർഹമായ മാറ്റങ്ങൾക്കിടയായിട്ടുണ്ട്. ഇതറിയാവുന്ന സൂനഹദോസ്, പൗരസ്ത്യർ തങ്ങളുടെ പൈതൃകത്തെ അഭിമാനത്തോടെ കാണണമെന്നും അതിൽ ഉറച്ചുനില്ക്കണമെന്നും പഠിപ്പിച്ചു. "നിയമാനുസൃതമായ ആരാധനക്രമങ്ങളും ശിക്ഷണങ്ങളും സംരക്ഷിക്കാമെന്നും സംരക്ഷിക്കണമെന്നും എല്ലാ പൗരസ്ത്യസഭകളും സുനിശ്ചിതമായി അറിഞ്ഞിരിക്കട്ടെ. ജീവാത്മകമായ വളർച്ചയ്ക്കുവേണ്ടിമാത്രമല്ലാതെ യാതൊരു മാറ്റവും അവയിൽ വരുത്താവുന്നതല്ല. അതിനാൽ ഏറ്റവും വിശ്വസ്തതയോടെ ഇവയെല്ലാം പൗരസ്ത്യർതന്നെ അനുസരിക്കണം. മുമ്പത്തേക്കാൾ കൂടുതലായി ഇവ പഠിക്കുകയും പൂർണ്ണമായി ആചരിക്കുകയും വേണം."

പക്ഷേ, ആ അവബോധം കുറവായതിനാൽ സീറോ-മലബാർ പോലുള്ള സഭകളിൽ ശരിയായ പരിവർത്തനത്തിനു തടസ്സം വരുന്നു. പാശ്ചാത്യരീതിയോടുള്ള ഭ്രമത്തിൽനിന്നു സൂനഹദോസ് പിതാക്കന്മാർ ആഗ്രഹിച്ചതുപോലെ മാറുവാൻ ഇന്നും നമുക്ക് കഴിഞ്ഞിട്ടില്ല. ശരിയായ മാറ്റങ്ങൾ വരണമെങ്കിൽ കൗൺസിൽ ആഗ്രഹിച്ച അഭിമാനബോധം വീണ്ടെടുക്കാൻ കഴിയണം.

### *പൈതൃകം വീണ്ടെടുത്തു നവീകരണം*

പൈതൃകം വീണ്ടെടുക്കുക എന്നത് ശരിയായ നവീകരണത്തിനു തടസ്സമല്ല, പ്രത്യുത, അതിന്റെ അവശ്യമായ വ്യവസ്ഥയാണ്. കൗൺസിൽ പഠനങ്ങൾക്കനുസൃതമായുള്ള പുനരുദ്ധാരണത്തെ പലരും നവീകരണത്തിനു തടസ്സമായി കാണുന്നത് ഇതു മനസ്സിലാക്കാത്തതുകൊണ്ടാണ്. വിശ്വാസജീവിതത്തിലെ ഏകാഗ്രത പാലിക്കണമെങ്കിൽ വിശ്വാസത്തിന്റെ ആഘോഷമായ ആരാധനക്രമം ജീവാത്മകമായ രീതിയിൽ വളരണം. അതിന്, ആദ്യംമുതലുള്ള ആരാധനക്രമധാരയുമായി ബന്ധപ്പെട്ടാവണം മാറ്റങ്ങൾ വരുത്തേണ്ടത്. കൃത്രിമമായി വരുത്തിയിരുന്ന മാറ്റങ്ങൾ തിരുത്തിയെങ്കിലേ അതു നടക്കൂ.

ആരാധനക്രമ നവീകരണത്തിന് ആവശ്യമായ ആദ്യത്തെ വ്യവസ്ഥ നമ്മുടേതായ ആരാധനക്രമം മുഴുവനും ശരിയായി മനസ്സിലാക്കുക എന്നുള്ളതാണ്. ഓരോ സഭയുടെയും വിശ്വാസാവതരണരീതിയിലും ആധ്യാത്മികതയിലും അതിന്റേതായ ഊന്നലുകളും പ്രത്യേകതകളും ഉണ്ട്. അത്

വിശ്വാസികൾ സാധാരണയായി മനസ്സിലാക്കുന്നത് ആ സഭയുടെ ആരാധനയിൽനിന്നാണ്. ആരാധനയിൽ പ്രഖ്യാപിക്കപ്പെടുന്ന വിശ്വാസമാണ് ആദ്യകാലംമുതൽ ബോധനത്തിന് അടിസ്ഥാനമായിരുന്നത്.

വിശ്വാസത്തിന്റെ ആഘോഷമെന്ന നിലയിൽ ആരാധനക്രമത്തിന് ഒരു പൂർണതയുണ്ട്. അതിന്റെ വിവിധ ഭാഗങ്ങൾ സമ്യക്കായി യോജിച്ചിരിക്കയാണെന്നു പറയാം. ആ ബന്ധം ശരിയായി മനസ്സിലാക്കിയാൽ മാത്രമേ സർഗ്ഗാത്മകമായ മാറ്റങ്ങൾ വരുത്താൻ കഴിയൂ. ഓരോ കൂദാശയും വിവിധ ഭാഗങ്ങൾ സമ്യക്കായി യോജിപ്പിച്ചുള്ളതായാലേ ഏകാഗ്രതയുണ്ടാകൂ. കൂദാശകൾ തമ്മിലും കൂദാശകളും പ്രാർത്ഥനയും തമ്മിലും ഘടനയുടെയും ഊന്നലുകളുടെയും കാര്യത്തിലെല്ലാം പൊരുത്തമുണ്ടായിരിക്കണം. അങ്ങനെയാണ് ഒരു പ്രത്യേക ആരാധനക്രമം അതിന്റെ ഏകാഗ്രത സൂക്ഷിക്കുന്നത്.

ഓരോ സഭയുടെയും ചൈതന്യധാരയിൽ മുഴുകിയ പിതാക്കന്മാരാണ് പലപ്പോഴും ആരാധനക്രമത്തിന്റെ ക്രമാനുഗതമായ വളർച്ചയിൽ സഹായിച്ചിട്ടുള്ളത്. എന്താണു നമ്മുടെ ആരാധനക്രമത്തെ നയിക്കുന്ന വിചാരവികാരധാരകളുടെ സ്വഭാവം എന്നറിയണമെങ്കിൽ കൂദാശക്രമങ്ങൾ, യാമപ്രാർത്ഥന എന്നിവയെല്ലാമടക്കം ആരാധനക്രമം മുഴുവൻ തന്നെ നമുക്കു പരിചിതമാവണം. ഒരു ചെറിയ ഭാഗംമാത്രം കണ്ട് ആരാധനക്രമത്തെ വിലയിരുത്താൻ ശ്രമിക്കുന്നത് അപകടമാണ്.

പൗരസ്ത്യ കത്തോലിക്കാ സഭകളെ സംബന്ധിച്ചിടത്തോളം അവയുടെ ആരാധനാപൈതൃകം അവരുടെ സമാന്തര ഓർത്തഡോക്സ് സഭകളുടെയുംകൂടി പൈതൃകമാണ്. ഈ പൊതു പൈതൃകത്തിൽ മാറ്റങ്ങൾ വരുത്തുന്നത് ഓരോ വിഭാഗത്തിന്റെയും സ്വന്തം കാര്യം മാത്രമല്ല. എക്യുമെനിക്കൽ മനോഭാവമുണ്ടെങ്കിൽ പൊതുവായ വിചിന്തനത്തിനാണ് ഓരോ വിഭാഗവും ശ്രമിക്കേണ്ടത്. ഏകപക്ഷീയമായ മാറ്റങ്ങൾ വരുത്തുന്നത് യോജിപ്പിനു തടസ്സമായിട്ടു ഭവിക്കാം.

### *ഒപ്പുകടലാസ് ആവരുത്*

നവീകരിക്കുന്നതിന്റെ പ്രാരംഭമായി നമ്മുടെ പിതൃസ്വത്തായ ആരാധനക്രമം നാം ശരിയായി മനസ്സിലാക്കുകയാണു വേണ്ടത്. അതോടൊപ്പം കാലഘട്ടത്തിന്റെ പ്രത്യേകതകളും സംസ്ക്കാരത്തിന്റെ സവിശേഷതകളും വിശകലനം ചെയ്യാനും കഴിയണം. കാലത്തിന്റെ സൂചനകൾ വിലയിരുത്തുമ്പോൾ ആനുകാലിക പ്രവണതകളെ അപ്പാടെ ഒപ്പിയെടുക്കു

കയല്ല വേണ്ടത്. മനുഷ്യപ്രകൃതിയുടെ വികലതകളും ക്ഷണികമായ ആഗ്രഹങ്ങളുമെല്ലാം മാറ്റിനിർത്തണം.

പരിഷ്ക്കരണത്തെക്കുറിച്ച് കൗൺസിൽരേഖ പറയുന്നത് നമുക്കു മാർഗ്ഗദർശകമാണ്: "ശരിയായ പാരമ്പര്യങ്ങൾ പരിരക്ഷിക്കാനും അതേ സമയം ന്യായമായ എല്ലാ പുരോഗതിക്കും വഴിതുറന്നിടാനും ഇടയാക ത്തക്കവണ്ണം പരിരക്ഷിക്കപ്പെടേണ്ട ആരാധനക്രമത്തിന്റെ ഓരോ ഭാഗവും സശ്രദ്ധം പരിശോധിക്കണം. ദൈവശാസ്ത്രം, ചരിത്രം, ആത്മപാലനം ഇവ കൺമുമ്പിൽവച്ചുകൊണ്ടായിരിക്കട്ടെ ഈ പരിശോധന. മാത്രമല്ല ആരാധനക്രമത്തിന്റെ ഘടന, അർത്ഥം എന്നിവ ക്രമീകരിക്കുന്ന പൊതു നിയമങ്ങൾ അടുത്ത കാലത്തുണ്ടായ ആരാധനക്രമനവീകരണങ്ങ ളിൽനിന്നും വിവിധ പ്രദേശങ്ങൾക്കു നല്കിയിട്ടുള്ള പ്രത്യേക നിർദ്ദേശ ങ്ങളിൽനിന്നും സമാർജ്ജിച്ചിരിക്കുന്ന അനുഭവജ്ഞാനത്തിന്റെ വെളിച്ച ത്തിൽ പഠനവിഷയമാക്കേണ്ടതാണ്. യഥാർത്ഥത്തിൽ സഭയുടെ നന്മയ്ക്ക് ഉപകരിക്കുമെന്നു തീർച്ചയില്ലാത്തപ്പോൾ യാതൊരു നവീകര ണവും വരുത്തേണ്ടതില്ല. നടപ്പിലാക്കുന്ന പുതിയ ക്രമങ്ങൾ നിലവിലി രിക്കുന്നവയിൽനിന്നുതന്നെ ഏതെങ്കിലും വിധത്തിൽ ഘടനാപരമായി വളർന്നുവരാൻ ശ്രദ്ധപതിക്കണം" (ആരാധനക്രമം 23)

ആരാധനക്രമം ലളിതവും ഗ്രാഹ്യവുമാക്കണമെന്നു കൗൺസിൽ പറയുന്നുണ്ട്. "തിരുക്കർമ്മങ്ങളിൽ വിശിഷ്ടമായ ലാളിത്യം തെളിഞ്ഞു നില്ക്കണം; അവ ഹ്രസ്വവും വ്യക്തവുമായിരിക്കണം." പക്ഷേ ഇതു കൗൺസിൽ രേഖയുടെ മുഴുവൻ പശ്ചാത്തലത്തിൽ നാം കാണണം. ഓരോ കാലഘട്ടത്തിന്റെയും പ്രവണതകൾക്കനുസരിച്ചു വ്യതിയാനങ്ങൾ വരുത്തിയ പാശ്ചാത്യക്രമത്തിലാണു മുൻപറഞ്ഞ സവിശേഷതകൾ ഏറെ നഷ്ടപ്പെട്ടത്. അതുകൊണ്ടാണല്ലോ ആദ്യകാല ചൈതന്യത്തി ലേക്കു തിരിച്ചുപോകാനുള്ള ആഹ്വാനം കൗൺസിലിലുണ്ടായത്.

ആരാധനക്രമം മനസ്സിലാക്കാൻ ബോധനം ആവശ്യമാണ്. വിശുദ്ധ ഗ്രന്ഥത്തിന്റെയും വിശ്വാസപാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിലാ ണല്ലോ അവ രൂപം കൊണ്ടത്. ഇവ സംബന്ധിച്ച് സാമാന്യജ്ഞാനം പോലുമില്ലാതെ ലിറ്റർജിയുടെ പൊരുൾ അറിയാൻ സാധിക്കണം എന്നു പറഞ്ഞാൽ അതു സാധിക്കുന്ന കാര്യമല്ല. ആ പഠനം കൂടാതെ കയറിവ രുന്നവർക്കു സാമാന്യഭാഷയുടെ അടിസ്ഥാനത്തിൽമാത്രം മനസ്സിലാക്കാ വുന്ന ഭൗതിക യാഥാർത്ഥ്യമല്ല ദൈവാരാധനയുടെ ക്രമം.

പുനരുദ്ധാരണത്തോടൊപ്പം ബോധനവും നല്കുമ്പോൾ ശരിയായ നവീകരണത്തിനുള്ള പശ്ചാത്തലമാകും. മാത്രമല്ല കൗൺസിൽ ആഗ്രഹിച്ചതുപോലെ ബോധപൂർവ്വകവും സജീവവുമായ ഭാഗഭാഗിത്വവും ഉണ്ടാകും. ആരാധനയുടെ വ്യാപ്തി എന്താണെന്നുപോലുമറിയാതെ അനുകരണഭ്രമത്തിൽ മാറ്റങ്ങൾ വരുത്തിയിട്ട് അതു പുരോഗതിയാണെന്നു വാദിച്ചാൽ അതിനോടു യോജിക്കാൻ വയ്യ.

ദൈവശാസ്ത്രത്തിലും ചരിത്രപഠനത്തിലും ഉണ്ടാകുന്ന വളർച്ചയിലാണു ആരാധനക്രമങ്ങൾ സർഗ്ഗാത്മകമായി വളരേണ്ടത്. മാറ്റങ്ങൾക്കു വേണ്ടിയുള്ള മാറ്റങ്ങൾക്ക് അവിടെ പ്രസക്തിയില്ല. മാറിമാറിവരുന്ന വികാരവിശേഷങ്ങൾ പ്രതിഫലിപ്പിക്കാനുള്ള വേദിയല്ല ആരാധനക്രമം.

### *ആസ്വാദകരല്ല ആരാധകർ*

പ്രാർത്ഥനയ്ക്ക് ദൈവത്തിന്റെ മുമ്പിലുള്ള സ്വീകാര്യതയാണ് പ്രധാനമായും നാം പരിഗണിക്കേണ്ടത്. ആസ്വാദ്യതയാണ് പ്രാർത്ഥനാനുഭവമായി നാം കാണുന്നതെങ്കിൽ അതു പിശകാണെന്നു പറയാം. ദൈവവുമായി നമുക്കു ലഭിക്കുന്ന സമ്പർക്കമാണ് നമ്മുടെ പ്രാർത്ഥനാനുഭവത്തിന്റെ കാതൽ. ആ അനുഭവം എപ്പോഴും നമ്മുടെ വൈകാരികാനുഭൂതിയിൽ പ്രതിഫലിക്കണമെന്നില്ല. മാത്രമല്ല നമുക്കു വൈകാരികാനുഭൂതിയുണ്ടാക്കുന്നതെല്ലാം ദൈവാനുഭവമാണെന്നും പറയാൻ പറ്റില്ല.

ദൈവവുമായി നമ്മെ ബന്ധപ്പെടുത്തുമെന്നു നമുക്ക് ഉറപ്പുള്ള രംഗം സഭയുടെ ആരാധനയാണ്. കൂദാശകളിലെ, അല്ലെങ്കിൽ സഭയുടെ ആരാധനയിലെ ശരിയായ പങ്കാളിത്തത്തിൽ ദൈവികജീവൻ നമുക്കു നല്കപ്പെട്ടുവെന്നു നമുക്കുറപ്പാണ്. ആ ജീവൻ സ്വീകരിച്ച് അതിലാണ് നാം ദൈവാനുഭവം കണ്ടെത്തേണ്ടത്. നിർഭാഗ്യവശാൽ, നമുക്കുണ്ടാകുന്ന വൈകാരികമായ സംതൃപ്തി, ആസ്വാദ്യത ഇതെല്ലാമാണ് നാമൊക്കെ പലപ്പോഴും പ്രാർത്ഥനാനുഭവമോ ദൈവാനുഭവമോ ആയി സങ്കല്പിക്കുന്നത്. ഇത് ശരിയായ വീക്ഷണമല്ല.

ആരാധനക്രമം 'ജനകീയ'മായിരിക്കണം എന്നു ചിലർ പറയുന്നുണ്ട്. ഏതു വിധത്തിലും ഉപയോഗിക്കാവുന്ന ഒരു വിശേഷണമായിട്ടുണ്ട് 'ജനകീയം' എന്ന പദം. ഒരർത്ഥത്തിൽ ആരാധന ജനങ്ങൾക്കുവേണ്ടിയുള്ളതാണ്. കൂദാശകളിലെ സജീവവും ബോധപൂർവ്വവുമായ പങ്കാളിത്തത്തിലൂടെയാണ് കർത്താവു നല്കുന്ന രക്ഷയിൽ നമ്മൾ പങ്കുകാരാകുന്നത്. രക്ഷാകരപ്രവർത്തനത്തിലെ നമ്മുടെ പങ്കാളിത്തത്തിനായിട്ടാണ്

ആരാധനക്രമം നല്കപ്പെട്ടിരിക്കുന്നത് എന്നു പറയുന്നതിൽ തെറ്റില്ല. ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർക്കുവേണ്ടിമാത്രമുള്ള സംവിധാനമാണല്ലോ കൂദാശകൾ. ആ അർത്ഥത്തിൽ ജനങ്ങൾക്കുവേണ്ടിയുള്ളതാണ് ആരാധന എന്നു പറഞ്ഞാൽ തെറ്റില്ല. ആരാധനക്രമത്തിന്റെ രൂപീകരണത്തിൽ മനുഷ്യന്റെ ചിന്തയ്ക്കും സംസ്ക്കാരരൂപങ്ങൾക്കുമുള്ള പങ്കു മറക്കാനുമാവില്ല. ദൈവവചനം എഴുതപ്പെട്ടതിലും മനുഷ്യനുള്ള പങ്കു നമുക്കു മാറ്റിനിർത്താനാവില്ല. ഇങ്ങനെ നോക്കുമ്പോൾ ആരാധനക്രമം ജനകീയമാണ് എന്നു വേണമെങ്കിൽ പറയാം.

പക്ഷേ നമ്മൾ നമ്മുടെ അഭീഷ്ടമനുസരിച്ചു രൂപം കൊടുക്കുന്നതാണ് ആരാധനക്രമമെന്നു പറഞ്ഞാൽ മുഴുവൻ ശരിയാവുകയില്ല. ആരാധനക്രമം നാഥനായ കർത്താവിനോടു ചേർന്നുള്ള സഭയുടെ പ്രാർത്ഥനയാണ്, സമർപ്പണമാണ്. ആ യാഥാർത്ഥ്യത്തിലാണ് ആരാധനയുടെ സ്വീകാര്യത മുഴുവൻ അധിഷ്ഠിതമായിരിക്കുക. സഭയുടെ പ്രവൃത്തിയിലുള്ള നമ്മുടെ പങ്കാളിത്തത്തിലാണ് നാം ദൈവതിരുമുമ്പിൽ പ്രീതിയുള്ളവരായി ഭവിക്കുന്നത്. അതുകൊണ്ടാണു സഭയുടെ അംഗീകാരം ആരാധനക്രമത്തിനു ആവശ്യകമായിരിക്കുന്നതും.

മിശിഹായുടെ ശരീരമെന്ന നിലയിലാണ് അവിടുത്തെ അർപ്പണത്തിൽ നമുക്കു ചേരാൻ സാധിക്കുക. അതുകൊണ്ട് നമ്മുടെ പ്രാർത്ഥന സഭയുടേതാകുന്നിടത്തോളമാണ് അതു നമുക്കു ഫലപ്രദമാകുന്നതെന്ന് ഓർത്തിരിക്കേണ്ടതുണ്ട്.

സഭയാണ് നമ്മുടെ പ്രാർത്ഥനയുടെയും സമർപ്പണത്തിന്റെയും രൂപം നിർണ്ണയിക്കേണ്ടത്. നമ്മുടെ ഭാവനയും സൃഷ്ടിപരതയും (Creativity) ശരിയാണോ എന്നു നിർണ്ണയിക്കേണ്ടതും സഭതന്നെയാണ്. സഭയുടെ നിലപാടുകൾ ആദ്യകാലംമുതലുള്ള ആരാധനരീതികളിലൂടെ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അവയുടെ വളർച്ചയും വികസനവുമായിട്ടല്ലാതെ നമുക്കു മറ്റൊന്നും സൃഷ്ടിച്ചെടുക്കാൻ പറ്റില്ല.

ആരാധന എന്നും സഭയുടെ വികാരവിശേഷങ്ങളാണ് പ്രതിഫലിപ്പിച്ചിരുന്നത്. സഭയുടെ ചിന്തകൾ നാമറിയുന്നത് പ്രധാനമായും ആരാധനയിലൂടെത്തന്നെയാണ്. അതുകൊണ്ടു പുതിയ രൂപങ്ങൾക്ക്, ഇന്നുവരെയുള്ള സഭയുടെ ആത്മപ്രകാശനവുമായി സർഗ്ഗാത്മകമായ ബന്ധമുണ്ടായിരിക്കുകതന്നെവേണം.

സഭ വിശ്വാസികളുടെ ആകെത്തുക മാത്രമല്ല. അതിൽ സഭയുടെ നാഥന്റെ സാന്നിദ്ധ്യവുമുണ്ട്. ശ്ലീഹന്മാരിലൂടെ കൈമാറിവന്ന വിശ്വാസത്തിന്റെ അടിത്തറയിലാണ് അതു പണിയപ്പെട്ടിരിക്കുന്നത്. പരിശുദ്ധാരൂപിയാണതിനെ നയിക്കുക. അതുകൊണ്ടു നമ്മുടെ ഓരോരുത്തരുടെയോ ഭൂരിപക്ഷത്തിന്റെയോ ആഗ്രഹമനുസരിച്ചുമാത്രം സഭയുടെ സ്വയംപ്രകാശനത്തിനു രൂപം കൊടുക്കുവാൻ പറ്റില്ല.

ഇന്നുള്ള സഭ ഇന്നലെയുണ്ടായിരുന്ന സഭയുടെ തുടർച്ചയാണ്, നാളെയിലേക്കു അതു സർഗ്ഗാത്മകമായി വളരുകയും വേണം. ഇതു മറന്നുകൊണ്ട് രാഷ്ട്രീയ ജനാധിപത്യത്തിന്റെ രീതിയിൽ സഭയെ കാണുക തെറ്റായിരിക്കും. രാഷ്ട്രീയരംഗത്തു നമ്മുടെ ഇംഗിതമനുസരിച്ച് നമുക്ക് എല്ലാം അഴിച്ചുപണിയാമായിരിക്കും. പക്ഷേ സഭയിൽ നമുക്കു നല്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പുതിയതു പണിയാൻ സാധിക്കൂ. സഭയിൽ നമ്മുടെ പ്രവർത്തനത്തെക്കാൾ ദൈവത്തിന്റെ പ്രവർത്തനത്തിനാണ് പ്രധാന്യം. ദൈവഹിതത്തോടു സഹകരിക്കുകയെന്നതാണ് നമ്മുടെ പങ്ക്.

അധ്യായം നാല്

# മതസ്വാതന്ത്ര്യം കാക്കാൻ വിദ്യാഭ്യാസ സ്വാതന്ത്ര്യം

ഭൂരിപക്ഷത്താൽ അവഗണിക്കപ്പെടുകയോ പീഡിപ്പിക്കപ്പെടുകയോ ചെയ്യാവുന്ന ന്യൂനപക്ഷങ്ങൾക്ക് ഇന്ത്യൻ ഭരണഘടന ഉറപ്പുനല്കുന്ന മതസ്വാതന്ത്ര്യത്തെയും വിദ്യാഭ്യാസസ്വാതന്ത്ര്യത്തെയുംകുറിച്ച് മാർ ജോസഫ് പവ്വത്തിൽ മെത്രപ്പോലീത്ത കൈക്കൊള്ളുന്ന നിലപാടുകളും അവയുടെ യുക്തിയും അദ്ദേഹത്തിന്റെതന്നെ വാക്കുകളിൽ ഇങ്ങനെ സംഗ്രഹിക്കാം:

ന്യൂനപക്ഷങ്ങളുടെ സുരക്ഷിതത്വബോധമാണ് ജനാധിപത്യത്തിന്റെ ഉരകല്ല് എന്ന് മനസ്സിലാക്കിയ നേതാക്കൾ സ്വതന്ത്രഭാരതത്തിന്റെ ആരംഭകാലത്തുണ്ടായിരുന്നതുകൊണ്ട് ന്യൂനപക്ഷങ്ങളുടെ നിലനില്പ് ഭദ്രമാക്കാൻ സഹായിക്കുന്ന വകുപ്പുകൾ ഭരണഘടനയിൽ എഴുതിച്ചേർത്തു. ഇത് നമ്മുടെ ഭരണഘടനയുടെ എടുത്തുപറയാവുന്ന ഒരു മേന്മയായിരുന്നു. എന്നാൽ, ഇന്ന് ഈ വകുപ്പുകൾ എങ്ങനെ പരിമിതപ്പെടുത്താം അല്ലെങ്കിൽ ഇല്ലാതാക്കാം എന്ന ചിന്തയിലാണു പലരും.

ന്യൂനപക്ഷങ്ങളുടെ ഇടയിൽത്തന്നെ ഭരണഘടനയിൽ ലഭ്യമായിരിക്കുന്ന പരിരക്ഷയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം നഷ്ടപ്പെട്ടിരിക്കുകയല്ലേ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. പലരും ഈ അവകാശങ്ങളിന്മേലുള്ള കടന്നാക്രമണങ്ങളെ നിസ്സംഗതയോടെയാണ് നോക്കിക്കാണുന്നത്. ഇന്നുള്ള ന്യൂനപക്ഷപരിരക്ഷതന്നെ ഇല്ലാതായാൽ എന്താവും സ്ഥിതി എന്നതിനെക്കുറിച്ച് പലർക്കും അറിയില്ല. വർഷങ്ങളായി നടക്കുന്ന എതിർപ്രചാരണങ്ങൾ പലരെയും സ്വാധീനിച്ചിരിക്കണം.

ഭരണഘടന രൂപപ്പെട്ട അവസരത്തിൽ വിദ്യാഭ്യാസസ്വാതന്ത്ര്യത്തെക്കുറിച്ച് ന്യൂനപക്ഷസമൂഹത്തിന് ഏറെ അവബോധമുണ്ടായിരുന്നു. അതുകൊണ്ടുതന്നെയാണ്, ദേശീയ മുഖ്യധാരയിൽത്തന്നെ നിൽക്കുവാൻ ആഗ്രഹിക്കുന്ന തങ്ങൾക്ക് സംവരണനിയോജകമണ്ഡല

ങ്ങൾപോലുള്ള മറ്റാനുകൂല്യങ്ങൾ വേണ്ടായെന്നും മതസ്വാതന്ത്ര്യത്തിനും വിദ്യാഭ്യാസസ്വാതന്ത്ര്യത്തിനും പരിരക്ഷ കിട്ടിയാൽ മതിയെന്നും ക്രിസ്ത്യൻ ന്യൂനപക്ഷ പ്രതിനിധികൾ പറഞ്ഞത്. ഇന്ന് ഇതെല്ലാം മിക്ക വരും മറന്നുപോയിരിക്കുന്നു.

## *ജനാധിപത്യം ഭൂരിപക്ഷമേൽക്കോയ്മയല്ല*

ഭൂരിപക്ഷവർഗ്ഗീയചിന്താഗതിക്കാരും മതവിരുദ്ധ ഭൗതികവാദഗ്രൂപ്പു കളും ന്യൂനപക്ഷാവകാശങ്ങൾക്കെതിരായി ആക്രമണം നടത്താൻ തുട ങ്ങിയിട്ട് കുറെ കാലമായി. എന്നാൽ, ഈ പ്രചാരണത്തിനപ്പുറത്ത് ജനാ ധിപത്യവിരുദ്ധമായ മറ്റൊരു കാഴ്ചപ്പാടും വളരുന്നുണ്ട്. എല്ലാ വൈവി ധ്യവും ദേശീയതയ്ക്കെതിരാണെന്ന കാഴ്ചപ്പാടാണത്. ജനാധിപത്യമെ ന്നാൽ ഭൂരിപക്ഷത്തിന്റെ മേൽക്കോയ്മയാണെന്ന കാഴ്ചപ്പാടു ശക്തമാ കുമ്പോൾ ന്യൂനപക്ഷത്തിന്റെ മൗലികാവകാശങ്ങൾ നിസ്സാരമാണെന്ന ചിന്തയും വളരും. അതുപോലെതന്നെ മതങ്ങളെ നിരർത്ഥക പ്രസ്ഥാന ങ്ങളായും പുരോഗമനത്തിനു വിലങ്ങുതടികളായും കരുതുന്നവർക്ക് തങ്ങ ളുടെ സിദ്ധാന്തങ്ങൾ നടപ്പിലാക്കാൻ ന്യൂനപക്ഷസ്വാതന്ത്ര്യം തടസ്സമാ യി വരും. അവരുടെ ജനാധിപത്യസങ്കല്പം ഒരു പ്രത്യേക വിധത്തിലുള്ള സർവ്വാധിപത്യമോ ഏകാധിപത്യമോ ആയിരിക്കും. ഈ കാഴ്ചപ്പാടുക ളെല്ലാം ചേർന്നാണ് ഇന്നു ന്യൂനപക്ഷങ്ങൾക്കെതിരെ തിരിയുന്നത്.

ജനാധിപത്യവ്യവസ്ഥിതിയിൽ ഭൂരിപക്ഷത്തിന് അവരുടെ വ്യക്തി ത്വത്തെയും വളർച്ചയെയും കുറിച്ച് ഏറെ ആകുലപ്പെടാനില്ല. കാരണം, അവരുടെ ഇച്ഛയാണല്ലോ നിയമനിർമാണവേദികളിൽ നടപ്പാവുക. ന്യൂന പക്ഷങ്ങൾക്ക്-മതന്യൂനപക്ഷമായാലും ഭാഷാന്യൂനപക്ഷമായാലും-തങ്ങ ളുടെ വ്യക്തിത്വം പുലർത്തുവാൻ പണിപ്പെടേണ്ടിവരും. തങ്ങളുടെ വ്യക്തി ത്വവും തനിമയും സംരക്ഷിക്കപ്പെടുമോ എന്ന ആശങ്ക അവരെ ചൂഴ്ന്നുനിൽക്കും. ഭൂരിപക്ഷത്തിന്റെ രീതികൾ സ്വീകരിക്കയാവും അവർക്ക് ഹിതകരമായി തോന്നുക.

## *നാനാത്വമില്ലാതെ സ്വാതന്ത്ര്യമില്ല*

ശരിയായ ജനാധിപത്യം എന്നും വൈവിധ്യത്തിലുള്ള ഏകത്വമാ ണ്. വ്യക്തിസ്വാതന്ത്ര്യത്തെ പരമാവധി മാനിക്കുന്ന സമ്പ്രദായമാണ് ജനാ ധിപത്യം. ജനങ്ങളുടെ മേല്ക്കോയ്മ പുലരുന്നിടത്ത് സ്വാതന്ത്ര്യത്തിന് പരമാവധി പ്രാധാന്യം നല്കാതെവയ്യ. വ്യക്തികളുടെയും സംഘടനക ളുടെയും സ്വാതന്ത്ര്യം ആ വ്യവസ്ഥിതിയിൽ സംരക്ഷിക്കപ്പെടണം. അങ്ങ

നെ, സ്വാതന്ത്ര്യമുള്ളിടത്ത് വൈവിധ്യവും അനിവാര്യമാണ്. അഭിപ്രായ സ്വാതന്ത്ര്യവും പ്രചാരണസ്വാതന്ത്ര്യവും നിലനില്ക്കുന്നിടത്ത് വൈവിധ്യവും ഉണ്ടാകാതെ തരമില്ല. മനുഷ്യർ പ്രകൃതത്തിലും ആശയങ്ങളിലും താല്പര്യങ്ങളിലും വ്യത്യസ്തരാകുമ്പോൾ പലരീതിയിലുള്ള വൈവിധ്യങ്ങളാണ് നാം പ്രതീക്ഷിക്കുന്നത്. അങ്ങനെയുള്ള നാനാത്വം ഇല്ലാത്തിടത്ത് സ്വാതന്ത്ര്യം ഇല്ല എന്നുള്ളതാണ് വസ്തുത.

ഭാഷയും സംസ്കാരവും മതചിന്തകളുമെല്ലാം സമൂഹത്തിൽ വൈവിധ്യമുണ്ടാക്കുകതന്നെചെയ്യും. കുടുംബങ്ങളും പ്രാദേശികസമൂഹങ്ങളുമെല്ലാം ചേർന്നുണ്ടാകുന്ന രാഷ്ട്രത്തിൽ വൈവിധ്യം സമൂഹത്തിന്റെ സ്വഭാവം തന്നെയായിരിക്കും. കൂടുതൽ വലിയ രാഷ്ട്രങ്ങളിൽ കൂടുതൽ വൈവിധ്യങ്ങളുണ്ടാകും. ഇന്ന് കുടിയേറ്റവും അഭയാർത്ഥിപ്രവാഹവുമെല്ലാം ഈ വൈവിധ്യത്തിന് ആക്കംകൂട്ടുകയാണ്. ഇക്കാലത്ത് വൈവിധ്യമില്ലാത്ത ഒരു രാഷ്ട്രത്തെയും ചൂണ്ടിക്കാണിക്കാൻ നമുക്ക് സാധിക്കില്ല. ഈ വൈവിധ്യം സ്വാഭാവികമായുണ്ടാകും. മാത്രമല്ല വൈവിധ്യം പലപ്പോഴും ഉപരിനന്മയ്ക്കായി ഭവിക്കുകയും ചെയ്യും. ചിന്തകളിലും ജീവിതരീതികളിലും താല്പര്യങ്ങളിലുമൊന്നും വൈജാത്യമില്ലാത്ത സമൂഹം തീർച്ചയായും അഭിലഷണീയമായിരിക്കില്ല.

സാമ്പത്തികരംഗത്തോ സാമൂഹികരംഗത്തോ ഒന്നും മതന്യൂനപക്ഷങ്ങൾക്കു പ്രത്യേക പരിരക്ഷ ഭരണഘടന നല്കുന്നില്ല. അവരുടെ മതവിശ്വാസം പുലർത്താനും പ്രചരിപ്പിക്കാനും അവരുടെ കുഞ്ഞുങ്ങൾക്കുവേണ്ടി വിദ്യാലയങ്ങൾ സ്ഥാപിക്കാനും നടത്താനുമുള്ള അവകാശങ്ങൾ മാത്രമാണ് ഭരണഘടന ഉറപ്പാക്കുന്നത്. മതസ്വാതന്ത്ര്യം ഭൂരിപക്ഷത്തിന്റെമാത്രം മതസ്വാതന്ത്ര്യമല്ലല്ലോ. അഭിപ്രായസ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനപരമായ രൂപമാണ് മതസ്വാതന്ത്ര്യം. മതസ്വാതന്ത്ര്യം അനുവദിക്കാത്തിടത്ത് മറ്റു സ്വാതന്ത്ര്യങ്ങളും നിഷേധിക്കപ്പെടുന്നു എന്നാണ് ചരിത്രം തെളിയിക്കുന്നത്.

## *മതസ്വാതന്ത്ര്യം മതപരമായ സംഘടനാസ്വാതന്ത്ര്യം*

മതസ്വാതന്ത്ര്യമെന്നു വച്ചാൽ, ഏതെങ്കിലും വിശ്വാസം വ്യക്തിപരമായി പുലർത്താമെന്നു മാത്രമല്ല അർത്ഥമാക്കുന്നത്. ഒരേ വിശ്വാസമുള്ളവരുടെ സംഘടനാസ്വാതന്ത്ര്യം; അവരുടെ ജീവിതവീക്ഷണമനുസരിച്ചു സംഘടിതമായി പ്രവർത്തിക്കാനുള്ള അവകാശം; സ്വന്തമായ ഒരു ജീവിതദർശനവും മറ്റും കൈമാറാനുള്ള സ്വാതന്ത്ര്യവും അവകാശവും– ഇതെല്ലാം പരിരക്ഷിക്കപ്പെടുന്നിടത്തു മാത്രമേ മതസ്വാതന്ത്ര്യം സംര

ക്ഷിക്കപ്പെടുന്നു എന്നു പറയാനാവൂ. ഈ സ്വാതന്ത്ര്യത്തിന്റെ നിഷേധമാണ് ഏകാധിപത്യമോ സർവ്വാധിപത്യമോ പുലരുന്ന രാജ്യങ്ങളുടെയെല്ലാം പ്രത്യേകത. ഇന്നും ഇത്തരം രാഷ്ട്രങ്ങളുണ്ടെന്ന് നമുക്കറിയാം. ഇത്തരം പ്രവണതകൾതന്നെയാണ് ഇവിടെ ന്യൂനപക്ഷമതങ്ങൾക്ക് സ്വാതന്ത്ര്യം നിഷേധിക്കുവാൻ ശ്രമിക്കുന്നതിന്റെ പിന്നിലുള്ളത്.

ക്രിസ്തുമതവും ഇസ്ലാംമതവുമെല്ലാം തങ്ങളുടെ വിശ്വാസസംഹിതയ്ക്ക്-പ്രത്യേകമായ ജീവിതദർശനത്തിനും ചരിത്രവീക്ഷണത്തിനും ജീവിതചര്യയ്ക്കും-പ്രാധാന്യം നല്കുന്നവരാണ്. ക്രൈസ്തവ മാതാപിതാക്കൾക്കു ജനിച്ചതുകൊണ്ടുമാത്രം ഒരാൾ ക്രൈസ്തവനാവുകയില്ല എന്നതാണ് ക്രൈസ്തവവീക്ഷണം. വിശ്വാസമാണ് ക്രൈസ്തവന്റെ പ്രാണവായു. ദൈവം വെളിപ്പെടുത്തിയത്– തലമുറകൾ കൈമാറി വന്നെത്തിയിട്ടുള്ളവ – അറിയുകയും സ്വീകരിക്കുകയും അതിനനുസരിച്ച് ജീവിക്കുവാൻ സന്നദ്ധനാവുകയും ചെയ്യുന്നവനാണ് യഥാർത്ഥ വിശ്വാസി. അതുകൊണ്ട്, ആദ്യനൂറ്റാണ്ടുമുതൽ കൈമാറി വന്ന വിശ്വാസവുമായി അവൻ പരിചയപ്പെട്ട്, അതു സ്വാംശീകരിച്ച് വളരുവാനാണ് എന്നും പരിശ്രമിക്കേണ്ടത്. ക്രൈസ്തവവിശ്വാസമെന്നത് ജീവിതത്തെ മുഴുവൻ സ്പർശിക്കുന്ന ദർശനവും ശൈലിയുമാണ്. ഇതൊരു ഉപസംസ്കാരമാണെന്നു പറഞ്ഞാലും തെറ്റില്ല.

അതിനാൽ, ക്രൈസ്തവവിശ്വാസസംഹിതയും സാംസ്കാരികപൈതൃകവും കൈമാറുവാനും പങ്കുവയ്ക്കുവാനുമുള്ള അവസരം ഉണ്ടായിരിക്കുക എന്നത് ക്രൈസ്തവനെസംബന്ധിച്ചിടത്തോളം മൗലികമായ കാര്യമാണ്. ഈ അവകാശം സംരക്ഷിക്കപ്പെടുന്നില്ലെങ്കിൽ അവന്റെ ക്രൈസ്തവജീവിതത്തിന് ക്ഷതം സംഭവിക്കുന്നു. ഇതിനുള്ള സൗകര്യം ഒരുക്കാനാണ് ക്രൈസ്തവർ വിദ്യാലയങ്ങളും മറ്റും നടത്തുന്നത്. തങ്ങളുടെ മക്കളുടെ ബൗദ്ധികമായ വളർച്ചയോടൊപ്പം വിശ്വാസത്തിലും ജീവിതശൈലിയിലുമുള്ള വളർച്ചയും സാധിക്കണമെന്നുള്ളതാണ് അവരുടെ ആവശ്യം. തങ്ങളുടെ കുട്ടികൾക്ക് അങ്ങനെയുള്ള പരിശീലനം ലഭ്യമാകുന്നത് ദൈവാലയങ്ങളോടുചേർന്നുള്ള മതബോധനത്തിലൂടെ മാത്രമല്ല; വിദ്യാലയങ്ങളിൽ ഈ പരിശീലനത്തിന് അനുയോജ്യമായ അന്തരീക്ഷം പുലർത്തിയും സ്വഭാവരൂപവല്ക്കരണത്തിനും മറ്റും ഊന്നൽ നല്കിയുമാണ്. മാത്രമല്ല, ഭൗതികകാര്യങ്ങൾ പലതും ധാർമ്മികതയുടെ വെളിച്ചത്തിൽ മനസ്സിലാക്കുകയും വേണം. അതോടൊപ്പം, തങ്ങളുടെ കുട്ടികൾക്കു നല്കുന്ന ഭൗതികവിദ്യാഭ്യാസവും സന്മാർഗ്ഗപരിശീലനവും

മറ്റു മതസ്ഥർക്കു നല്കുന്നതിനും ക്രൈസ്തവർ സന്നദ്ധരാണ്. പൗര ബോധം വളർത്തുവാനും മതസഹിഷ്ണുതയും കൂട്ടായ്മയും ഉറപ്പാക്കു വാനും ഇതു സഹായിക്കുമെന്ന് അവർ കരുതുന്നു. ഇത്തരം വിദ്യാലയ ങ്ങൾ രാജ്യത്തിന് മുതൽക്കൂട്ടാണ് എന്ന വസ്തുത ഇതിനകം തെളിയി ക്കപ്പെട്ടിട്ടുണ്ട്.

## *മൗലികാവകാശത്തിന്റെ സംരക്ഷണംമാത്രം*

ഇങ്ങനെയുള്ള വിദ്യാലയങ്ങൾ നടത്തുന്നതിനുള്ള സ്വാതന്ത്ര്യം തങ്ങളുടെ നിലനില്പിന് ആവശ്യമാണെന്ന് ഇവിടുത്തെ മതന്യൂനപക്ഷ ങ്ങൾ കരുതുന്നു. അവർക്കെല്ലാം ഇത്തരം പരിശീലനം വളരെ പ്രാധാ ന്യമർഹിക്കുന്ന കാര്യമാണ്. ഈ യാഥാർത്ഥ്യം മനസ്സിലാക്കിയാണ് അവ രുടെ നിലനില്പും വളർച്ചയും ഭദ്രമാക്കുന്ന രീതിയിലുള്ള സംരക്ഷണം മതന്യൂനപക്ഷങ്ങൾക്ക് നൽകാൻ ഭരണഘടന ശ്രമിച്ചത്. വിദ്യാലയങ്ങൾ സ്ഥാപിക്കാനും തങ്ങളുടേതായ രീതിയിൽ നടത്താനുമുള്ള ന്യൂനപ ക്ഷങ്ങളുടെ അവകാശം മാറിമാറിവരുന്ന ഭൂരിപക്ഷത്തിന്റെ കൈയേറ്റത്തിന് ഇരയാകാതിരിക്കണമെന്നതായിരുന്നു ഭരണഘടന രൂപ പ്പെടുത്തിയിവരുടെ ലക്ഷ്യം. അതുകൊണ്ട്, ഭൂരിപക്ഷത്തിന് സ്വയമേവ സാധിക്കുന്ന പരിരക്ഷണം ന്യൂനപക്ഷത്തിന് ഭരണഘടനാവ്യവസ്ഥ കൾകൊണ്ട് ഉറപ്പാക്കി. ഇതാണ് ഭരണഘടനയിലെ ന്യൂനപക്ഷാവകാ ശത്തിന്റെ പശ്ചാത്തലം. ഭൂരിപക്ഷത്തിനില്ലാത്ത അവകാശം ന്യൂനപക്ഷ ങ്ങൾക്കു നല്കുകയല്ല ഭരണഘടന ചെയ്തിരിക്കുന്നത്;ന്യൂനപക്ഷ ത്തിന്റെ മൗലികാവകാശത്തിന് സംരക്ഷണം നല്കുകമാത്രമാണ് ചെയ്യു ന്നത്.

ഈ അവകാശം ആരുടെയും ദാനമല്ല. ജനാധിപത്യത്തിന്റെ ഉദ്ദേശ്യംതന്നെ എല്ലാവരുടെയും മൗലികാവകാശങ്ങൾ ഭദ്രമാക്കുകയെ ന്നുള്ളതാണ്. വ്യക്തിസ്വാതന്ത്ര്യവും പൊതുനന്മയും ഒരുമിച്ചുറപ്പിക്കുന്ന സംവിധാനമാണ് ജനാധിപത്യവ്യവസ്ഥിതി. വ്യക്തിയുടെ സ്വാതന്ത്ര്യവും അവകാശങ്ങളും ദൈവം മനുഷ്യനു നല്കിയിട്ടുള്ള സവിശേഷതകളാ ണ്. ഭൂരിപക്ഷത്തിന്റെയും ന്യൂനപക്ഷത്തിന്റെയും സ്വാതന്ത്ര്യാവകാശ ങ്ങൾ സംരക്ഷിക്കപ്പെടണം. പക്ഷേ, ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക പരി ഗണനയില്ലെങ്കിൽ ഭൂരിപക്ഷതാല്പര്യം മുൻനിറുത്തിയുള്ള നിയമ നിർമ്മാണം ഈ രംഗത്ത് കൈയേറ്റം നടത്തിയെന്നു വരാം. അങ്ങനെ സംഭവിക്കാതിരിക്കാനാണ് ജനാധിപത്യ രാജ്യങ്ങളിലെ ഭരണഘടനകൾ ശ്രദ്ധിക്കുന്നത്.

*മൗലികാവകാശങ്ങൾ ഈവിധം*

വിദ്യാലയങ്ങൾ സ്ഥാപിക്കാനും നടത്താനുമുള്ള ഭരണഘടനാപരമായ അവകാശത്തിലെ മൗലികമായ ഘടകങ്ങൾ : 1. വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്വാതന്ത്ര്യം. അതിന്റെ ഭരണസമിതിയെ നിശ്ചയിക്കുന്നതിനുള്ള അവകാശം. 2. കുട്ടികൾക്ക് പ്രബോധനം നല്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും നിശ്ചയിക്കുന്നതിനുള്ള അവകാശം. 3. തങ്ങളുടെ ലക്ഷ്യങ്ങൾക്കനുസരിച്ച് ബോധനം നല്കുന്ന അദ്ധ്യാപകരെ തിരഞ്ഞെടുക്കാനും നിയമിക്കാനുമുള്ള സ്വാതന്ത്ര്യം. 4. പ്രത്യേകിച്ച്, വിദ്യാലയത്തിന്റെ തലപ്പത്തുള്ളവരെ തിരഞ്ഞെടുക്കുന്നതിനുള്ള അവകാശം.5. വിദ്യാലയങ്ങൾ നടത്തുന്നതിനും ഭരണപരമായ നേതൃത്വം നല്കുന്നതിനുമുള്ള മാനേജ്മെന്റിന്റെ സ്വാതന്ത്ര്യം.

പാഠ്യവിഷയങ്ങൾ നിശ്ചയിക്കുക, പാഠ്യരംഗത്ത് പൊതുമാനദണ്ഡങ്ങൾ നടപ്പിലാക്കുക, നിശ്ചിത നിലവാരം പുലർത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക തുടങ്ങിയ കാര്യങ്ങൾ സർക്കാർ ചെയ്യുന്നത് അവകാശനിഷേധമായിട്ടു കാണാനാവില്ല. അതേസമയം, പാഠ്യപുസ്തകങ്ങൾ ധാർമികതയ്ക്കു വിരുദ്ധമായ പാഠങ്ങൾ അവതരിപ്പിക്കുകയുമരുത്. സർക്കാരിന്റെ ഇടപെടൽ വിദ്യാലയത്തിന്റെ നടത്തിപ്പിനെ സുഗമമാക്കുകയും സഹായിക്കുകയും ചെയ്യുന്നതാകണം. അദ്ധ്യാപകനിയമനത്തിലും വിദ്യാർത്ഥിപ്രവേശനത്തിലും പ്രത്യേകപരിഗണന നൽകേണ്ട വിഭാഗങ്ങൾക്ക് മാനേജ്മെന്റ് തന്നെ അത് യഥോചിതം നല്കും. റിസർവേഷൻ നിബന്ധനകൾ വയ്ക്കുന്നത് ന്യൂനപക്ഷാവകാശത്തിന്റെ സംരക്ഷണമല്ല, അതിന്റെ ലംഘനമാണ്.

നിർഭാഗ്യവശാൽ, വിദ്യാഭ്യാസപരിഷ്കാരത്തെക്കുറിച്ചുപറയുന്ന ഇവിടുത്തെ ഭരണകൂടങ്ങൾ കൂടുതൽ നിയന്ത്രണങ്ങൾ എങ്ങനെ വരുത്താമെന്നാണ് ആലോചിക്കുന്നത്. അദ്ധ്യാപകർക്കു ശമ്പളം കൊടുക്കുന്നതുകൊണ്ട് നിയന്ത്രണം ഏറെ വേണമെന്നാണ് അവരുടെ നിലപാട്. നൽകുന്ന പണം മാനദണ്ഡങ്ങൾക്കനുസരിച്ച് ഉപയോഗിക്കുന്നുണ്ടോ എന്നറിയാനും അതിനാവശ്യമായ ക്രമീകരണങ്ങൾ നടപ്പിലാക്കാനും ഗവൺമെന്റിനവകാശമുണ്ട്. അതേസമയം, വിദ്യാഭ്യാസ ഏജൻസിയും ധാരാളം മുതൽമുടക്കു നടത്തുന്നുണ്ടെന്നകാര്യം സൗകര്യപൂർവ്വം സർക്കാർ വിസ്മരിക്കുന്നു. വിദ്യാലയങ്ങളുടെ സാധാരണ നടത്തിപ്പിനുതന്നെയും ഏജൻസികൾ ഇന്നു പണം കണ്ടെത്തേണ്ടതായിട്ടാണ് ഇരിക്കുന്നത്. വാസ്തവത്തിൽ, സർക്കാർ നൽകുന്ന ഗ്രാന്റ് ഇത്തരം വിദ്യാ

ലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ അവകാശമാണ്. സർക്കാർവിദ്യാലയങ്ങളിൽ പഠിക്കുന്നവരെപ്പോലെതന്നെ രാജ്യത്തിന്റെ പൊതുമുതൽ അവരുടേതുമാണ്. സ്വകാര്യവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കു പൊതുഫണ്ടിന്റെ ആനുപാതികവിഹിതം കിട്ടുന്നില്ല എന്നതാണ് വസ്തുത. അദ്ധ്യാപകർക്കുള്ള ശമ്പളം നല്കുന്നതിന്റെ പേരിൽ മൗലികാവകാശം നിഷേധിക്കുന്നതു തെറ്റാണ്.

മതന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാലയങ്ങൾ ഈ രാജ്യത്തും സംസ്ഥാനത്തും നൽകുന്ന സേവനം ആർക്കും അവഗണിക്കാനാവില്ല. അവയുടെ സ്വാതന്ത്ര്യം വിദ്യാഭ്യാസരംഗത്തു കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനേ സഹായകമാകൂ. അവയെ കൂടുതൽക്കൂടുതൽ നിയന്ത്രിക്കാനുള്ള പരിശ്രമം തികച്ചും നിർഭാഗ്യകരമാണ്. അത് രാജ്യനന്മയ്ക്കുതകുന്നതോ ജനാധിപത്യവ്യവസ്ഥിതിയുമായി പൊരുത്തപ്പെടുന്നതോ അല്ല. ഈ യാഥാർത്ഥ്യം രാഷ്ട്രീയപാർട്ടികൾ മനസ്സിലാക്കണം. ഒപ്പം വിദ്യാലയങ്ങളുടെ മൗലികമായ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം ന്യൂനപക്ഷങ്ങൾക്കിടയിൽ ശക്തമാവുകയും വേണം. വിദ്യാഭ്യാസസ്വാതന്ത്ര്യം സംരക്ഷിക്കാനാവശ്യമായ ജാഗ്രതയും ഇച്ഛാശക്തിയും അവർക്കുണ്ടായിരിക്കണം.

# രണ്ടാം ഭാഗം

# ചരിത്ര പശ്ചാത്തലങ്ങൾ

## അധ്യായം അഞ്ച്

# ഉറവിടങ്ങളിലേക്കു മടങ്ങുക

സീറോ-മലബാർ സഭ വിദേശഭരണത്തിൽനിന്നു വിമുക്തയായതും (1887) നാട്ടുകാരായ സഭാധ്യക്ഷന്മാരുണ്ടായതും (1896) പതിമൂന്നാം ലെയോ പാപ്പയുടെ കാലത്താണ്. അദ്ദേഹത്തിന്റെ കാലത്തോടെ പൗരസ്ത്യസഭകളെക്കുറിച്ചുള്ള ശരിയായ അവബോധം പാശ്ചാത്യ (റോമൻ അഥവാ ലത്തീൻ) സഭയിൽ വളർന്നുതുടങ്ങി. പൗരസ്ത്യ ദൈവാരാധനക്രമങ്ങൾ, ആചാരങ്ങൾ, ആധ്യാത്മികത എന്നിവയോടു സാർവത്രികസഭയിലാകെയും താല്പര്യം വളർന്നു. ലെയോ പാപ്പ തന്നെ അതിനു മുൻകൈയെടുത്തു. പൗരസ്ത്യസഭകൾ സ്വന്തം ദൈവാരാധനക്രമങ്ങൾ അവയുടെ പരിശുദ്ധിയിൽത്തന്നെ നിലനിർത്തേണ്ടത് സാർവത്രികസഭ മുഴുവന്റെയും ശ്രേഷ്ഠതയ്ക്ക് ആവശ്യമാണെന്ന് അദ്ദേഹം പഠിപ്പിച്ചു.

പിന്നീടു വന്ന പത്താം പീയൂസ് പാപ്പയുടെ കാലത്ത് പാപ്പതന്നെ അധ്യക്ഷനായി റോമിൽ പൗരസ്ത്യ തിരുസംഘം സ്ഥാപിതമായി (1917). അതിനുശേഷമാണു പൗരസ്ത്യസഭകളുടെ യഥാർത്ഥ സ്ഥിതിയും അവ എത്രമാത്രം പാശ്ചാത്യവത്ക്കരിക്കപ്പെട്ട് സ്വന്തം പൈതൃകത്തിൽനിന്നു വ്യതിചലിച്ചു എന്നതു സംബന്ധിച്ച വസ്തുതകളും പരിശുദ്ധ സിംഹാസനത്തിനു കൂടുതൽ വ്യക്തമായത്. അതോടെ, ഈ സഭകളുടെ പുനരുദ്ധാരണത്തിനുള്ള ശ്രമങ്ങൾ തുടങ്ങി. സഭാജീവിതത്തിന്റെ കേന്ദ്രം പരിശുദ്ധ കുർബാനയും കൂദാശകളും യാമപ്രാർത്ഥനകളും ആരാധനാവത്സരവുമായതിനാൽ അവയുടെ ക്രമം- ദൈവാരാധനക്രമം അഥവാ ലിറ്റർജി-പുനരുദ്ധരിക്കുക എന്നത് സഭാപുനരുദ്ധാരണത്തിൽ പ്രാധാന്യം നേടുക സ്വാഭാവികം.

പരിശുദ്ധ സിംഹാസനം ആഗ്രഹിച്ച ഈ പുനരുദ്ധാരണം ഇവിടെ സീറോ-മലബാർ സഭാമക്കൾ നേരത്തേ ആഗ്രഹിച്ചിരുന്നതും ആവർത്തിച്ച് അഭ്യർത്ഥിച്ചിരുന്നതുമാണുതാനും.

1887-ൽ ലത്തീൻ ഭരണത്തിൽനിന്നു വേർപെടുത്തി സീറോ-മല ബാറുകാർക്ക് കോട്ടയം (പിന്നീടിതിനു ചങ്ങനാശേരി എന്നു പേര്), തൃശൂർ എന്നീ വികാരിയാത്തുകൾ (രൂപതകളുടെ ഒരു ആദിരൂപം) രൂപ വത്കരിക്കപ്പെട്ടത് തദ്ദേശീയ ഭരണത്തിന് ആമുഖമായിത്തീർന്നെങ്കിലും അതുകൊണ്ടുമാത്രം പുനരുദ്ധാരണമാവുന്നില്ലെന്ന് സഭാംഗങ്ങൾക്കു നന്നായി അറിയാമായിരുന്നു.

അതുകൊണ്ടാണല്ലോ 1888 ഏപ്രിലിൽ പുതിയ വികാരിയത്ത് അധ്യ ക്ഷനു മാന്നാനത്തു നല്കിയ സ്വീകരണവേളയിൽ സീറോ-മലബാർ വൈദികരും അല്മായരും ചേർന്ന് ഇങ്ങനെ പറഞ്ഞത്: “സ്വന്തം റീത്തു കാരായ മെത്രാന്മാരുടെ അഭാവംമൂലം ഞങ്ങളുടെ പുരാതന റീത്തിനും ആചാരങ്ങൾക്കും അവയുടെ മനോഹരതയെ സ്പർശിക്കുന്ന ന്യൂനത കൾ കാലാതിപാതത്തിൽ ഭവിച്ചിട്ടുണ്ട്. അങ്ങയുടെ ഭരണകാലത്ത് പൂർവിക പ്രശസ്തിയിലേക്കും പ്രതാപത്തിലേക്കുമുള്ള അവയുടെ പുന രുദ്ധാരണം കാണാൻ സാധിക്കുമെന്ന്... ഞങ്ങൾ ആശിക്കുന്നു”

## *നൂറ്റാണ്ടിന്റെ ഗദ്ഗദം*

തങ്ങളുടെ സ്വന്തം നാട്ടുകാരായ മെത്രാന്മാർ ഉണ്ടായിക്കഴിഞ്ഞും, തങ്ങൾ ‘പുരാതന റീത്ത്’ എന്നു വിളിച്ച സ്വന്തം ദൈവാരാധനക്രമം വീണ്ടെടുക്കപ്പെടുന്നതുകാണാൻ ആ തലമുറയ്ക്കെന്നല്ല, പിന്നീടുള്ള നൂറുവർഷത്തിനുള്ളിൽ കടന്നു പോയവർക്കും ഭാഗ്യമുണ്ടായില്ല. മാർപാ പ്പമാർ മുൻകൈയെടുത്തിട്ടും കുർബാനപുസ്തകത്തിന്റെ പുനരുദ്ധാര ണംപോലും നൂറുവർഷം വൈകിയതെങ്ങനെ എന്നതിന്റെ നാൾവഴി നോക്കിയെങ്കിലേ, സീറോ-മലബാർ സഭയുടെ ദൈവാരധനക്രമത്തെക്കു റിച്ചു മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്ത എടുത്ത നിലപാടു കൾ നമുക്കു ഗ്രഹിക്കാൻ കഴിയൂ.

1896- ആദ്യത്തെ നാട്ടുമെത്രാന്മാരുടെ അഭിഷേകകർമം ലത്തീൻ റീത്ത നുസരിച്ചു നടക്കുന്നു. അഭിഷേകകർമം അടക്കം മെത്രാന്മാർ കാർമികരാകുന്ന എല്ലാ തിരുക്കർമങ്ങളുടെയും ക്രമം (പൊന്തി ഫിക്കാൾ) ലത്തീൻ റീത്തിലുള്ളത് സുറിയാനിയിലേക്കു പരിഭാ ഷപ്പെടുത്തിയാൽ മതിയെന്ന് മാർപാപ്പയുടെ ഇന്ത്യയിലെ പ്രതി

നിധി റോമിലെ വിശ്വാസപ്രചാരണ തിരുസംഘത്തോട് ആവശ്യപ്പെടുന്നു. ഈ പരിഭാഷയ്ക്കുള്ള ശ്രമവുമായി മുന്നോട്ടുപോകാൻ തിരുസംഘം സീറോമലബാർ മെത്രാന്മാരോട് ആവശ്യപ്പെടുന്നു.

1899 – പുരാതന കൽദായ (സുറിയാനി) പൊന്തിഫിക്കാൾ വീണ്ടെടുക്കുന്നതിനു പകരം ലത്തീനിൽനിന്നുള്ള തർജിമ ഉണ്ടാക്കുന്നു എന്നതിനെതിരെ സീറോ-മലബാർ ഇടവകവികാരിമാർ മാർപാപ്പയ്ക്ക് പരാതി അയക്കുന്നു.

1905–1909: മലബാർ റീത്ത് കൽദായ കുടുംബത്തിൽപ്പെട്ടതല്ലെന്നും പൗരസ്ത്യറീത്തുകളോടെന്നതിനെക്കാൾ ലത്തീൻ റീത്തനോടാണ് അതിന് അടുപ്പം എന്നും ഉദയമ്പേരൂർ സുനഹദോസ് വഴി ഉണ്ടായ പരിഷ്കരിക്കപ്പെട്ട ഒരു റോമൻ റീത്താണ് അതെന്നും അപ്പസ്തോലിക് ഡെലഗേറ്റ് ആർച്ച്ബിഷപ് ലദിസ്ലാവൂസ് സലേസ്കി വിശ്വാസപ്രചാരണ തിരുസംഘത്തിന് തുടരെ എഴുതുന്നു.

1923 : മെട്രോപ്പോളിറ്റൻ ആർച്ച് ബിഷപ്പും ബിഷപ്പുമാരുമടങ്ങുന്ന സീറോ -മലബാർ ഹയരാർക്കി പുനഃസ്ഥാപിതമാകുന്നു. 'ലത്തീൻ പൊന്തിഫിക്കാളിനു സുറിയാനിയിലൊരു പരിഭാഷ' എന്ന നിലപാട് ഹയരാർക്കി തുടരുന്നു.

1930 : ഹയരാർക്കി ഒരു ലിറ്റർജി കമ്മിറ്റിയെ വയ്ക്കുന്നു.

1931 : ലത്തീൻ പൊന്തിഫിക്കാളിന്റെ പരിഭാഷ ഹയരാർക്കി റോമിനു സമർപ്പിക്കുന്നു. വ്യാകരണത്തിലെയും പദപ്രയോഗങ്ങളിലെയും ചില പിശകുകൾ റോമിൽനിന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു.

1933 : പരിഭാഷയുടെ കാര്യം ഹയരാർക്കി വീണ്ടും ഉന്നയിച്ചതിനെത്തുടർന്ന് പൗരസ്ത്യ തിരുസംഘം പൊന്തിഫിക്കാൾ പരിഭാഷയെക്കുറിച്ച് വിദഗ്ധരുടെ അഭിപ്രായമാരായുന്നു. ഫാ. സിറിൾ കൊറലേവ്സ് കി, ഡോം പ്ലാസിഡ് ഡിമീസ്റ്റർ ഒ.എസ്.ബി., മോൺ. യൂജിൻ ടിസറാങ് എന്നീ മൂന്നു വിദഗ്ദ്ധരും സീറോ-മലബാർ സഭ കൽദായ അതായത് പൗരസ്ത്യസിറിയൻ പാരമ്പര്യത്തിലുള്ളതാണെന്നും ആ സഭ ലത്തീൻ കർമ്മാനുഷ്ഠാനങ്ങൾ പരിഭാഷപ്പെടുത്തി സ്വീകരിക്കാതെ കൽദായ തിരുക്കർമ്മങ്ങൾ പരിഷ്കരിച്ചെടുക്കുകയാണു വേണ്ടതെന്നും പറയുന്നു. എന്നാൽ പൗരസ്ത്യ തിരുസംഘത്തിലെ കർദിനാൾമാർക്ക് അഭിപ്രായൈക്യത്തിൽ

എത്താൻ കഴിയുന്നില്ല. ഒടുവിൽ 1934 ഡിസംബർ ഒന്നിന് പത്താം പീയൂസ് പാപ്പ ഇക്കാര്യത്തിൽ തീർപ്പുപറഞ്ഞു: ലത്തീനീകരണ മല്ല പരിശുദ്ധ സിംഹാസനം ആഗ്രഹിക്കുന്നത്. അതുകൊണ്ട് ലത്തീൻ തിരുക്കർമ്മം ഭാഷമാറ്റി ഉപയോഗിക്കുന്നതിനുള്ള ശ്രമം തള്ളിക്കളഞ്ഞു. നേരത്തേ നിലവിലിരുന്ന കൽദായ പൊന്തിഫി ക്കാൾ പുനരുദ്ധരിച്ചു പരിഷ്കരിക്കാൻ പാപ്പ ഒരു കമ്മീഷനെ വയ്ക്കുകയും ചെയ്തു.

1938 : കൽദായ കത്തോലിക്കാ സഭയിലും സീറോ-മലബാർ സഭയിലും ഉപയോഗിക്കാനുള്ള കൽദായ കാനോനാ നമസ്കാരം മൂന്നു വാല്യ മായി പൗരസ്ത്യ തിരുസംഘം പ്രസിദ്ധീകരിക്കുന്നു. കൽദായ ആരാധനക്രമം പുനരുദ്ധരിക്കേണ്ട എന്നു പറഞ്ഞ് സീറോ-മല ബാർ ഹയരാർക്കി, അപ്പോഴേക്കും തിരുസംഘത്തിന്റെ സെക്രട്ട റിയായിക്കഴിഞ്ഞ കർദിനാൾ യൂജിൻ ടിസറാങ്ങിനെഴുതുന്നു.

1939 : ഹയരാർക്കിയുടെ എതിർപ്പിനെ അതിജീവിച്ച് പൗരസ്ത്യതിരു സംഘം കൽദായ പൊന്തിഫിക്കാൾ പുനരുദ്ധരിച്ചു നല്കുന്നു. പന്ത്രണ്ടാം പീസൂസ് പാപ്പ അതിന് അംഗീകാരം നല്കുന്നു. ഏറെ ക്കഴിയുംമുമ്പ് രണ്ടാം ലോകയുദ്ധം പൊട്ടിപ്പുറപ്പെട്ടതിനാൽ ആദ്യ മായി പുനരുദ്ധരിക്കപ്പെട്ട ആ തിരുക്കർമ്മഗ്രന്ഥം അച്ചടിക്കപ്പെടാ തെപോയി. അതേസമയം, മറ്റു തിരുക്കർമങ്ങളുടെ പ്രാർത്ഥനകൾ, നിലവിലുണ്ടായിരുന്ന ലത്തീനീകരിക്കപ്പെട്ട ക്രമങ്ങൾ വച്ച് എഴു തിയുണ്ടാക്കാൻ കേരളത്തിൽ പല ശ്രമങ്ങളും നടന്നു. 1948 ആകു മ്പോഴേക്കും കുർബാനയിലെ 'ആവർത്തനങ്ങൾ' ഒഴിവാക്കുക, കുർബാനയുടെ ദൈർഘ്യം കുറയ്ക്കുക എന്നിവ സീറോ-മലബാർ ബിഷപ്സ് കോൺഫറൻസിന്റെ അജണ്ടയിൽ വരുന്നു.

1953 : കുർബാനയും കൂദാശകളും തർജമ ചെയ്യുന്നതിന് സീറോ-മല ബാർ ബിഷപ്സ് കോൺഫറൻസ് ഒരു കമ്മിറ്റിയെ വയ്ക്കുന്നു. അതു ഫലരഹിതമായിപ്പോകുന്നു.

### *സഭാസ്നേഹത്തിന്റെ കൈപ്പട*

ഇങ്ങനെ, സീറോ-മലബാർ വികാരിയാത്തുകളുണ്ടായി മുക്കാൽനൂ റ്റാണ്ടു കഴിഞ്ഞും, സീറോ-മലബാർ ഹയരാർക്കി പുനഃസ്ഥാപിതമായി അരനൂറ്റാണ്ടു കഴിഞ്ഞും സ്വന്തം പൈതൃകമായ പൗരസ്ത്യ സിറിയൻ ദൈവാരാധനക്രമത്തിലുള്ള കുർബാനയും കൂദാശകളും സീറോ-മല

ബാർ സഭയിൽ വീണ്ടെടുക്കാതെ കിടക്കുമ്പോഴാണ്, കുറുമ്പനാടം പവ്വത്തിൽ പി.ജെ. ജോസഫ് എന്ന പാപ്പച്ചൻ അർത്ഥശാസ്ത്രത്തിൽ എം.എ. എടുത്തശേഷം, പരിശുദ്ധ കുർബാനയോടുള്ള ഗാഢബന്ധവുമായി വിശുദ്ധ ജീവിതത്തിനു ദാഹിച്ച് ചങ്ങനാശേരിയിലെ സെമിനാരിയിൽ ചേരുന്നത്.

"ലിറ്റർജി സംബന്ധിച്ച നിലപാട് അന്നേ രൂപംകൊണ്ടിരുന്നുവോ?" അമ്പത്തിമൂന്നിലെ ആ സെമിനാരി വിദ്യാർത്ഥിയോട് അമ്പത്തിമൂന്നു കൊല്ലം കഴിഞ്ഞ് ഞങ്ങൾ ചോദിച്ചു.

"കോളജിൽ പഠിക്കുന്ന കാലത്ത് 'നമ്മുടെ റീത്ത്' എന്ന പുസ്തകം വായിക്കാൻ എനിക്ക് അവസരമുണ്ടായി. നമ്മുടെ സഭയെക്കുറിച്ചുള്ള എന്റെ ചിന്തകൾക്ക് രൂപം നല്കിയ ഒന്നാണ് ഈ പുസ്തകം" -അദ്ദേഹം ഓർമിക്കുന്നു.

പതിനഞ്ചാം നൂറ്റാണ്ടോടെ 'കൽദായ റീത്ത്" എന്ന പേരിൽ അറിയപ്പെട്ടുതുടങ്ങിയ പുരാതനമായ പൗരസ്ത്യ സുറിയാനി ജീവിതക്രമത്തിന്റെ സവിശേഷതകളെക്കുറിച്ചും ഇന്ത്യയിലെ ആ ജീവിതക്രമത്തിന്റെ രണ്ടു സഹസ്രാബ്ദത്തെ ചരിത്രത്തെക്കുറിച്ചും 1599-ലെ നിർഭാഗ്യകരമായ ഉദയം പേരൂർ സുനഹദോസിനുശേഷം അതിനു വന്ന മാറ്റങ്ങളെക്കുറിച്ചും മിതഭാഷയിൽ 1940-കളുടെ തുടക്കത്തിൽ എഴുതപ്പെട്ട ലേഖനങ്ങളുടെ പുസ്തകരൂപമായിരുന്നു. 1943-ൽ മാന്നാനത്തു സെന്റ് ജോസഫ്സ് പ്രസിൽനിന്നു പ്രസിദ്ധീകരിക്കപ്പെട്ട 'നമ്മുടെ റീത്ത്.' അതിന്റെ ഗ്രന്ഥകാരനെക്കുറിച്ചു പിന്നാലെ പറയാം.

1953-ലെ സെമിനാരി ജീവിതത്തിലെ ഒരു കൈയെഴുത്തു മാസികാസംരംഭവും യുവാവായ ജോസഫ് പവ്വത്തിലിന്റെ ഹൃദയത്തിൽ സീറോ-മലബാർ സഭയുടെ പൈതൃകത്തെ സംബന്ധിച്ച നിലപാടുകൾ രൂപപ്പെട്ടതുമായി ബന്ധപ്പെട്ടു നില്ക്കുന്നു.

"പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറി കർദിനാൾ ടിസറാങ് തിരുമേനി കേരള സന്ദർശനത്തിനു വരുന്നു. ഞങ്ങളുടെ റെക്ടർ പെരിയ ബഹുമാനപ്പെട്ട പോരൂക്കര തോമ്മാച്ചൻ പൗരസ്ത്യസഭാകാര്യങ്ങളിൽ ഏറെ താല്പരനായിരുന്നു. ടിസറാങ് തിരുമേനിയുടെ സന്ദർശനം നമ്മുടെ മാതൃസഭയുടെ ആവശ്യങ്ങൾ നേടുന്നതിന് ഉപകരിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അതിനു സഹായകമായ വിവരങ്ങൾ ഉൾപ്പെടുത്തി സെമിനാരി വകയായി ഇംഗ്ലീഷിൽ ഒരു കൈയെഴുത്തുമാസികയുണ്ടാക്കി കർദി

നാൾ തിരുമേനിക്കു സമർപ്പിക്കാൻ ബഹുമാനപ്പെട്ട അച്ചൻ തീരുമാനിച്ചു.

“സീറോ-മലബാർ സഭയുടെ അതിർത്തി ഭാരതപ്പുഴയ്ക്കും പമ്പാനദിക്കും ഇടയ്ക്കാക്കി ഒതുക്കുന്നതു ശരിയല്ലെന്നും വടക്കോട്ടും തെക്കോട്ടും അതിർത്തി വ്യാപിപ്പിക്കണമെന്നും വാദിച്ച് പോരൂക്കരയച്ചൻതന്നെ ലേഖനമെഴുതി. ഉദയംപേരൂർ സൂനഹദോസിനെക്കുറിച്ച് ദീർഘമായ ഒരു ലേഖനമെഴുതാൻ ബഹുമാനപ്പെട്ട അച്ചൻ എനിക്കു നിർദേശം നല്കി. ഞാനതെഴുതി. സൂനഹദോസിനെത്തുടർന്ന് നമ്മുടെ റീത്തിനുണ്ടായ കുഴപ്പം പരിഹരിക്കപ്പെടണമെന്ന ദിശയിലേക്ക് എന്റെ ചിന്ത തിരിക്കാൻ ടിസറാങ് തീരുമേനിയുടെ സന്ദർശനവേളയിലെ ഈ ഒരുക്കവും സഹായിച്ചു”

പൈതൃകം വീണ്ടെടുക്കുക എന്നത് ഭരണപരിധി വിപുലപ്പെടുത്തുന്നതിനേക്കാൾ ഒട്ടും പ്രാധാന്യം കുറയാത്ത കാര്യമായിരുന്നു. സീറോ-മലബാർ സഭയുടെ ആ രണ്ട് ആവശ്യങ്ങളും ഒരു ഞെട്ടിലെ രണ്ടു പൂക്കൾപോലെ കർദിനാൾ ടിസറാങ്ങിനുള്ള കൈയെഴുത്തുമാസികയിൽ വിടർന്നു.

## *തനിമ തിരിച്ചറിയപ്പെടുന്നു*

കർദിനാളിന്റെ സന്ദർശനം ഫലം ചെയ്തു. ഒന്നരവർഷത്തിനുള്ളിൽ സീറോ-മലബാർ സഭയുടെ അതിർത്തി അയൽസംസ്ഥാനനങ്ങളിലേക്കു വ്യാപിക്കപ്പെട്ടു; പുതിയ രൂപതകളുണ്ടായി; ഈ സഭയ്ക്കു സ്വന്തമായി ഒരു മേജർ സെമിനാരി (വടവാതൂർ) ഉണ്ടായി. അതിനുമുമ്പേ, ദൈവാരാധനാപൈതൃകം വീണ്ടെടുക്കുന്നതിനു പൗരസ്ത്യതിരുസംഘംതന്നെ ഒരു കമ്മീഷനെ വച്ചിരുന്നു.

1954-ലെ ആ മൂന്നംഗ കമ്മീഷനിലും 53-ൽ സീറോ-മലബാർ ഹയരാർക്കി നിയമിച്ചതെന്നു മുമ്പു സൂചിപ്പിച്ച ആരാധനക്രമ തർജിമ കമ്മറ്റിയിലും അംഗമായ നിഷ്പാദുക കർമലീത്താ മൂന്നാംസഭ (അന്ന് ടി.ഒ. സി.ഡി; ഇന്നു സി.എം.ഐ.) അംഗമായ ഫാ. പ്ലാസിഡ് പൊടിപാറയായിരുന്നു 1943-ലെ “നമ്മുടെ റീത്തി”ന്റെ ഗ്രന്ഥകാരൻ.

“തൊള്ളായിരത്തി നാല്പതുകളിലും അൻപതുകളിലും അറുപതുകളിലും സ്വന്തം പൈതൃകത്തെക്കുറിച്ചും പാശ്ചാത്യസഭയുടേതിൽനിന്നു വ്യത്യസ്തമായ നിലപാടുകളെക്കുറിച്ചുമുള്ള ചിന്ത പ്രായേണ അപ്രത്യക്ഷമായിരുന്നു. അന്നും ഒരു കെടാവിളക്കുണ്ടായിരുന്നു-അതാണ് ബഹു

മാനപ്പെട്ട പ്ലാസിഡച്ചൻ"-പവ്വത്തിൽ പിതാവ് അനുസ്മരിക്കുന്നു.

"അച്ചൻ സ്വന്തം സഭയുടെ വ്യക്തിത്വമറിയുകയും അതിന്റെ ചരിത്രവും ദൈവശാസ്ത്രവും അധ്യാത്മികതയും കണ്ടെത്തി അതു ജനമധ്യത്തിൽ അവതരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. ദൈവാനുഗ്രഹത്താൽ വിപുലമായ ഒരു ശിഷ്യഗണത്തെ ഈ രംഗത്തേക്കു പിടിച്ചുകയറ്റുവാനും അദ്ദേഹത്തിനു കഴിഞ്ഞു. അത് സീറോ-മലബാർ സഭയുടെ ഉയിർത്തെഴുന്നേല്പ്പിനു കളമൊരുക്കി. രണ്ടാം വത്തിക്കാൻ കൗൺസിലിലെ പിതാക്കന്മാർക്ക് അദ്ദേഹം ഉപദേശകനായി വർത്തിച്ചതും ഇതിനു സഹായകമായി.

"എനിക്ക് അദ്ദേഹവുമായി ദീർഘകാലത്തെ വ്യക്തിപരമായ പരിചയം ഉണ്ടായില്ല. എന്നാൽ എനിക്കറിയാവുന്ന ചുരുക്കം ചില കാര്യങ്ങൾതന്നെ അദ്ദേഹത്തോട് എനിക്കുള്ള സ്നേഹാദരങ്ങൾ വർധിപ്പിക്കുന്നതാണ്. അദ്ദേഹത്തിന്റെ മാഹാത്മ്യത്തിന്റെ ആ ഭാഗികദർശനം, സഭാസംബന്ധമായി ഞാൻ സ്വീകരിച്ചിട്ടുള്ള നിലപാടുകൾക്ക് ഉത്തേജനം നല്കിയതിൽ ഞാൻ സന്തോഷവാനാണ്.

"മേജർ സെമിനാരിക്കാരനെന്നനിലയിൽ ഞാൻ പൂനയിൽ ആയിരുന്നപ്പോഴും പ്ലാസിഡച്ചന്റെ കുറെ ലേഖനങ്ങളും പുസ്തകങ്ങളും വായിക്കാൻ എനിക്ക് അവസരം ലഭിച്ചു. അതിലെ ചിന്തകളും, വേണ്ട അംഗീകാരം ലഭിക്കാത്ത ഒരു സഭയുടെ അംഗമായിരിക്കുക എന്ന തോന്നലുംമൂലം നമ്മുടെ സഭയുടെ തനിമ നാനാവിധത്തിൽ ഊന്നിപ്പറയുവാൻ പൂനയിലെ ജീവിതസാഹചര്യത്തിൽ ഞങ്ങളിൽ ചിലർ നിർബന്ധിതരായി. കേവലം ഒരുതരം വർഗവികാരം മാത്രമാണ് പലരുടെയും മനോഭാവത്തെയും നിലപാടിനെയും താങ്ങിനിർത്തിയത്. എന്നാൽ ഞങ്ങളിൽ ചിലരെങ്കിലും പ്ലാസിഡച്ചന്റെയും മറ്റു ചിലരുടെയും ഗ്രന്ഥങ്ങളുടെ സ്വാധീനത്തിൽ പൗരസ്ത്യസഭകൾ, ദൈവാരാധനയിൽ കേന്ദ്രിതമായ ആധ്യാത്മികത, ലിറ്റർജി തുടങ്ങിയ കാര്യങ്ങളെക്കുറിച്ചു കൂടുതൽ വായിച്ചു പഠിക്കാൻ പ്രേരിതരായി. ബോയർ, ദെലുബാക്ക്, ദാനിയേലു, യുംഗ്മാൻ, കോംഗാർ തുടങ്ങിയ ദൈവശാസ്ത്രജ്ഞന്മാരുടെ രചനകൾ ഞങ്ങൾ വായിക്കുകയും അവരുടെ കാഴ്ചപ്പാടുകളുമായി പരിചയപ്പെടുകയും ചെയ്തു. പൗരസ്ത്യ കാഴ്ചപ്പാടുകളെ പിന്തുണച്ചുകൊണ്ടുള്ള അവരുടെ പുസ്തകങ്ങളിലെ പ്രസക്തഭാഗങ്ങൾക്കു ഞങ്ങൾ പ്രധാന്യം കല്പിച്ചു."

പൗരസ്ത്യ റീത്ത് വീണ്ടെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഇവിടുത്തെ സഭാസ്നേഹികളുടെ പുസ്തകങ്ങൾപോലെ പാശ്ചാത്യ ദൈവശാസ്ത്രജ്ഞരുടെ ഗ്രന്ഥങ്ങളും പൂനയിലെ ആ സെമിനാരിക്കാരെ ഉറച്ചബോധ്യങ്ങളിലേക്കു നയിക്കുകയും ആ ആവശ്യം സാധിക്കാൻ റോം തന്നെ മുന്നോട്ടുവരികയും ചെയ്ത ആ അമ്പതുകളിൽ കേരളത്തിലെ സീറോ-മലബാർ അജപാലകർ എന്തുകൊണ്ടാവും ആ ആവശ്യത്തിനു നേരേ മുഖം തിരിഞ്ഞുനിന്നത്? ലിറ്റർജി പനരുദ്ധാരണത്തെക്കുറിച്ചു എന്തെങ്കിലും പവ്വത്തിൽ പിതാവിനോടു ചോദിക്കുന്നതിനുമുമ്പ്, ഈ ചോദ്യത്തിനു ഞങ്ങൾ ഉത്തരം കണ്ടെത്തേണ്ടതുണ്ടായിരുന്നു.

അതേക്കുറിച്ച് അടുത്ത അധ്യായത്തിൽ.

അധ്യായം ആറ്

# ഉണർത്താം, പങ്കാളിത്തം വളർത്താം

**തൊ**ള്ളായിരത്തി മുപ്പതുകളിലും നാല്പതുകളിലും അമ്പതുകളിലും പൗരസ്ത്യ സിറിയൻ ദൈവാരാധനക്രമം വീണ്ടെടുക്കുന്നതിനോട് അനുഭാവപൂർണമായ സമീപനം പുലർത്താതിരുന്ന സീറോ-മലബാർ പിതാക്കന്മാരുടെ നിലപാടുകൾ അവരിലൊരാൾ തന്നെ രേഖപ്പെടുത്തിയതിൽനിന്ന് ഞങ്ങൾ ശേഖരിച്ചു. അവയിൽനിന്നു ചില മാതൃകകൾ:

"ഇപ്പോഴത്തെ നമ്മുടെ ലിറ്റർജിയുടെ സ്വഭാവം എന്താണ്, ആരാധനക്രമം എങ്ങനെ ദൈവജനത്തിനു കൂടുതൽ ആസ്വാദ്യവും പ്രയോജനപ്രദവുമാക്കാം- ഇവയാണു പ്രായോഗികതലത്തിൽ പ്രധാന്യമർഹിക്കുന്ന സംഗതികൾ."

"സീറോ-മലബാർ റീത്തിന്റെ അടിസ്ഥാനഘടകമായി ഭവിച്ചിരിക്കുന്ന കൽദായ ലിറ്റർജിയെ ഇന്നത്തെ ജനങ്ങളുടെ ആവശ്യവും വാസനയും അനുസരിച്ചു പരിഷ്കരിക്കണം; സന്ദർഭാനുഗുണമായ ഓജസ്സും തേജസ്സും അതിനു പ്രദാനം ചെയ്യണം."

"തിരുക്കർമങ്ങളുടെ ദൈർഘ്യം കുറയ്ക്കുക ഇന്നത്തെ വലിയൊരാവശ്യമാണ്. ഇടവകവികാരിമാരുടെ ബദ്ധപ്പാട്, സമയദൗർലഭ്യം എന്നിവയ്ക്കുപുറമെ, വിശ്വാസികളുടെ ബഹുകാര്യവ്യഗ്രത, ഒരേ ആശയങ്ങളും വാക്കുകളും ആവർത്തിച്ചുകേൾക്കുമ്പോൾ തോന്നുന്ന വിരസത, (സീറോ-മലബാർ) ദേവാലയങ്ങളെ പരിത്യജിച്ച് ലത്തീൻ ദേവാലയങ്ങളിൽ പോകാൻ അവർക്കുള്ള പ്രവണത തുടങ്ങി വിവിധ ന്യായങ്ങൾ (മൂലം) കുർബാനയുടെയും കാനോനനമസ്കാരത്തിന്റെയും ഇതര കർമങ്ങളുടെയും ദൈർഘ്യം വെട്ടിക്കുറയ്ക്കണം."

"അജഗണങ്ങൾക്ക് എന്താണുവേണ്ടത്, അവരുടെ ആത്മീയദാ

ഹത്തെ ശമിപ്പിക്കുവാൻ ഏതുതരം ഉപാധികളാണു സ്വീകരിക്കേണ്ടത്?.... ലിറ്റർജി നവീകരണത്തിന്റെ പുതിയ മേച്ചിൽപ്പുറങ്ങളിലേക്ക് അവയെ നയിക്കണം"

"ലിറ്റർജി ജനങ്ങൾക്കുവേണ്ടിയുള്ളതാകയാൽ അതു താഴെനിന്നു വളരാൻ അനുവദിക്കണം"

"അനൗദ്യോഗികമായ ഉപയോഗത്തിനായി (പരീക്ഷണാർത്ഥം) പുറപ്പെടുവിച്ചിട്ടുള്ള പാഠങ്ങൾ ഉപയോഗപ്പെടുത്തി, അനുദിനം ഒരേയൊരു തരം കുർബാന ചൊല്ലുന്നതിലുള്ള വിരസതയും വൈവിധ്യരാഹിത്യവും ഒഴിവാക്കണം"

"ആധുനിക തലമുറയുടെ സംസ്കാരനിലവാരവും ആശയാഭിലാഷങ്ങളും ആവശ്യങ്ങളുമാവേശങ്ങളും ഹൃദയസ്പന്ദനങ്ങളും ഉൾക്കാഴ്ചകളും കണക്കിലെടുത്തു കാലോചിതമായ നവീകരണത്തിനും അനുരൂപണത്തിനും ആരാധനക്രമം വിധേയമാക്കണം"

"നമ്മുടെ നാട്ടിൽ വ്യവസായവത്കരണം ധൃതഗതിയിൽ നടക്കുകയും ഇടദിവസങ്ങളിൽ അധികസമയം ദിവ്യപൂജയ്ക്കായി ചെലവഴിക്കാൻ സാമാന്യജനങ്ങൾക്കു സാധിക്കാതിരിക്കുകയും ചെയ്യുന്ന പരിതഃസ്ഥിതികൾ കണക്കിലെടുത്ത് കുർബാന ചുരുക്കി വിശ്വാസികൾക്ക് ഇടദിവസങ്ങളിൽപോലും സജീവമായി ബലിയിൽ സംബന്ധിക്കുവാനും ദിവ്യകാരുണ്യം സ്വീകരിക്കുവാനും അവസരം കൊടുക്കേണ്ടതല്ലേ?"

ഇത്തരം നിലപാടുകളിൽ 'ജനാഭിലാഷങ്ങൾ' 'വാസനകൾ', 'ആവേശം', 'പ്രാർത്ഥനകളുടെ ആസ്വാദ്യത', ശ്രവണസുഖം' എന്നിവയെല്ലാം പ്രാധാന്യമർഹിക്കുന്ന പദങ്ങളായി ആവർത്തിച്ചുവരുന്നത് ഞങ്ങൾ കണ്ടു.

പച്ചപ്പരിഷ്കാരം കുഗ്രാമങ്ങളിലുമെത്തുകയും ഗ്രാമങ്ങൾ പട്ടണങ്ങൾക്കും പട്ടണങ്ങൾ നഗരങ്ങൾക്കും വഴിമാറിത്തുടങ്ങുകയും ചെയ്യുന്ന കാലം. വ്യവസായവത്കരണം പയ്യെപ്പയ്യെയാണെങ്കിലും കടന്നുവരുന്നു. ജനങ്ങളുടെ ജീവിതശൈലികൾ മാറുന്നു. ആവശ്യങ്ങളെക്കാൾ അഭിലാഷങ്ങളും മോഹങ്ങളും പ്രാധാന്യം നേടിത്തുടങ്ങുന്നു. ഉള്ളടക്കത്തോളമോ അതിലുപരിയോ 'പാക്കേജിംഗ്' പ്രധാനമായി വരുന്നു. ജീവിതത്തിനു സ്പീഡ് കൂടുന്നു...

ജനജീവിതത്തിലെ ഈ മാറ്റം ഇടയന്മാരെ കരുതലുള്ളവരാക്കിയിരിക്കണം. ഈ ജനങ്ങൾക്കുവേണ്ടി ദൈർഘ്യം കുറഞ്ഞ ഒരു കുർബാന

-അത് അവരുടെ ചിന്തകളിൽ മുൻഗണന നേടിയിരിക്കണം.

പിന്നെയുമുണ്ടായിരുന്നു കാലഘട്ടത്തിന്റെ സമ്മർദങ്ങൾ. രാജ്യം വിദേശാധിപത്യത്തിൽനിന്നും മോചിതമാവുകയും എല്ലാ രംഗവും 'ദേശീയ'മാക്കാനുള്ള പ്രവണത ശക്തിപ്പെടുകയും ചെയ്തപ്പോൾ, നിലവിലുണ്ടായിരുന്ന കുർബാനകൾക്കു പകരം ഒരു ദേശീയ (ഭാരതീയ) കുർബാനയ്ക്കായുള്ള ആഗ്രഹവും ചിലരിൽ വളർന്നു. രാജ്യത്തെ ഭൂരിപക്ഷമതസ്ഥരുടെ മതജീവിതത്തിൽ ഉപയോഗിക്കുന്ന ശബ്ദങ്ങളും ചിഹ്നങ്ങളും കുർബാനയിൽ ഉപയോഗപ്പെടുത്താം എന്ന ചിന്ത ചിലയിടങ്ങളിൽ നാമ്പെടുത്തു തുടങ്ങി.

ദീർഘമായ പ്രാർത്ഥനകളുള്ള പുരാതന കുർബാനക്രമം വീണ്ടും കൊണ്ടുവരുന്ന കാര്യം പിതാക്കന്മാർക്ക് ആലോചിക്കാനാവാതെ പോയത്, അതു ജനങ്ങൾ എങ്ങനെ സ്വീകരിക്കും എന്ന ഭയം മൂലമാകാം. പുരാതന കുർബാനക്രമം നാലാം നൂറ്റാണ്ടിൽ അടിച്ചേല്പ്പിക്കപ്പെട്ടതാണെന്നും മറ്റുമുള്ള ചിന്ത അവരുടെ ഈ ഭയചിന്തയുടെ അനുബന്ധമാകാം.

ജനങ്ങൾക്കിഷ്ടപ്പെടാതെ പോകുമോ എന്നു ഭയന്ന് പൈതൃകം വീണ്ടെടുക്കേണ്ടെന്നു വയ്ക്കാതെ, ജനങ്ങളെ ബോധവത്ക്കരിക്കുകയും മാറ്റം ഉൾക്കൊള്ളാൻ അവരെ സജ്ജരാക്കുകയുമല്ലേ വേണ്ടത്?

1962 ഒക്ടോബർ മൂന്നിന്-വത്തിക്കാൻ സൂനഹദോസ് ആരംഭിക്കുന്നതിനു കൃത്യം ഒരാഴ്ച മുമ്പ്- പൂനയിലെ പേപ്പൽ സെമിനാരി ചാപ്പലിൽ വച്ച് പൗരോഹിത്യപദവിയിലേക്ക് ഉയർത്തപ്പെട്ട ഫാ. ജോസഫ് പവ്വത്തിൽ ഒഴുക്കിനെതിരെനിന്ന് ഇങ്ങനെ ചിന്തിക്കാനാണ് പഠിച്ചിരുന്നത് എന്ന് അദ്ദേഹത്തിന്റെ പില്ക്കാല പ്രവർത്തനങ്ങൾ മുഴുവൻ വെളിപ്പെടുത്തുന്നു.

## *സൂനഹദോസിന്റെ സൂനം*

എസ്. ബി. കോളജിൽ അധ്യാപകനായി നിയമിതനായ നവവൈദികൻ സാമ്പത്തികശാസ്ത്ര അധ്യാപനത്തിലൊതുങ്ങാതെ വത്തിക്കാൻ സൂനഹദോസ് രേഖകൾ കിട്ടുന്ന മുറയ്ക്ക് കല്ലച്ചിലടിച്ചു കോപ്പികളെടുത്ത് മറ്റ് ഏതാനും വൈദികരുമൊത്ത് ഇടവകകളിൽ ബോധവത്ക്കരണം നടത്തുന്നതിൽ ശ്രദ്ധ പതിപ്പിച്ചു. ആരാധനക്രമത്തെക്കുറിച്ചുള്ളതായിരുന്നു സൂനഹദോസിന്റെ ആദ്യ പ്രമാണരേഖ. അതിനാൽ ഏറ്റവുമധികം ബോധവത്ക്കരണക്ലാസുകൾ അതേക്കുറിച്ചു നടന്നു. പിന്നീട് തിരു

സഭയെക്കുറിച്ചുള്ള രേഖയും ഏറെ പഠനവിധേയമായി.

സാർവത്രിക സഭയുടെ പ്രബോധനം പഠിപ്പിക്കുക; അതിന്റെ വെളിച്ചത്തിൽ മാതൃസഭയുടെ കാര്യങ്ങളിൽ നിലപാടെടുക്കുക- ഇതാണ് അന്നുമിന്നും ഈ 'സഭാമനുഷ്യന്റെ' സുവർണനിയമം.

സൂനഹദോസിന്റെ പ്രബോധനങ്ങൾ വിശദീകരിച്ചുകൊടുത്ത്, അതിനനുസരിച്ചവിധം ദൈവാരാധനയെ സമീപിക്കാൻ ഇടവകതോറും നടന്ന് ജനങ്ങളെ ബോധവത്ക്കരിച്ച ആ യുവവൈദികൻ, സൂനഹദോസിന്റെ വെളിച്ചത്തിൽ സഭയിൽ വരുത്തേണ്ട പരിവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുവാൻ 1969 മെയ് മാസത്തിൽ ബാംഗ്ലൂരിൽ നടന്ന "ഇന്നത്തെ ഇന്ത്യയിലെ സഭ" അഖിലേന്ത്യ സെമിനാറിൽ സജീവമായി പങ്കെടുത്തു.

ആ സെമിനാറിനു മുന്നോടിയായി ഇന്ത്യയിലെമ്പാടും രൂപതാതലത്തിലും മേഖലാ തലത്തിലും സമ്മേളനങ്ങൾ നടന്നിരുന്നു. 1968 നവംബറിൽ നടന്ന അതിരൂപതാ സെമിനാറിന്റെ മുഖ്യസംഘാടകനായിരുന്ന ഫാ. ജോസഫ് പവ്വത്തിൽ ആലുവയിൽ നടന്ന റീജണൽ സെമിനാറിനുവേണ്ടിയുള്ള അതിരൂപതാ ഓർഗനൈസിംഗ് കമ്മിറ്റിയുടെ സെക്രട്ടറിയുമായിരുന്നു.

രൂപതാ-മേഖലാ സമ്മേളനങ്ങളിലെ ചർച്ചകളുടെ ഫലം ക്രോഡീകരിച്ച് അഖിലേന്ത്യാ സെമിനാറിനുവേണ്ടി തയ്യാറാക്കിയ ബൃഹത്തായ സംശോധക ഗ്രന്ഥത്തിന്റെ രചയിതാക്കളിലൊരാളുമായി ഫാ. പവ്വത്തിൽ.

*"ഭാരതീയം"*

അഖിലേന്ത്യാ സെമിനാറിൽ പങ്കെടുത്തവരെ വർക്ക്ഷോപ്പുകളും ഗ്രൂപ്പുകളുമായി തിരിച്ചിരുന്നു. ആധ്യാത്മികത, ആരാധനക്രമവും വിശ്വാസപരിശീലനവും, സുവിശേഷവത്ക്കരണം, മറ്റുമതങ്ങളുമായുള്ള ഡയലോഗ്, ഭാരതസംസ്ക്കാരം, വിദ്യാഭ്യാസം, സാമൂഹികസാമ്പത്തിക പ്രവർത്തനങ്ങൾ, രാഷ്ട്രീയ കാര്യങ്ങൾ, മാധ്യമങ്ങൾ, നേതൃത്വം, കുടുംബം, തൊഴിൽ, എക്യുമെനിസം തുടങ്ങി പതിനാറു വർക്ക്ഷോപ്പുകൾ. അതിൽ ആരാധനക്രമവും വിശ്വാസപരിശീലനവും എന്ന വർക്ക്ഷോപ്പിലെ രണ്ടു ഗ്രൂപ്പുകളിലൊന്നിലായിരുന്നു പവ്വത്തിലച്ചൻ.

ഇന്ത്യൻ മതപാരമ്പര്യങ്ങളിൽനിന്നുള്ള ചിഹ്നങ്ങളും അടയാളങ്ങളും പ്രാർത്ഥനകളും ഘടകങ്ങളായി സ്വീകരിച്ച് മൂന്നു റീത്തിലെയും കുർബാനയെ "ഭാരതവത്ക്കരിക്കാൻ" ഉള്ള ആശയാഭിലാഷങ്ങളായി

രുന്നു ഈ വർക്ക്ഷോപ്പിൽ മുന്നിട്ടുനിന്നത്.

ഇങ്ങനെ അനുരൂപണം വേണമെന്നു പറഞ്ഞവരിൽ പലരും നവീകരണത്തിനും അനുരൂപണത്തിനും മുന്നുപാധിയായി സൂനഹദോസ് നിർദ്ദേശിച്ച പുനരുദ്ധാരണത്തെക്കുറിച്ചു ചിന്തിക്കാൻ ശ്രമിച്ചില്ല. വർക്ക്ഷോപ്പ് റിപ്പോർട്ട് പുനരുദ്ധാരണത്തെക്കുറിച്ച് ഒരു വാക്കുപോലും രേഖപ്പെടുത്തിയില്ല.

പല വർക്ക്ഷോപ്പുകൾ ചേർന്നുള്ള ഇന്റർമീഡിയറി അസംബ്ലിയുടെ റിപ്പോർട്ടുകളിലും ഈ സുപ്രധാനവിഷയം പരാമർശിക്കപ്പെടാതെപോയി. "ഭാരതത്തിന്റെ സാംസ്കാരിക പൈതൃകത്തിൽനിന്നു പ്രചോദനമുൾക്കൊണ്ടു പ്രാർത്ഥനകളും ഗീതങ്ങളും രചിച്ച്.. ആരാധനയിൽ ഒരു ഭാരതീയന്തരീക്ഷം ഉണ്ടാക്കുക" എന്നല്ലാതെ, ഭാരതത്തിൽ ഒന്നരസഹസ്രാബ്ദം നിലവിലിരുന്ന ഒരു റീത്തിന്റെ പുനരുദ്ധാരണകാര്യമൊന്നും അസംബ്ലിയുടെ നിർദ്ദേശങ്ങളിൽ പെടാതെപോയി.

അഖിലേന്ത്യാ സെമിനാറിന്റെ അവസാനം പാസാക്കിയ പ്രമേയത്തിലെത്തുമ്പോഴേക്കും ഇതു"ഭാരതത്തിന്റെ സാംസ്കാരികവും മതപരവുമായ പൈതൃകത്തിൽനിന്നു പ്രചോദനങ്ങൾ ഉൾക്കൊള്ളുക" എന്നാവുന്നു. "ആധികാരിക ഇന്ത്യൻ ആരാധനാരൂപങ്ങൾ കൂട്ടിച്ചേർത്ത് സഭയുടെ ദൈവാരാധനയ്ക്ക് കൂടുതൽ ഭാരതീയമായ സ്വഭാവം നല്കണം" എന്നാകുന്നൂ ആവശ്യം .

സീറോ-മലബാർ സഭയുടെ ആവശ്യം കണക്കിലെടുക്കാതെ പ്രധാനമായും ലത്തീൻ സഭയുടെ ആരാധനക്രമാനുരൂപണങ്ങളെ മുൻനിർത്തി 1969-ലെ ബാംഗ്ലൂർ സെമിനാർ ഇങ്ങനെയൊരു നിശ്ചയത്തിലെത്തുന്നതിനകം, സീറോ-മലബാർ സഭയിൽ ആരാധനക്രമ പുനരുദ്ധാരണ പരിഷ്കരണ-ചർച്ചകൾ സൂനഹദോസ് പ്രബോധനങ്ങളിൽനിന്ന് ഏറെ അകന്നുകഴിഞ്ഞിരുന്നു.

## *അഭിപ്രായഭിന്നതയുടെ വേരുകൾ*

ഇവിടെ, കഴിഞ്ഞ അധ്യായത്തിലെ നാൾവഴിയിലേക്കു നമ്മൾ തിരിച്ചുപോകണം. നിലവിലുണ്ടായിരുന്ന ലത്തീനീകരിക്കപ്പെട്ട സുറിയാനി കുർബാനയ്ക്കു മലയാള പരിഭാഷയുണ്ടാക്കാനാണ് 1953-ൽ സീറോ-മലബാർ മെത്രാൻസംഘം കമ്മിറ്റിയെ വച്ചതെങ്കിൽ, വികലമാക്കപ്പെടുന്നതിനുമുമ്പുള്ള കൽദായ (പൗരസ്ത്യ സുറിയാനി)കുർബാന ടെക്സ്റ്റും യാമപ്രാർത്ഥനകളും വീണ്ടെടുക്കാനാണ് 1954 -ൽ പൗരസ്ത്യ തിരു

സംഘം കമ്മീഷനെ വച്ചത്. മെത്രാൻ സംഘം ഇതോടു യോജിച്ചില്ല. എന്നാൽ, പതിനാറാം നൂറ്റാണ്ടുവരെ സീറോ-മലബാർ സഭയിൽ നില വിലിരുന്നതും 1939-ൽ വീണ്ടെടുത്തതുമായ പരമ്പരാഗത കൽദായ പൊന്തിഫിക്കാൾ 1957-ൽ ബെയ്റൂട്ടിൽ അച്ചടിച്ച തിരുസംഘം, കമ്മീ ഷൻ സമർപ്പിച്ച മൂന്നു കൂദാശക്രമങ്ങൾ (അനാഫൊറ) അടങ്ങുന്ന പര മ്പരാഗത കുർബാന ടെക്സ്റ്റ് അംഗീകരിക്കുകയും 1957 ജൂൺ 26-ന് പന്ത്രണ്ടാം പീയൂസ് പാപ്പ അതിന് അംഗീകാരം നല്കുകയും ചെയ്തു.

1960- അദ്ദായിയുടെയും മാറിയുടെയും നാമത്തിലുള്ള കൂദാശക്രമം മാത്രം ഉൾപ്പെടുത്തി ഇത് ആലുവയിൽനിന്നു പ്രസിദ്ധീകരിക്കപ്പെടുന്നു.

1962 ജനുവരി 20- മൂന്ന് അനാഫൊറയുമടങ്ങിയ പുനരുദ്ധരിക്കപ്പെട്ട കുർബാന ടെക്സ്റ്റ് ഏർപ്പെടുത്തിക്കൊണ്ട് ജോൺ ഇരുപത്തിമൂ ന്നാമൻ പാപ്പയുടെ ഡിക്രി.

1962 ജൂലൈ മൂന്ന്- സീറോ-മലബാർ സഭയിൽ ഇതു നിലവിൽ വരുന്നു.

1962 ഒക്ടോബർ 11 മുതൽ 1965 ഡിസംബർ എട്ടുവരെ നടന്ന വത്തി ക്കാൻ സൂനഹദോസ് ആരാധനക്രമത്തിന്റെ പുനരുദ്ധാരണം, നവീ കരണം, അനുരൂപണം തുടങ്ങിയ കാര്യങ്ങൾ വ്യക്തമായി പ്രതി പാദിക്കുന്ന കാലത്തും അതുകഴിഞ്ഞും 1962-ലെ കുർബാന ടെക്സ്റ്റിനുപകരം "ദൈർഘ്യം കുറഞ്ഞ കുർബാന"ക്കുവേണ്ടി യുള്ള ആഗ്രഹം സീറോ-മലബാർ പിതാക്കന്മാർ പ്രകടിപ്പിക്കു ന്നു. പൗരസ്ത്യ തിരുസംഘം അത്തരം അപേക്ഷകൾ നിരസ്സി ക്കുന്നു.

1968-വീണ്ടെടുക്കപ്പെട്ട 62-ലെ ക്രമത്തിൽനിന്നു വ്യത്യസ്തമായ ഒരു കുർബാനക്രമം പിതാക്കന്മാരുടെ ഇംപ്രിമാത്തൂറോടെ കേരള ത്തിൽ അച്ചടിക്കപ്പെടുന്നു. പരീക്ഷണാർത്ഥം ഉപയോഗിക്കാൻ അതിന് അനുമതി ലഭിക്കുന്നു.

1969-പരിശുദ്ധ സിംഹാസനം ഇടപെടുകയും 68-ലെ ക്രമം പരീക്ഷ ണാർത്ഥം രണ്ടുവർഷത്തേക്കേ ഉപയോഗിക്കാവൂ എന്നു നിഷ്ക്കർഷിക്കുകയും ചെയ്യുന്നു.

ഇതിനിടയിലാണ്, സീറോ-മലബാർ സഭയുടെ സെൻട്രൽ ലിറ്റർജി ക്കൽ കമ്മിറ്റി വിപുലീകരിക്കപ്പെട്ടതും ചങ്ങനാശ്ശേരി അതിരൂപതയിൽ നിന്നുള്ള രണ്ട് അംഗങ്ങളിലൊരാളായി ഫാ. ജോസഫ് പവ്വത്തിലിനെ

കാവുകാട്ടു പിതാവ് അതിലേക്കു നിയോഗിച്ചതും.

മുപ്പതുകൾതൊട്ട് അറുപതുകൾവരെ പ്രധാനമായും 'ദൈർഘ്യം കുറഞ്ഞ കുർബാന'യ്ക്കുവേണ്ടിയുള്ള ആഗ്രഹവും നിലവിലുള്ള ലത്തീനീകൃത രീതികളോടുള്ള ആഭിമുഖ്യവുമാണ് പൗരസ്ത്യ സിറിയൻ ആരാധനക്രമം പുനരുദ്ധരിക്കുന്നതിനോട് ഹായരാർക്കിക്ക് അഭിമുഖ്യം കുറച്ചതെങ്കിൽ, ബാംഗ്ലൂർ സെമിനാറിൽ ആരാധനക്രമത്തെ സംബന്ധിച്ച വർക്ക്ഷോപ്പിന്റെ അധ്യക്ഷന്മാരിലൊരാളായിരുന്ന എൻ. ബി. സി. എൽ. സി. ഡയറക്ടർ അമലോർഭവദാസ് അച്ചനെപ്പോലുള്ളവരുടെ നിർമാണാത്മകതയിൽ വിടർന്ന 'ഭാരതീയ പൂജാ'സങ്കല്പങ്ങളും അറുപതുകളുടെ അവസാനമാകുമ്പോഴേക്കും സീറോ-മലബാർ കുർബാന പരിഷ്കരണചർച്ചകളിൽ ഇടംകണ്ടെത്തി. മറ്റൊരിടത്തും പറഞ്ഞുകേട്ടിട്ടല്ലാത്ത വിധം, ഒരു സഭയുടെ ആരാധനക്രമ ടെക്സ്റ്റുകളുടെ സ്ഥാനത്ത് ഒരു വ്യക്തിയുടെ ആരാധനക്രമ രചനകൾ ഉണ്ടായി. ലത്തീനീകരിക്കപ്പെട്ടു പോയ ക്രമങ്ങളുടെ സ്വതന്ത്രമായ ആവിഷ്ക്കരണങ്ങളായിരുന്നു പലതും.

സൂനഹദോസിന്റെ പ്രബോധനവും പരിശുദ്ധ സിംഹാസനത്തിന്റെ നിർദ്ദേശങ്ങളും മാറ്റിവച്ചുകൊണ്ടുള്ള ഈ പോക്കിൽ ദു:ഖിച്ച വൈദികർ ചങ്ങനാശേരിയിൽ ഫാ. ജോസഫ് പവ്വത്തിലിനെ എക്സിക്യൂട്ടീവ് സെക്രട്ടറിയാക്കി 1971-ൽ ഇന്ത്യൻ അക്കാദമി ഓഫ് ഈസ്റ്റേൺ ലിറ്റർജി തുടങ്ങി. (സീറോ-മലബാർ സഭയുടെയും സീറോ-മലങ്കരസഭയുടെയും പൈതൃകത്തെക്കുറിച്ചു ശാസ്ത്രീയമായി പഠിക്കുന്ന ഓറിയന്റൽ സ്റ്റഡി ഫോറമായി 78-ൽ ഇതു വളർന്നു). പരിശുദ്ധ സിംഹാസനം നല്കിപ്പോന്ന നിർദ്ദേശങ്ങളനുസരിച്ചുള്ള കുർബാനപുനരുദ്ധാരണത്തിനും അതിന്റെയടിസ്ഥാനത്തിലുള്ള നവീകരണത്തിനുംവേണ്ടി മെത്രാനെന്ന നിലയിൽ പ്രവർത്തിക്കാൻ 1972-ൽ ദൈവം ആ വൈദികനെ തെരഞ്ഞെടുത്തു.

'ദൈർഘ്യംകുറഞ്ഞ കുർബാന'യ്ക്കും 'ഭാരതവത്ക്കരണ'ത്തിനും അനുകൂലമായ ചിന്തയും വികാരവും സീറോ-മലബാർ സഭയുടെ പൗരസ്ത്യ സിറിയൻ പൈതൃകത്തെ സംശയിക്കാൻ പലരെയും പ്രേരിപ്പിക്കുകയായിരുന്നല്ലോ. എഴുപതുകളും എൺപതുകളുമാകുമ്പോഴേക്കും ആ സംശയം സഭാ പൈതൃകത്തിന്റെ ചരിത്രപരമായ നിഷേധംതന്നെയായി വളർന്നു.

'പൗരസ്ത്യസിറിയൻ' എന്ന ഭാഷാനാമത്തിൽ 'സിറിയ' കാണുകയും 'കൽദായ' എന്ന പര്യായം കാണുമ്പോൾ ഒരു ആരാധനാഭാഷ

യുടെ പേരാണ് അതെന്ന് ഓർക്കാതെ പോവുകയും ഇന്ത്യയ്ക്കൊപ്പം ആ ആരാധന ഭാഷ നിലവിലിരുന്ന വിദേശ നാടുകളെമാത്രം ഓർക്കുകയും പൗരസ്ത്യ സിറിയൻ അഥവാ കൽദായ പൈതൃകം വൈദേശികമാണെന്നു വിധിച്ചു തള്ളുകയും ചെയ്യുന്ന സ്ഥിതിയിലെത്തീ കാര്യങ്ങൾ. സീറോ- മലബാർ ബിഷപ്സ് കോൺഫറൻസിന്റെ ലിറ്റർജിക്കൽ കമ്മീഷൻ അധ്യക്ഷനായിരുന്നുകൊണ്ട് മേല്പറഞ്ഞ ദുർഭഗസ്ഥിതിയിൽനിന്ന് സഭയെ കരകയറ്റാൻ നടത്തിയ സമർപ്പണത്തിന്റെ പേരിലാണ് അന്നത്തെ പല പ്രസിദ്ധീകരണങ്ങളിലും മാർ ജോസഫ് പവ്വത്തിൽ 'പിടിവാശിക്കാരനായ കൽദായവത്ക്കരണവാദി' യായി ചിത്രീകരിക്കപ്പെട്ടത്.

പതിനൊന്നാം പീയൂസിന്റെ 1934 ഡിസംബർ ഒന്നിലെ പ്രഖ്യാപനവും പന്ത്രണ്ടാം പീയൂസിന്റെ 1939 ജൂലൈ ഒമ്പതിലെ നിശ്ചയവും ഇരുപത്തിമൂന്നാം യോഹന്നാൻ പാപ്പയുടെ 1962 ജനുവരി 20-ലെ ഡിക്രിയും പോൾ ആറാമൻ പാപ്പയുടെ 1969 മെയ് ഒമ്പതിലെ ഇടപെടലും പിന്നിട്ട് സീറോ-മലബാർ പുനരുദ്ധാരണത്തിന്റെ നാൾവഴി 1986 ഫെബ്രുവരി എട്ടിന് ജോൺപോൾ രണ്ടാമൻ കോട്ടയത്ത് പുനരുദ്ധരിക്കപ്പെട്ട ക്രമത്തിൽ അർപ്പിച്ച റാസ വരെ എത്തുന്നതിനിടയ്ക്ക് മാർ ജോസഫ് പവ്വത്തിൽ എന്ന ദൈവാരാധനയുടെ പ്രേഷിതൻ എത്രയോ സഹനങ്ങളാണ് അനുഭവിച്ചത്.

മാതൃസഭയെപ്രതി, തന്റെ മാതൃസഭയുടെ ആരാധനാവ്യക്തിതം കൊണ്ടുകൂടി പ്രശോഭിതയാകുന്ന തിരുസ്സഭയെപ്രതി അദ്ദേഹം എല്ലാം സഹിച്ചു. 'മെട്രോപോളിറ്റൻ' എന്നവാക്കിന്റെ ആദിമ അർത്ഥമനുസരിച്ചുതന്നെ മാതൃസഭയുടെ സംരക്ഷകൻ ആവുകയായിരുന്നൂ ഈ പിതാവ്.

# മൂന്നാം ഭാഗം

# നിരീക്ഷണങ്ങൾ

അധ്യായം ഏഴ്

# ഇനിയുമുണ്ട് ദൂരം

“ദൈവത്തിന്റെ വചനം സജീവവും ഊർജസ്വലവുമാണ്; ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്.”

കേരളത്തിലെ സമീപകാല സുവിശേഷപ്രസംഗവേദികളിൽ ഏറ്റവും കൂടുതൽ മുഴങ്ങിയിട്ടുള്ള ദൈവവചനഭാഗങ്ങളിലൊന്നാണ് ഹെബ്രയലേഖനത്തിന്റെ നാലാം അധ്യായത്തിലെ ഈ പന്ത്രണ്ടാം വാക്യം. ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ ഈ വാക്യത്തിൽ വായന അവസാനിപ്പിക്കുന്നില്ല.

തൊട്ടടുത്ത വാക്യങ്ങളിലേക്കും അദ്ദേഹം നമ്മെ വഴിനടത്തുന്നു: “ദൈവത്തിന്റെ മുമ്പിൽ ഒരു സൃഷ്ടിയും മറഞ്ഞിരിക്കുന്നില്ല. അവിടുത്തെ കൺമുമ്പിൽ സകലതും അനാവൃതവും വ്യക്തവുമാണ്. നാം കണക്കുബോധിപ്പിക്കേണ്ടതും അവിടുത്തെ സന്നിധിയിലാണ്”

ഒരു ദിവസം ഞങ്ങളോടു സംസാരിച്ചപ്പോൾ മൂന്നു മണിക്കൂറിനുള്ളിൽ രണ്ടു തവണ അദ്ദേഹം ആ ചോദ്യം ആവർത്തിച്ചു : “നാം കണക്കു കൊടുക്കേണ്ടതല്ലേ?”

സഭയുടെ അംഗങ്ങൾ എന്ന നിലയിൽ സഭയുടെ ദൈവാരാധനയെ സംബന്ധിച്ച കാര്യങ്ങളിൽ നമുക്കെങ്ങനെ ഉപേക്ഷവരുത്താൻ കഴിയും, എങ്ങനെ മന്ദോഷ്ണരാകാൻ കഴിയും എന്നു ചോദിക്കുകയായിരുന്നു ഒരുതവണ. കുഞ്ഞുങ്ങളുടെ വിശ്വാസപരിശീലനകാര്യത്തിൽ ചില മാതാപിതാക്കൾക്കുണ്ടാവുന്ന താല്പര്യക്കുറവിനെക്കുറിച്ചു പറയുകയായിരുന്നു മറ്റൊരു തവണ.

നാടിന്റെയും ലോകത്തിന്റെയും ഏതു ഭാഗത്തുമുണ്ടാവുന്ന പുതു പ്രവണതകളെക്കുറിച്ച് അപ്പപ്പോൾ വിവരം നേടുന്ന പവ്വത്തിൽപിതാവി നോട് സഭയ്ക്കു നേർക്കുള്ള ഏറ്റവും വലിയ ഭീഷണി ഏതെന്നു ചോദി ക്കൂ. നിമിഷമാത്രയിൽ ഉത്തരം വരും: വിശ്വാസത്തിലും ധാർമ്മികബോ ധത്തിലുമുണ്ടാകുന്ന ചോർച്ച.

ഇതിനുള്ള കാരണങ്ങൾ പിതാവിന് അക്കമിട്ടുനിരത്താൻ കഴിയും. മാതാപിതാക്കന്മാരും നേതാക്കളുമടങ്ങിയ ഇന്നത്തെ തലമുറയുടെ വിശ്വാ സത്തിന് ആഴമില്ലാതെ പോയതാണ് പ്രധാനകാരണം. വിദ്യാഭ്യാസം നേടി യതോടൊപ്പം വിശ്വാസവും ധാർമ്മികതയും സമാർജ്ജിക്കാൻ കഴിയാ ഞ്ഞതുകൊണ്ട് വിശ്വാസത്തിന്റെ ബോധ്യങ്ങളും മാർഗ്ഗദർശനവും പുതിയ തലമുറയ്ക്കു നൽകാൻ മിക്കവർക്കും കഴിവില്ലാതെപോയി. അൻപതു കളിലും അറുപതുകളിലുമെല്ലാം വളർന്നുവന്ന ഇടതുപക്ഷചിന്താഗതി പലരെയും സ്വാധീനിച്ചുവെന്നത് മറ്റൊരു കാരണം. നിലവിലിരിക്കുന്ന തിനെ നിഷേധിച്ച് എളുപ്പം അംഗീകരിക്കപ്പെടുന്ന ‘‘ബുദ്ധി ജീവി”കളായിത്തീരാനുള്ള പ്രവണതയാണ് ആ ചിന്താഗതി വളർത്തി യെടുത്തതെന്നു പിതാവ് വിലയിരുത്തുന്നു. “അതോടൊപ്പം ഭൗതികപു രോഗതിയിൽമാത്രം ശ്രദ്ധപതിപ്പിച്ച് പലരും പ്രായോഗിക ഭൗതികവാദി കളായിത്തീരുകയും ചെയ്തു. ഈ സാഹചര്യങ്ങളിലാണ് കുടുംബ പ്രാർത്ഥന, കുടുംബത്തിലെ പ്രാഥമിക മതബോധനം തുടങ്ങിയവ കുറ യുന്നത്.”

കത്തോലിക്കാ വിദ്യാലയങ്ങളിൽത്തന്നെ കുട്ടികളെ അയയ്ക്കണ മെന്ന നിഷ്ഠ മിക്കമാതാപിതാക്കന്മാർക്കും ഇല്ലാതായിട്ടുണ്ട്. സർക്കാർച ട്ടങ്ങളും നിയമങ്ങളും കാരണം, എല്ലാ കത്തോലിക്കാവിശ്വാസികൾക്കും കത്തോലിക്കാ വിദ്യാലയങ്ങളിൽ പ്രവേശനം ലഭിക്കാൻ ബുദ്ധിമുട്ടുണ്ടാ കുന്നുമുണ്ട്. പല അദ്ധ്യാപകരുടേയും താൽപര്യക്കുറവും കഴിവുകേടും മതബോധനരംഗത്തെ ബലഹീനതകളാണ്. ഉന്നത വിദ്യാലയങ്ങളിൽ മതബോധനം പലയിടങ്ങളിലും നാമമാത്രമായിത്തീർന്നിരിക്കുന്നു. കുട്ടി കൾക്കു ശരിയായ വിശ്വാസപരിശീലനം ലഭിക്കാതെ പോകുന്നത് ഭാവി യിൽ ഉണ്ടാക്കാവുന്ന പ്രശ്നങ്ങളുടെ വലിപ്പം പവ്വത്തിൽപിതാവിനെ ചിന്താധീനനാക്കുന്നു.

രാഷ്ട്രീയസിദ്ധാന്തങ്ങളുടെയും പാർട്ടികളുടെയും സ്വാധീനം അനേ കരെ വിശ്വാസമാർഗ്ഗത്തിൽനിന്ന് വ്യതിചലിപ്പിക്കുന്നുണ്ട്. താൽക്കാലി കനേട്ടങ്ങൾ നൽകാൻ രാഷ്ട്രീയപാർട്ടികൾക്കു സാധിക്കും. ചില മൗലി

കവാദപ്രസ്ഥാനങ്ങൾക്കും കഴിയും. കേവലം ഭൗതിക താൽപര്യമുള്ള വരെ ഇതെല്ലാം ഏറെ ആകർഷിച്ചു കെണിയിലാക്കുന്നു.

മാധ്യമങ്ങളുടെ ദുഃസ്വാധീനമാണു മറ്റൊന്ന്. കേരളത്തിൽ മിക്ക മാധ്യമങ്ങളും മതനിഷേധത്തിനോ വർഗീയതയ്ക്കോവേണ്ടി നിലകൊ ള്ളുന്നതായിട്ടാണ് കാണുന്നത്. ഇവ നിരന്തരമായി സഭയെയും സഭാ ശുശ്രൂഷകരെയും ആക്ഷേപിക്കുകയോ പരിഹസിക്കുകയോ ചെയ്യുന്നു. ഇത്തരം അപവാദപ്രചരണങ്ങൾ പല വിശ്വാസികളുടെയും മനസ്സിൽ ചാഞ്ചല്യമോ നിസ്സംഗതയോ ഉളവാക്കുന്നുണ്ട്.

ദൈവനിഷേധത്തിൽ വേരൂന്നിയ പാശ്ചാത്യസംസ്കാരത്തിന്റെ വേലിയേറ്റത്തിന് ഈ മാധ്യമങ്ങൾ ഉപകരണങ്ങളാവുകയാണ്. ഇങ്ങനെ ശരിയായ മാധ്യമവിദ്യാഭ്യാസത്തിന്റെ അഭാവവും വിശ്വാസശോഷണം സൃഷ്ടിക്കുന്നു.

സഭയുടെ ഉള്ളിൽത്തന്നെ സഭയുടെ വിശ്വാസപാരമ്പര്യത്തോടും ശ്ലൈഹികമായ പ്രബോധനാധികാരത്തോടും ചേരാതെ നിൽക്കുന്ന വിഘ ടനവാദികൾ ഇനിയും കൂടാനാണു സാദ്ധ്യതയെന്നു പവ്വത്തിൽ പിതാവു നിരീക്ഷിക്കുന്നു.

ദൈവശാസ്ത്രരംഗത്തുള്ള ചിലർ വരുത്തുന്ന പാളിച്ചകൾ വൈദി കാർത്ഥികളെപ്പോലും സ്വാധീനിക്കുന്നുണ്ട്. ശിഥിലമായ ചിന്തകൾ പര ത്തുകയും സഭാധികാരത്തെ പരസ്യമായിപ്പോലും വിമർശിക്കുകയും ചെയ്യുന്ന ഇക്കൂട്ടർ സാധാരണജനങ്ങളുടെ വിശ്വാസത്തിനു കോട്ടം വരു ത്തുന്നു. പെന്തക്കോസ്തു ചിന്തകളുമായി അകത്തു നിൽക്കുന്നവരായി രിക്കും പുറത്തുപോകുന്നവരേക്കാൾ അപകടം സൃഷ്ടിക്കുക.

വിശുദ്ധ ഗ്രന്ഥം ഇഷ്ടംപോലെ വ്യാഖ്യാനിക്കുന്നത് ഇന്നു വ്യാപ കമാകുന്നു. സഭയുടെ പ്രബോധനങ്ങളിൽ ബോധ്യമില്ലാത്ത സ്വകാര്യ സംരംഭകർ ആരുടെയും മേൽനോട്ടംകൂടാതെ ധ്യാനപരിപാടികൾ സംഘ ടിപ്പിച്ച് അനേകരെ ആകർഷിക്കുന്നതും പലരുടെയും ശരിയായ വിശ്വാസം നഷ്ടപ്പെടാനോ ശിഥിലമാക്കാനോ ഇടയാക്കുന്നു.

ഈ വെല്ലുവിളികൾക്കുമുന്നിൽ വിശ്വാസസംരക്ഷണത്തിനും പരി പോഷണത്തിനുമായി എന്താണു ചെയ്യേണ്ടത്? ആ ചോദ്യത്തിനുള്ള മറു പടിക്കായും പവ്വത്തിൽ പിതാവിന് ഒരു നിമിഷം ആലോചിച്ചിരിക്കേണ്ടി വരുന്നില്ല. "സഭ ഒറ്റക്കെട്ടായി പ്രവർത്തിക്കുകയാണ് ആവശ്യം. വ്യാപ കമായ എതിർപ്രവണതകളെയും ബോധപൂർവമായ പ്രചാരണതന്ത്രങ്ങ

ളെയും വൻകിട രാഷ്ട്രീയശക്തികളെയും മാധ്യമങ്ങളെയുമെല്ലാമാണ് നാം നേരിടേണ്ടതെന്ന തിരിച്ചറിവ് നമുക്കുണ്ടായിരിക്കണം. ഇത്തരം ശക്തികളെ കേവലം ഭൗതികമായ ഉപാധികൾകൊണ്ടോ തന്ത്ര ങ്ങൾകൊണ്ടോ അല്ല നേരിടേണ്ടത്. ദൈവത്തിലുള്ള ആശ്രയത്വവും ആത്മീയായുധങ്ങളുമാണ് ഇവിടെ ആവശ്യം. വിശുദ്ധ പൗലോസിന്റെ വാക്കുകൾ അന്നെന്നപോലെ ഇന്നും പ്രസക്തമാണ്: "അതിനാൽ സത്യം കൊണ്ട് അരമുറുക്കി നീതിയുടെ കവചം ധരിക്കുവിൻ. സമാധാനസുവി ശേഷത്തിന്റെ ഒരുക്കമെന്ന ചെരുപ്പ് നിങ്ങളുടെ കാലുകളിൽ ഇടുവിൻ. ഇതോടൊപ്പം ദുഷ്ടന്റെ അഗ്നിബാണങ്ങളെയെല്ലാം കെടുത്തിക്കളയുവാൻ നിങ്ങളെ സമർത്ഥരാക്കുന്ന വിശ്വാസമെന്ന പരിചയും നിങ്ങൾക്കായി എടുത്തുകൊള്ളുക. രക്ഷയുടെ പടത്തൊപ്പി അണിയുവിൻ; ദൈവവച നമാകുന്ന ആത്മാവിന്റെവാൾ കൈയിലേന്തിക്കൊള്ളുവിൻ. സകലയാ ചനകളാലും അപേക്ഷകളാലും നിങ്ങൾ ആത്മാവിൽ സദാപ്രാർത്ഥിക്കു വിൻ" (എഫേ. 6: 14-18)"

ഈ ആത്മിയശക്തിയിലാണു പിതാവിന്റെ ഊന്നൽ. അതേസമയം, വിശ്വാസപരിശീലനത്തിനുള്ള നൂതന സങ്കേതങ്ങളുടെ ആവശ്യകതെ യെക്കുറിച്ച് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു: "വിശ്വാസപരിശീലനത്തിന് കൂടുതൽ കാര്യക്ഷമതയുള്ള പുതിയ പ്രബോധനരീതികളും സംവിധാ നങ്ങളും വേണ്ടിവരും. ആധുനിക ദൃശ്യ-ശ്രവ്യമാധ്യമങ്ങളുടെ വിവേക പൂർവമായ ഉപയോഗം ഈ രംഗത്ത് അടിയന്തരാവശ്യമാണ്. സ്വയം പരി ശ്രമിച്ചു വിശ്വാസകാര്യങ്ങളിൽ കൂടുതൽ അറിവും ബോധ്യവും നേടാ നുള്ള ആഗ്രഹം എല്ലാവരിലും ഉണ്ടാക്കുകയാണു പ്രധാനം."

### *ആരാധനയുടെ ലക്ഷ്യം ആരാധനതന്നെ*

ദൈവം വെളിപ്പെടുത്തിയകാര്യങ്ങൾ പിതാക്കന്മാർ ഗ്രഹിച്ച രീതി യിൽ നമുക്കു മുമ്പിൽ അവതരിക്കപ്പെടുകയും നാം സഭയെന്ന നില യിൽ അതിനു മറുപടികൊടുക്കുകയും ചെയ്യുന്നതാണ് പരിശുദ്ധ കുർബാനയും കൂദാശകളും യാമപ്രാർത്ഥനയും. സഭയുടെ ഈ ആരാ ധനയ്ക്ക് മാനുഷികമായ മറ്റ് എന്തെങ്കിലും ലക്ഷ്യങ്ങൾ ഉണ്ടാവാൻ പാടില്ല എന്ന് മാർപാപ്പ പറയുന്ന വിധത്തിൽത്തന്നെ പവ്വത്തിൽപിതാവും പഠിപ്പിക്കുന്നു. ആരാധനയുടെയും പ്രാർത്ഥനയുടെയും ഉദ്ദേശ്യത്തിന്റെ കാര്യത്തിൽ ചില വിമോചനദൈവശാസ്ത്ര നിലപാടുകാരോടും പല കരി സ്മാറ്റിക് നവീകരണവാദികളോടും, ദൈവാരാധനയുടെ യഥാർത്ഥ ഉദ്ദേ ശ്യത്തെപ്രതി അദ്ദേഹത്തിനു വിയോജിക്കാതെവയ്യ.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ, പ്രത്യേക സൈദ്ധാന്തിക നിലപാടുകളിലേക്കു ജനങ്ങളെ നയിക്കാൻ പര്യാപ്തമായ രീതിയിൽ ലിറ്റർജി രൂപപ്പെടണമെന്ന വാദഗതി ചിലർ ഉന്നയിക്കുകയുണ്ടായി. ലിറ്റർജിയെ ഒരു പ്രചാരണ ഉപാധിയാക്കുകയായിരുന്നു അവരുടെ ഉദ്ദേശ്യം. ചില വിമോചന ദൈവശാസ്ത്രജ്ഞന്മാർ ഇങ്ങനെ ചിന്തിച്ചവരായിരുന്നു. എന്നാൽ പരമമായ ആരാധന ദൈവത്തിന് അർഹമായ കൃതജ്ഞതയും സ്തുതിയും നൽകുവാനും ദൈവവുമായുള്ള കൂട്ടായ്മയിലേക്കു നമ്മെ നയിക്കാനും മാത്രമുള്ളതാണെന്ന് പിതാവ് ഓർമ്മിപ്പിക്കുന്നു. ഈ ദൈവാനുഭവത്തിൽനിന്നാണ് നാം ദൈവത്തിന്റെ അതിരുകളില്ലാത്ത സ്നേഹത്തിൽ പങ്കാളികളാകുന്നത്. ഇതാണ് നമ്മുടെ പ്രേഷിതപ്രവർത്തനത്തിനും അടിസ്ഥാനം. പ്രേഷിതചൈതന്യത്തിന്റെ ഉറവിടമാണ് സഭയുടെ ആരാധന- പ്രത്യേകിച്ച് പരിശുദ്ധ കുർബാന.

ലിറ്റർജിയെ അടിസ്ഥാനമാക്കി ബോധനം നൽകേണ്ടതിന്റെ ആവശ്യകതയിലേക്ക് സിറോ-മലബാർ സഭയെ മാത്രമല്ല ഇന്ത്യയിലെ കത്തോലിക്കാസഭയെ ആകെയും ഉണർത്തിയത് പവ്വത്തിൽപിതാവാണ്. എന്നാൽ ലിറ്റർജി നേരിട്ടുള്ള ബോധനോപാധിയല്ല എന്ന കാര്യവും അദ്ദേഹം അടിവരയിട്ടു പറയും. “ലിറ്റർജിയിൽ ദൈവത്തിനു പ്രീതികരമായ സ്തുതിയും ബഹുമാനവും കൃതജ്ഞതയും സമർപ്പിക്കുകയും നമ്മുടെ ആത്മസമർപ്പണം സാധിക്കുകയും ആണു ലക്ഷ്യം. അങ്ങനെ പ്രകാശിതമാകുന്ന വിശ്വാസവും സ്നേഹവും ദൈവോന്മുഖതയും മറ്റുള്ളവരിലും സ്വാധീനമുളവാക്കുമെന്നതു ശരിയാണ്. അപ്പോൾപ്പോലും, മറ്റുള്ളവരെ സ്വാധീനിക്കുക എന്ന ലക്ഷ്യം വച്ചല്ല നാമതുചെയ്യുന്നത്.”

ഇത് വ്യക്തമാക്കാൻ പവ്വത്തിൽപിതാവ് ആവർത്തിച്ച് ഉപയോഗിക്കാറുള്ളതാണ് റഷ്യൻസഭയുടെ ആരംഭത്തെക്കുറിച്ചുള്ള കഥ. കീവിലെ രാജാവ് തനിക്കും തന്റെ ജനതയ്ക്കും ഏറ്റം പര്യാപ്തമായ മതവിശ്വാസം ഏതാണെന്നു കണ്ടെത്താനാഗ്രഹിച്ചുവത്രെ. പലരും അദ്ദേഹത്തെ സമീപിച്ച് തങ്ങളുടെ മതവിശ്വാസത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചു പറഞ്ഞു. ബൾഗേറിയായിൽനിന്ന് മുസ്ലിംകളും യഹൂദരും ജർമ്മനിയിൽനിന്ന് മാർപാപ്പായുടെ പ്രതിനിധികളുമെല്ലാം തങ്ങളുടെ വിശ്വാസമാണ് ഉത്തമമെന്നു തെളിയിക്കാനുള്ള വാദമുഖങ്ങൾ നിരത്തിവച്ചു. പക്ഷേ, രാജാവിന് അതൊന്നും തൃപ്തികരമായി തോന്നിയില്ല. വിവിധരാജ്യങ്ങളിലെ തന്റെ പ്രതിനിധികളോട് അദ്ദേഹം അന്വേഷിച്ചു. അപ്പോഴാണ് കോൺസ്റ്റാന്റിനോപ്പിളിൽനിന്നുള്ള അദ്ദേഹത്തിന്റെ ആളുകൾ തങ്ങൾക്ക് വിശുദ്ധ

സോഫിയായുടെ ദൈവാലത്തിലെ ആഘോഷമായ കുർബാനയിൽ പങ്കെടുത്തപ്പോൾ ഉണ്ടായ അനുഭവത്തെപ്പറ്റി രാജാവിനെ ഉണർത്തിച്ചത്. അവിടെ തങ്ങൾക്ക് സ്വർഗ്ഗീയാനുഭൂതി ഉണ്ടായെന്നും തങ്ങൾ സ്വർഗ്ഗത്തിലാണോ ഭൂമിയിലാണോ എന്നു സംശയിച്ചെന്നും ആയിരുന്നു അവരുടെ വിവരണം. ഇതിൽ പ്രീതനായ രാജാവ് ഗ്രീക്കുകാരുടെ വിശ്വാസം സ്വീകരിച്ചെന്നാണ് കഥ.

ഇതു ചരിത്രസംഭവമാകണമെന്നില്ല. എന്നാൽ മനോഹരമായ ദൈവാരാധന എങ്ങനെ ആളുകളെ സ്വാധീനിക്കുമെന്നു കാണിക്കാൻ ഈ കഥ സഹായകമാണ്. ഗ്രീക്കുകാരെ സംബന്ധിച്ചിത്തോളം അവർ റഷ്യക്കാരെ സ്വാധിനിക്കാനല്ല ലിറ്റർജി പരികർമ്മം ചെയ്തത്. അവർ തങ്ങളുടേതായ രീതിയിൽ ദൈവത്തെ സ്തുതിക്കുകയും തങ്ങളുടെ വിശ്വാസം പ്രകാശിപ്പിക്കുകയും മാത്രമായിരുന്നു ചെയ്തത്. ആബേലിന്റേതുപോലെ തങ്ങളുടെ ബലിയും ദൈവത്തിനു പ്രീതികരമായിരിക്കണമെന്നു മാത്രമായിരുന്നൂ അവരുട ചിന്ത. ദൈവത്തിൽ ആകൃഷ്ടരായ അവരുടെ വിശ്വാസത്തിന്റെ സ്വാഭാവികവും നിസ്വാർത്ഥവുമായ ആഘോഷത്തിൽ ദൈവാനുഗ്രഹം ചൂഴ്ന്നിറങ്ങുന്നുവെന്ന ധാരണ റഷ്യക്കാർക്കുണ്ടായി. എല്ലാ വിധത്തിലും ദൈവത്തിൽ കേന്ദ്രീകൃതമായുള്ള ഗ്രീക്കുകാരുടെ നിലപാടാണ് റഷ്യക്കാരെ മാനസാന്തരപ്പെടുത്തിയത്; അല്ലാതെ ലിറ്റർജിയിലൂടെയുള്ള ഏതെങ്കിലും പ്രചരണതന്ത്രമായിരുന്നില്ലെന്ന് പവ്വത്തിൽപിതാവ് ഓർമ്മിപ്പിക്കുന്നു.

### *ഉറങ്ങുന്നവരെ ഉണർത്താൻ*

നമുക്കുനമ്മുടെ ഇഷ്ടമനുസരിച്ചു നിർമിക്കാനാവാത്ത ലിറ്റർജി വിശുദ്ധഗ്രന്ഥവും വിശ്വാസ പ്രമാണവുമൊത്ത് ആദ്യ നൂറ്റാണ്ടുകളിൽത്തന്നെ രൂപംകൊണ്ടതാണെന്ന വസ്തുത നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കുന്നതിൽ പവ്വത്തിൽ പിതാവിനു മടുപ്പു തോന്നുന്നില്ല. ലിറ്റർജിയെന്നാൽ സഭയുടെ ദൈവാരാധന. വെറും വ്യക്തികളുടെ ആരാധനയല്ലാത്തതുകൊണ്ട് അതിനു നിശ്ചിത ക്രമമുണ്ട്. വ്യക്തികൾക്കു മാറ്റിമറിക്കാനാവാത്തവിധം നിയതമായ പ്രാർത്ഥനകളുടെയും അടയാളങ്ങളും പ്രതീകങ്ങളും ഉപയോഗിച്ചുള്ള കർമാനുഷ്ഠാനങ്ങളുടെയും ക്രമമാണ് ലിറ്റർജി അഥവ ദൈവാരാധനക്രമം.

വിവിധ സംസ്ക്കാരങ്ങളിൽ വിവിധ ശ്ലീഹന്മാരുടെ ഉത്ഥാ

നാനുഭവത്തിന്മേൽ ഉറപ്പിക്കപ്പെട്ട സഭാ സമൂഹങ്ങളുടെ ദൈവാരാധന വിവിധ രൂപത്തിലായിരുന്നു. ആദ്യത്തെ മൂന്നുനാലു നൂറ്റാണ്ടുകളിലൂടെ അവ ഏകദേശവളർച്ച പ്രാപിച്ച ആരാധനക്രമങ്ങളായി ത്തീർന്നു. ഏതാണ്ട് ഇതേ കാലത്ത് ക്രൈസ്തവ വിശ്വാസപ്രമാണങ്ങളുടെ ക്രമം ഇന്നു കാണുന്ന രൂപത്തിലെത്തി. ഇതേസമയം തന്നെ, ബൈബിളിലെ പുസ്തകങ്ങളുടെ ക്രമവും സ്ഥിരപ്രതിഷ്ഠിതമായി.

വിശുദ്ധ ഗ്രന്ഥവും വിശ്വാസപ്രമാണവും ദൈവാരാധനയും ഒരുമിച്ചു ക്രമീകൃതമായി നില്ക്കുന്ന കാഴ്ചയാണ് നാലാം നൂറ്റാണ്ടിലേത്. അതിനുമുമ്പ് വിശുദ്ധ ഗ്രന്ഥത്തിൽ ഉൾപ്പെടേണ്ട പുസ്തകങ്ങളെക്കുറിച്ച് പല ആലോചന നടന്നു; വിശ്വാസപ്രമാണങ്ങളാകേണ്ടവയെക്കുറിച്ചും അതിനുപയോഗിക്കേണ്ട വാക്കുകളെക്കുറിച്ചും വാദപ്രതിവാദങ്ങൾ നടന്നു; ദൈവാരാധനയാവട്ടെ നിയതമായ ഒരു രൂപത്തിലെത്തിച്ചേരാൻ തക്കവിധം വിവിധ സഭാസമൂഹങ്ങളിൽ വിവിധ രീതികളിൽ രൂപപ്പെട്ടുവരികയുമായിരുന്നു. ലിറ്റർജിയും വിശ്വാസപ്രമാണവും തമ്മിൽ ഉദ്ഭവത്തിൽത്തന്നെയുള്ള ഈ ജൈവബന്ധം മനസ്സിലാക്കിയാൽ ലിറ്റർജിക്കു പവ്വത്തിൽ പിതാവ്-സഭ തന്നെ-നല്കുന്ന പരമപ്രധാന്യം നമുക്കു ബോധ്യമാകും.

ലിറ്റർജിയുടെ, പ്രത്യേകിച്ച് കുർബാനക്രമത്തിന്റെ സവിശേഷതകൾ പാലിക്കാതെ ഒരു സഭയുടെയും വ്യക്തിത്വത്തെക്കുറിച്ചും തനിമയെക്കുറിച്ചും പറയാൻ സാധിക്കില്ല. സാർവത്രികസഭയുടെ അസ്തിത്വമാകട്ടെ വ്യക്തിത്വമുള്ള സഭകളിൽ അഥവാ വ്യക്തിഗത സഭകളിലാണുതാനും. ഇവിടെ ലിറ്റർജിയുടെ പ്രാധാന്യത്തിൽനിന്ന്, ലിറ്റർജിയും സഭകളുടെ തനിമയും തമ്മിലുള്ള ബന്ധത്തിന്റെ പ്രാധാന്യത്തിലേക്ക് നമ്മൾ എത്തുന്നു. സീറോമലബാർ സഭയുടെ തനിമ വീണ്ടെടുക്കപ്പെട്ടുകാണാനുള്ള ആഗ്രഹം, ശ്ലീഹായുടെ ശിഷ്യന്മാരുടെ കാലം മുതലുള്ള ഈ സഭയുടെ ലിറ്റർജി വീണ്ടെടുക്കാനുള്ള പ്രവർത്തനങ്ങളിലേക്കു പവ്വത്തിൽ പിതാവിനെ നയിച്ചതിന്റെ വഴിയാണിത്. വ്യക്തിത്വമുള്ള സഭകളിലാണു സാർവത്രികസഭയുടെ അസ്തിത്വം എന്ന തിരിച്ചറിവ്, ഭാരതത്തിലെ സഭയ്ക്ക് മൂന്നു വ്യക്തിഗതസഭകളുടെ കൂട്ടായ്മയുടേതായ ഘടന നേടിയെടുക്കുക

എന്ന ലക്ഷ്യത്തിനായി പ്രവർത്തിക്കാനും അദ്ദേഹത്തെ പ്രേരിപ്പിച്ചു. രണ്ടിലും വത്തിക്കാൻ സുനഹദോസിന്റെ ആഹ്വാനങ്ങളെ പ്രയോഗവത്കരിക്കുകയായിരുന്നു അദ്ദേഹം.

ഇക്കാര്യങ്ങളിൽ 'തീവ്രവാദി' എന്നു പലരും വിളിച്ചതിനെക്കുറിച്ചു ചോദിച്ചാൽ പുഞ്ചിരി തൂകി പിതാവു പറയും : "അവർക്കു പരിചിതമല്ലാതിരുന്ന ആശയങ്ങളാണു ഞാൻ പറഞ്ഞത് എന്നേയുള്ളൂ."

## *വേണ്ട വിധത്തിൽ അനുരൂപണം*

സീറോ - മലബാർ കുർബ്ബാനക്രമത്തിൽ ഭാരതീയമായ അനുരൂപണമൊന്നും പാടില്ല എന്ന നിലപാട് പിതാവിനില്ല. "പ്രശ്നം അനുരൂപണത്തിന്റേതല്ല. സഭയുടെ പരമ്പരാഗത രീതികൾ തിട്ടപ്പെടുത്തിയിട്ട് അതു ഭാരതവത്കരിക്കുകയാണെങ്കിൽ പ്രശ്നമില്ല. എഴുപതുകളുടെ ഒടുവിൽ അങ്ങനെയൊരു കുർബാന ടെക്സ്റ്റാണ് ഇവിടെനിന്ന് റോമിലേക്ക് അയച്ചിരുന്നതെങ്കിൽ ഭിന്നാഭിപ്രായങ്ങളൊന്നും ഉണ്ടാകുമായിരുന്നില്ല" - പിതാവു നിരീക്ഷിക്കുന്നു.

1962-ൽ പൗരസ്ത്യ സുറിയാനി കുർബാനക്രമം വീണ്ടെടുത്തെങ്കിലും, അതിലെ പ്രാർത്ഥനകളുടെയും അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും വിശദീകരണങ്ങളെല്ലാം ലത്തീൻ ക്രമത്തിലേതുപോലെ നിന്നു. ഇപ്പോഴും, പുനരുദ്ധരിക്കപ്പെട്ട കുർബാനയെക്കുറിച്ചു ശരിയായ ബോധനം നടത്തുന്നില്ലെങ്കിൽ കുർബാന ജനങ്ങൾക്ക് ഏറ്റവും വലിയ അനുഭവമായിത്തീരില്ല എന്നതിനെക്കുറിച്ച് മറ്റാരെക്കാളും ബോധവാനാണു പവ്വത്തിൽ പിതാവ്. "അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമേ എന്നു വിളിച്ചു പ്രാർത്ഥിക്കുമ്പോൾ ദൈവം അബ്രഹാമിനോടും ഇസഹാക്കിനോടും യാക്കോബിനോടും എന്തു ചെയ്തു എന്നു ബോധ്യമില്ലെങ്കിൽ, ആ പ്രാർത്ഥന എങ്ങനെയാണ് അനുഭവമാകുക?" പിതാവു ചോദിക്കുന്നു.

## *ആഗോളവത്കരണവും വിമോചനവും*

ആഗോളവത്ക്കരണത്തിന്റെ ശരിതെറ്റുകളെക്കുറിച്ച് ലോകത്തിനു ലഭിക്കാവുന്ന ഏറ്റവും മികച്ച വിലയിരുത്തലാണ് ജോൺ പോൾ രണ്ടാമൻ പാപ്പയിലൂടെ സഭ നല്കിയതെന്ന് പവ്വത്തിൽ

പിതാവു പറഞ്ഞു. എല്ലാവരും ലോകപൗരന്മാരാകുന്നതു നല്ലതാണ്. എന്നാൽ ആഗോളവത്ക്കരണത്തോടു ചേർന്നുണ്ടാകുന്ന സാംസ്കാരിക വേലിയേറ്റങ്ങളിൽ സംഭവിക്കുന്ന ധാർമികാപചയങ്ങളെക്കുറിച്ച് അദ്ദേഹം ഉത്കണ്ഠാകുലനാണ്. വ്യക്തികൾ തമ്മിലുള്ള അന്തരം കൂടുന്നതാണ് വിനാശകരമായ ഒരു പ്രവണത. കുടുംബഭദ്രതയ്ക്കു നേരെ ഭീഷണിയുയരുന്നു. അമിതമായ ഫാഷൻഭ്രമത്തിലൂടെ അധാർമിക സമീപനങ്ങൾ വളരുന്നു. ആഗോളവത്കരണയുഗത്തിലെ ഈ സാംസ്കാരിക വേലിയേറ്റങ്ങൾക്കെതിരെ സാംസ്കാരിക നേതാക്കളും മതാചാര്യന്മാരും സഭാധ്യക്ഷന്മാരും കൈകോർത്ത് ഒരു പ്രതിരോധനിരയ്ക്കു നേതൃത്വം നല്കണമെന്ന് പവ്വത്തിൽ പിതാവു നിർദേശിക്കുന്നു. ആഗോളവത്കരണത്തിന്റെ ദോഷഫലങ്ങളുടെ പേരിൽ ഏതെങ്കിലും ഒരു രാജ്യത്തെ മാത്രം കുറ്റപ്പെടുത്തുകയും അവർക്കെതിരെ ജനവികാരം ആളിക്കത്തിക്കുകയും ചെയ്യുന്നതിനെ അദ്ദേഹം അപലപിക്കുന്നു.

വിമോചന ദൈവശാസ്ത്രജ്ഞർ ഭൗതിക വിമോചനത്തിന്റെ കാര്യം പറയുന്നിടത്ത് പവ്വത്തിൽ പിതാവിന് അവരോടു വിയോജിപ്പില്ല. "എന്നാൽ മനുഷ്യന്റെ ആത്യന്തിക വിമോചനം ഭൗതികം മാത്രമാണെന്നു പറയുന്നതു ശരിയല്ല. 'ദൈവരാജ്യം ഭൂമിയിൽ' എന്ന് അവർ പറയുന്നുണ്ട്. ഭൂമിയിലെ കാര്യം കൊണ്ടു തീരുന്നതല്ല ദൈവരാജ്യം. സഭയോടു ചേർന്നല്ലാതെ വിശുദ്ധഗ്രന്ഥ വ്യാഖ്യാനം നടത്തുന്നതാണ് മറ്റൊരു ന്യൂനത. ഏകപക്ഷീയമായി, ഏതാനും ചില ഭാഗങ്ങളെമാത്രം അടിസ്ഥാനമാക്കി വചനവ്യാഖ്യാനം നടത്തുന്നതു സഭാത്മകമല്ല."

## *കരിസ്മാറ്റിക് ശരിയും തെറ്റും*

വിശുദ്ധഗ്രന്ഥ വ്യാഖ്യാനത്തിൽ വരുന്ന പിഴവുകളാണ് കരിസ്മാറ്റിക് നവീകരണത്തിലെയും പ്രധാന ന്യൂനതയായി പിതാവു കാണുന്നത്. " മാനസാന്തരത്തിന് ഊന്നൽ നല്കേണ്ടതുതന്നെ. എന്നാൽ അത് ഉപരിപ്ലവമാകരുത്. സഭയോടു ചേർന്നാണു മാനസാന്തരം നടക്കുക. We trun to the Lord. നമ്മുടെ മനസ്സ് കർത്താവിലേക്കു തിരിയുമ്പോൾ അത് കർത്താവിന്റെ സഭയിലേക്കും തിരിയണമല്ലോ. കർത്താവിന്റെ സഭയുമായി ഗാഢബന്ധത്തിലാവുക എന്നതിലേക്കാണ് യഥാർത്ഥ മാനസാന്തരം ചെന്നെത്തുക. കൂട്ടാ

യ്മയിൽ എത്തിച്ചേരുക എന്നതാണത്. പെന്തെക്കോസ്തു വിഭാഗ ങ്ങൾ യേശുവിലേക്കു തിരിയുന്നതിനെക്കുറിച്ച് പറയുന്നുണ്ടെങ്കിലും ശ്ലൈഹിക പിന്തുടർച്ചയുള്ള സഭയെ മറന്നുകളയുകയാണല്ലോ."

കരിസ്മാറ്റിക് നവീകരണത്തിന്റെ കുറവുകളെക്കുറിച്ചുള്ള പിതാവിന്റെ നിരീക്ഷണങ്ങൾ ഒന്നാം അധ്യായത്തിലെ ആദ്യചി ത്രത്തിലേക്കു നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. ദൈവം നമുക്കു വെളി പ്പെടുത്തിയ കാര്യങ്ങൾ ധ്യാനകേന്ദ്രങ്ങളിലെ വചനപ്രഘോഷണ വേദികളിൽ പ്രസംഗിക്കപ്പെടുകയും അക്കാര്യങ്ങളിൽ ശ്രോതാ ക്കൾക്കു വിശ്വാസം തോന്നിത്തുടങ്ങുകയും ചെയ്യുന്നു. പക്ഷേ, 'നവീകരണം' പലപ്പോഴും അവിടെതന്നെ നിന്നുപോകുന്നു. വെളി പ്പെട്ടതിനു മറുപടിയായ വിശ്വാസാഘോഷത്തിലേക്ക്-ലിറ്റർജിയി ലേക്ക്-അതിനു ചെന്നെത്താൻ കഴിയുന്നില്ല. സഭയുടെ ദൈവാരാ ധനയിൽ വേണ്ടവിധം പങ്കു പറ്റാത്തതിനാൽ ആ ആരാധനയുടെ ചൈതന്യത്തിനനുസരിച്ചവിധം വ്യക്തികളുടെ സാമൂഹിക ജീവിതം പരിവർത്തിക്കപ്പെടാതിരിക്കുകയും ചെയ്യുന്നു. ഇവിടെ, സഭയുടെ ആരാധനയിലേക്കും സഭയുടെ സാമൂഹിക പ്രബോധനത്തിലേക്കും നയിക്കുന്ന ഒരു നവീകരണം - ഒരു നവോത്ഥാനം - ആണ് ഇനി ഉണ്ടാകാനുള്ളത്.

ലിറ്റർജിക്കൽ അല്ലാത്ത മധ്യസ്ഥപ്രാർത്ഥനകൾക്കും സ്വയംപ്രേരിത പ്രാർത്ഥനകൾക്കും കൊന്തയ്ക്കും പവ്വത്തിൽ പിതാവ് എതിരാണെന്ന പ്രചാരണം ഒരു കാലത്ത് നവീകരണപ്ര സ്ഥാനങ്ങളുടെ പ്രവർത്തകർക്കിടയിൽ വ്യാപകമായിരുന്നു. "ഇതി നൊന്നും എതിരല്ല എന്ന് എത്ര വട്ടം പറഞ്ഞാലും ചിലരതു കേൾക്കില്ല. സഭയുടെ പ്രാർത്ഥനയ്ക്കു പുറമെ, തീർച്ചയായും വ്യക്തിപരമായ പ്രാർത്ഥന വേണം. എപ്പോഴും നമ്മൾ പ്രാർത്ഥി ക്കേണ്ടവരല്ലേ. ജപങ്ങൾ നമ്മൾ ചൊല്ലാതിരിക്കുമോ? പക്ഷേ, ഈ സ്വകാര്യപ്രാർത്ഥനയും ഗ്രൂപ്പുചേർന്നുള്ള പ്രാർത്ഥനയും ഭക്തകൃ ത്യങ്ങളുമൊന്നും സഭയുടെ ആരാധനയ്ക്കു പകരമാവില്ല എന്നു നാം ഓർക്കണം. ലിറ്റർജിയുടെ മാധുര്യം ആസ്വദിക്കാൻ കഴി യാത്തവിധം മറ്റു പ്രാർത്ഥനകൾക്കു പ്രാധാന്യം കൊടുക്കുന്നതിലെ അപകടം വത്തിക്കാൻ കൗൺസിൽ ചൂണ്ടിക്കാണിച്ചതാണ്. ഞാൻ അതുതന്നെ പറഞ്ഞു."

*കാലാനുസൃത ജപമാല*

